

# വികസന റിപ്പോർട്ട്-96


ആലക്കോട്
പഞ്ചായത്ത്
7
കരികയം
8
എരുവാട്ടി
11
തടിക്കടവ്
എരമം കുറ്റൂർ
പഞ്ചായത്ത്
9
തലവിൽ
6
ബാലപുരം
3
എടക്കോം
കടന്നപ്പള്ളി-
പാണപ്പുഴ പഞ്ചായത്ത്
10
ഒടുവള്ളി
നടുവിൽ
പഞ്ചായത്ത്
ചപ്പാരപ്പടവ്
4
2
കൊട്ടക്കാനം
5 പടപ്പേങ്ങാട്
1
കൂവേരി
ചെങ്ങളായി
പഞ്ചായത്ത്
പരിയാരം
പഞ്ചായത്ത്
കുറുമാത്തൂർ
പഞ്ചായത്ത്



"കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകളാൽ നിർവ്വഹിക്കപ്പെടാവുന്നതല്ല
ശരിയായ ജനായത്തം. അത് ഓരോ ഗ്രാമത്തിലെയും
ജനങ്ങളാൽ താഴെനിന്ന് നിർവഹിക്കപ്പെടണം"

(യംഗ് ഇന്ത്യ 18.1.'48)

# ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

## വികസനറിപ്പോർട്ട് '96

*നവമ്പർ-24*

**ഒൻപതാം പദ്ധതി ജനകീയ പദ്ധതി**

**ജനകീയാസൂത്രണം**

ജില്ലാപഞ്ചായത്ത് അംഗം : ശ്രീ.പി.ടി.മാത്യു

ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ :

ശ്രീ: എം.ഹുസ്സൈൻ
– ചപ്പാരപ്പടവ് ഡിവിഷൻ

ശ്രീ: പി.പി.രാഘവൻ
– ചെങ്ങളായി പഞ്ചായത്ത് ഡിവിഷൻ

ജില്ലാ റിസോഴ്സ് പേഴ്സൻസ്

1. ശ്രീ. വി.എ.ജോസഫ് (കൺവീനർ)
1. ,, വി.വി.ജോസഫ്
3. ,, പി.ലക്ഷ്മണൻ
4. ,, കെ.കുഞ്ഞിക്കോരൻ
5. ,, മാത്യുസ്കറിയ
6. ,, പി.വി.രാമചന്ദ്രൻ
7. ,, മാത്യുചാണക്കാട്ടിൽ
8. ,, ജോർജ് ഞളിമാക്കൽ
9. ,, എം.സി.ഹംസ
10. ,, പി.വി.സജീവൻ
11. കുമാരി ഡെയ്സി ആഗസ്റ്റിൻ

എഡിറ്റോറിയൽ ബോർഡ്

1. ശ്രീ. പി.പി. ബാലൻ
2. ,, ഓ.പി. ഇബ്രാഹിംകുട്ടി
3. ,, വി.എ. ജോസഫ്
4. ,, വി.വി. ജോസഫ്
5. ,, എം.സി. ഹംസ
6. ,, പി. ലക്ഷ്മണൻ


കവർ ഡിസൈൻ
ആതിര നടുവിൽ

ലേഔട്ട്
ടൈം ഡി.ടി.പി. സെൻറർ, തളിപ്പറമ്പ്

പ്രിൻറിംഗ്
ടൈം ഓഫ്സെറ്റ് പ്രിൻറേഴ്സ്,
തളിപ്പറമ്പ്. ഫോൺ : 202225

# ഉള്ളടക്കം


ആമുഖം

II പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

III ചരിത്രം

IV ഭൂപ്രകൃതിയും ജനജീവിതവും

V സാമൂഹ്യ സാമ്പത്തിക മേഖലകൾ

- 1 കൃഷിയും ജലസേചനവും, മണ്ണ്സംരക്ഷണവും
- 2 മൃഗസംരക്ഷണം, മത്സ്യബന്ധനം
- 3 വ്യവസായം
- 4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- 5 സഹകരണം
- 6 വിദ്യാഭ്യാസം
- 7 പൊതുജനാരോഗ്യം, കുടിവെള്ളം,പരിസരശുചിത്വം
- 8 ഭവനനിർമ്മാണവും, സാമൂഹ്യക്ഷേമവും
- 9 വനിത
- 10 സംസ്കാരം
- 11 പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം
- 12 വിഭവസമാഹരണം

# ഭരണസമിതി അംഗങ്ങൾ



പി.പി.ബാലൻ
പ്രസിഡണ്ട്

കെ.പി.ഇബ്രാഹിംകുട്ടി
വൈസ്പ്രസിഡണ്ട്





ഇരിക്കുന്നവർ ഇടത്തുനിന്ന് 1. എം.ലക്ഷ്മി 3 എം.സി.ഹംസ. 2. പി.പി.ബാലൻ
4. കെ.പി. ഇബ്രാഹിം കുട്ടി, 5. ടി.സി. സെബാസ്റ്റ്യൻ
നിൽക്കുന്നവർ: ഇടത്തുനിന്ന് 6. ശ്രീമതി എൻ. ശ്രീദേവി 7. ശ്രീമതി മറിയാമ്മ
ജോസഫ് 8. ശ്രീമതി സുജാതാപ്രഭാകരൻ 9. ശ്രീ മൈക്കിൾ പാട്ടത്തിൽ
10. ശ്രീ ജെയിംസ് മങ്കര 11. ശ്രീ. എൻ. ചന്ദ്രൻ.

പഞ്ചായത്ത് ജീവനക്കാർ



# ആമുഖം.......

കേന്ദ്രീകൃത ആസൂത്രണത്തിന്റെ പോരായ്മയിൽനിന്നാണല്ലോ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ആവശ്യകത ഉടലെടുക്കുന്നത്. അതുകൊണ്ട്തന്നെ ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത വികസനമാണ് 73-ാം ഭരണഘടനാ ലക്ഷ്യമിട്ടിരിക്കുന്നത്. ഇവിടെ വികസനമെന്നാൽ മുകൾത്തട്ടിൽനിന്ന് ആവിഷ്കരിച്ച് നടപ്പാക്കേണ്ട പ്രക്രിയ ആണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിക്കപ്പെടുന്നു. ഓരോ പ്രദേശങ്ങളുടേയും പ്രശ്നങ്ങളും ആവശ്യങ്ങളും വിഭവങ്ങളും വികസന സാധ്യതകളും കണക്കിലെടുത്ത് ജനപങ്കാളിത്തത്തോടെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക വഴി സാമ്പത്തിക വളർച്ചയും സാമൂഹ്യനീതിയും കൈവരിക്കാൻ കഴിയും.

1997 ഏപ്രീൽ മാസത്തിൽ നമ്മുടെ രാജ്യം ഒമ്പതാമത് പദ്ധതിയിലേക്ക് പ്രവേശിക്കുകയാണ്. എട്ട് പദ്ധതിക്കാലത്ത് ഉണ്ടായ നേട്ടങ്ങൾ പരിരക്ഷിക്കുകയും കോട്ടങ്ങൾ തീർക്കുകയും രാജ്യത്തെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുന്ന കാലഘട്ടമാണ് ഈ പദ്ധതിയുടെ കാലയളവ്. കേരളത്തിന്റെ ,ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ആവിഷ്കരിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തത്. വികസനപദ്ധതികൾ കേന്ദ്രസംസ്ഥാനതലങ്ങളിൽ ആസൂത്രണം ചെയ്തുനടപ്പാക്കുന്ന പതിവിൽ നിന്ന് വ്യത്യസ്തമായി പ്രാദേശിക തലത്തിൽ ആസൂത്രണവും നടത്തിപ്പും ജനങ്ങളുടെ കൈകളിൽ എത്തിയിരിക്കുകയാണ്. ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ തുകയുടെ 35%-40%സംഖ്യ പഞ്ചായത്തുകൾക്ക് നേരിട്ട് ലഭിക്കുന്നു. മനുഷ്യവിഭവമടക്കം വൻതോതിൽ വിഭവസമാഹരണം നടത്തി പ്രാദേശിക തലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

പ്രാദേശിക സ്വയം ഭരണത്തിനും വികസനത്തിനും ആവശ്യമായ പദ്ധതികൾ നിർദ്ദേശിച്ചും പുതിയ സാധ്യതകൾ കണ്ടെത്തിയും ജനാഭിലാഷം സഫലീകരിക്കാൻ സെപ്തംബർ 15 മുതൽ ഓക്ടോബർ 2 വരെ ചേർന്ന ഗ്രാമസഭകൾ വേദിയൊരുക്കി. വികസനപ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ ഇത്രയധികം ജനങ്ങൾ ഒത്തുകൂടിയ സന്ദർഭം ഇതിന് മുമ്പ് ഉണ്ടായിട്ടില്ല. സ്വന്തം ഗ്രാമത്തിന്റെ വിഭവങ്ങളും പരിമിതികളും ആവശ്യങ്ങളും ഒന്നിച്ചിരുന്ന് ചർച്ച ചെയ്തു പ്രശ്നങ്ങളെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതിന് ഗ്രാമസഭകൾ സഹായകമായി. ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും ദ്വിതീയ വിവരശേഖരണത്തിലൂടെലഭിച്ച സ്ഥിതി വിവരങ്ങളും വാമൊഴിയിലൂടെ അറിയാൻ കഴിഞ്ഞ വസ്തുക്കളും ഉൾകൊള്ളിച്ചുകൊണ്ടാണ് ചപ്പാരപ്പടവ് പഞ്ചായത്തിന്റെ വികസന രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

ജനപ്രതിനിധികളും ജില്ലാ വിദഗ്ദ പരിശീലകരും തദ്ദേശതലത്തിൽ വിവിധതലങ്ങളിൾ പ്രാഗത്ഭ്യമുള്ള വ്യക്തികളും ഉദ്യോഗസ്ഥരും കൂട്ടായി നടത്തിയ ശ്രമകരമായ പ്രവർത്തനത്തിന്റെ പരിണിതഫലമാണ് ഈ റിപ്പോർട്ട്. മുൻകൂട്ടി തയ്യാറാക്കിയ പഞ്ചായത്ത് റിസോഴ്സ് മാപ്പ് ഇതിന് ഏറെ സഹായകമായിട്ടുണ്ട്. വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന ഈ റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കും പ്രായോഗിക നിർദ്ദേശങ്ങൾക്കും വഴിയൊരുങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ഉതകുമാറ് രൂപം നല്കിയ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ച ഓരോ വ്യക്തിയോടും നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ

ചപ്പാരപ്പടവ്
24-11-1996

പി.പി.ബാലൻ
പ്രസിഡണ്ട്
ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത്

# പഞ്ചായത്തിന്റെ പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് |
| 2. | അതിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | : കൂവേരി വില്ലേജും തിമിരി വെള്ളാട് വില്ലേജിന്റെ ഏതാനും ഭാഗങ്ങളും. |
| 3. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : ചപ്പാരപ്പടവ്, ചെങ്ങളായി |
| 4. | ബ്ലോക്ക് പഞ്ചായത്ത് | തളിപ്പറമ്പ് |
| 5. | താലൂക്ക് | : തളിപ്പറമ്പ് |
| 6. | ജില്ല | : കണ്ണൂർ |
| 7. | അസംബ്ലി മണ്ഡലം | തളിപ്പറമ്പ് |
| 8. | വിസ്തീർണ്ണം | 70. ച.കി.മി. |
| 9. | ജനസംഖ്യ | : 26592 |
| 10 | വാർഡുകളുടെ എണ്ണം | പതിനൊന്ന് |
| 11 | പ്രസിഡണ്ട് | : പി.പി. ബാലൻ |
| 12. | വൈസ് പ്രസിഡണ്ട് | : ഓ.പി. ഇബ്രാഹിംകുട്ടി |

17.7.1968ലെ ഗവൺമെന്റ ഉത്തരവ് പ്രകാരം 20.7.'68ൽ ചപ്പാരപ്പടവ് പഞ്ചായത്ത് നിലവിൽ വന്നു. എങ്കിലും 15.9.1969നാണ് എം. അബ്ദുല്ലഹാജി പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടായി ഭരണം ഏറ്റെടുത്തത്. പഴയ തടിക്കടവ് പഞ്ചായത്ത് വിഭജിച്ചപ്പോഴുണ്ടായ ഭരണപരമായ പ്രതിസന്ധിയാണ് 20.7.1968മുതൽ15.9.1969വരെ പഞ്ചായത്തിന് പ്രസിഡണ്ട് ഇല്ലാതിരിക്കാൻ കാരണം. 1979 ആഗസ്ത് മാസം ശ്രീ. കെ. മാധവൻ പ്രസിഡണ്ടാവുന്നതുവരെ ജ:എം. അബ്ദുല്ലഹാജി പ്രസിഡണ്ടായി തുടർന്നു. 1982 മാർച്ചുമതൽ 88 ജനുവരി വരെ ശ്രീ. പി.കുഞ്ഞിരാമനും അതിനുശേഷം 1995 ഒാക്ടോബർ 2വരെ ശ്രീ വി.ജെ. ചാക്കോയും പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്നു.

അതിരുകൾ : വടക്ക് :- ആലക്കോട്

കിഴക്ക് :- നടുവിൽ

തെക്ക് :- കുറുമാത്തൂർ, പരിയാരം

പടിഞ്ഞാറ് :- പരിയാരം, കടന്നപ്പള്ളി-പാണപ്പുഴ, എരമംകുറ്റൂർ




1. ജി.എൽ.പി.സ്കൂൾ 2. U.P.സ്കൂൾ 3. എൽ.പി.സ്കൂൾ 4. വില്ലേജ് ഓഫീസ് 5. എൽ.പി.സ്കൂൾ 6. സബ് പോസ്റ്റാഫീസ് 7. ഗവ: ആയുർവേദ ഡിസ്പൻസറി 8. പഞ്ചായത്ത് ഓഫീസ് 9. ഹൈസ്കൂൾ 10. ടെലിഫോൺ എക്സ്ചേഞ്ച് 11. വനിതാ സൊസൈറ്റി 12. P.H.C 13. കൂവേരി സർവ്വീസ് സഹകരണബേങ്ക് 14. സർവ്വീസ് സഹകരണ ബേങ്ക് (ബ്രാഞ്ച്) 15. വനിതാ ഇൻഡസ്ട്രിയൽ സൊസൈറ്റി 16. P.H.C 17. L.P സ്കൂൾ 18. തലവിൽ L.P. സ്കൂൾ 19. പെരുമ്പടവ് H.S 20. കരിങ്കയം L.P.S. 21. തടിക്കടവ് G.U.P.S 22. പടപ്പേങ്ങാട് G.L.P.S 23. ക്ഷീരസംഘം 24. സർവ്വീസ് സഹകരണ ബേങ്ക് (ബ്രാഞ്ച്) 25. സർവ്വീസ് സഹകരണ ബേങ്ക് H.O 26. V.O തിമിരി 27. പോസ്റ്റാഫീസ് 28. പോസ്റ്റാഫീസ് 29. പോസ്റ്റാഫീസ്. 30. പോസ്റ്റാഫീസ് 31. ആയുർവേദ ഡിസ്പൻസറി 32. പോസ്റ്റാഫീസ്.

# .....ചരിത്രം.....



മറ്റുപലപ്രദേശങ്ങളേയും പോലെ ചപ്പാരപ്പടവ് എന്ന സ്ഥലനാമത്തിനു പിന്നിലുമുണ്ടൊരൈതിഹ്യം. ചപ്പാരപ്പടവിനെ രണ്ടായി പകുത്തുകൊണ്ടൊഴുകുന്ന പുഴക്ക് ചപ്പാരപ്പടവിലൊരു പാലം ഉയർന്നത് 1985ലാണ്. അതുവരെ അക്കരെ ഇക്കരെ കടക്കാൻ ജനങ്ങൾ ആശ്രയിച്ചിരുന്നത് കടത്തുതോണിയെയാണ്. ഇന്നത്തെ പാലത്തിന് ഏതാനും വാര താഴെ പടർന്നു പന്തലിച്ചു നിന്നിരുന്ന ഒരു പടുകൂറ്റൻ ചപ്പാരമരം ഉണ്ടായിരുന്നു. അതിൻെറ ചുവട്ടിൽ കൂടിയായിരുന്നു അക്കരെക്കുള്ള കടവ്. അതിനാൽ "ചപ്പാരക്കടവ്'' എന്ന പേര് പതിഞ്ഞു. കാലാന്തരത്തിൽ അത് ചപ്പാരപ്പടവായി രൂപാന്തരപ്പെട്ടു. പുഴയുടെ കുത്തൊഴുക്കിൽ വേരുകളുടെ അസ്തിത്വം നശിച്ച ചപ്പാരം ഒരു നാൾ തലയറഞ്ഞുവീണു. കാലത്തിൻെറ കുത്തൊഴിക്കിൽ ചപ്പാരവും കടവും മാഞ്ഞെങ്കിലും ചപ്പാരപ്പടവ് ഇന്നും തെളിമയാർന്നു നില്കുന്നു.

കർണ്ണാടകത്തിലെ പാടിനെല്കാവ് റിസർവ് വനത്തിൽ പിറന്ന്, മലകളുടെ മടിത്തട്ടിൽ വളർന്ന് കുലുങ്ങിച്ചിരിച്ചും ആർത്തട്ടഹസിച്ചും പന്ത്രണ്ട് കിലോമീറ്ററോളം ആലക്കോട് പഞ്ചായത്തിലൂടെ സഞ്ചരിച്ച്, വിമ്പുംകാട്‌വഴി ചപ്പാരപ്പടവ് പഞ്ചായത്തിലേക്ക് കടന്ന്, പതിനൊന്ന് കിലോമീറ്റർ ദൂരം പഞ്ചായത്തിൻെറ ഹൃദയത്തിലൂടെ ഒഴുകി, പത്തുവാർഡുകളെ തൊട്ടുതലോടി കുളിരണിയിച്ചു കൊണ്ട് കടന്നുപോകുന്ന ചപ്പാരപ്പടവ് പുഴ ഈ നാടിൻെറ വികാസപരിണാമങ്ങളിൽ നിസ്തൂലമായ പങ്ക് വഹിച്ചിട്ടുണ്ട്.

20-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഇന്നത്തെ കൂവേരി വില്ലേജ് ഓഫിസും കൂവേരി സർവീസ് സഹകരണബാങ്കും സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു അംശക്കച്ചേരി ഉണ്ടായിരുന്നു. വലിയ ഒരു ബംഗ്ലാവും കോടതിമുറിയും, ലോക്കപ്പും, അതിനോട് ചേർന്ന് കുതിരലായവും ഉണ്ടായിരുന്നു. സിവിലും ക്രിമിനലുമായ കേസുകൾ ഇവിടെ വിചാരണ ചെയ്തിരുന്നു. സിവിൽ കേസ് നടത്തുമ്പോൾ ഗ്രാമ മുൻസിഫ് എന്നും ക്രിമിനൽ കേസ് നടത്തുമ്പോൾ ഗ്രമ മജിസട്രേട്ട് എന്നും അധികാരികൾ വിളിക്കപ്പെട്ടു. 1960ലാണ് ഈ കെട്ടിടം പൊളിച്ചുനീക്കിയത്,

ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ മഹാത്മജിയുടെ നേതൃത്വത്തിൽ ഭാരതമാകെ കൊടുങ്കാറ്റ് ആഞ്ഞുവീശയപ്പോൾ അതിൻെറ അലയൊലികൾ ചപ്പാരപ്പടവിനേയും ചലിപ്പിച്ചു. എൻ.സി.കെ. നമ്പ്യാർ എന്ന അപരനാമത്തിലറിയപ്പെട്ടിരുന്ന കൂവേരി, മഞ്ഞേരി ഒതയോത്ത് ചാത്തുക്കുട്ടി നമ്പ്യാർ, നേതാജി സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമിയിൽ ക്യാപ്റ്റൻ ലക്ഷ്മിയുടെ കീഴിൽ സിങ്കപ്പൂരിൽ ഗ്രൂപ്പ് ക്യാപ്റ്റനായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ

ജപ്പാൻെറ തടവിലായി. ബ്രിട്ടൻ സിങ്കപ്പൂർ തിരിച്ചുപിടിച്ചപ്പോൾ ജയിലിൽനിന്നും അദ്ദേഹത്തെ വിട്ടയച്ചു.

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്ന മാച്ചാത്തി കുഞ്ഞിക്കണ്ണൻ 1940 സപ്തംബർ 15ന് നടന്ന മൊറാഴ സമരത്തിൽ പ്രതിയായി മൂന്നുവർഷം കഠിന തടവനുഭവിച്ചു. കണ്ണൂർ, ബെല്ലാരി, വെല്ലൂർ, ആലിപ്പൂർ എന്നീ ജയിലുകളിലാണ് ശിക്ഷാകാലം കഴിച്ചുകൂട്ടിയത്. ജയിൽ ജീവിതം നിത്യരോഗിയാക്കി മാറ്റിയ അദ്ദേഹം 1955ൽ മരണമടഞ്ഞു. കൂവേരിയിലെ തന്നെ എം.ഒ. കേശവൻ നമ്പ്യാർ 1946ലെ എം.എസ്.പി. കലാപത്തിന് നേതൃത്വം കൊടുത്ത സേനാനിയായിരുന്നു. മലപ്പുറം എം.എസ്.പി.ക്യാമ്പിലെ സ്വാതന്ത്ര്യ ദാഹികളായ ദേശാഭിമാനികളെ സംഘടിപ്പിച്ച്, ബ്രിട്ടീഷ് സ്വേച്ഛാധിപത്യത്തിനെതിരെ പോരാടിയതിനാൽ അദ്ദേഹത്തെ ഏതാനും ദിവസത്തെ ശിക്ഷയ്ക്ക് ശേഷം ജോലിയിൽനിന്ന് പിരിച്ചയച്ചു. അദ്ദേഹവും ഇന്ന് ജീവിച്ചിരിപ്പില്ല.

മലബാർ ഡിസ്ട്രിക്ട് ബോർഡ് ചപ്പാരപ്പടവിൽ ആരംഭിച്ച ആയുർവേദ വൈദ്യശാലയിൽ പാർട്ട് ടൈം വൈദ്യനായി വന്ന ശ്രീ. ടി. കണ്ണൻ വൈദ്യരും നാട്ടുകാണി ഡോക്ടർ എന്നറിയപ്പെട്ടിരുന്ന പരേതനായ ശ്രീ. ഇ.പി.കേളുനമ്പ്യാരും ആതുരശുശ്രൂഷാ രംഗത്തെ സ്മരണീയ വ്യക്തികളാണ്.

1940കളുടെ അവസാനത്തിൽ കൂവേരി, തടിക്കടവ് പഞ്ചായത്തുകൾ നിലവിലിരുന്നു. കൈപൊക്കി വോട്ട് ചെയ്യുന്ന സമ്പ്രദായമാണ് അന്ന് നിലവിലുണ്ടായിരുന്നത്. കൂവേരി പഞ്ചായത്തിൻെറ അന്നത്തെ പ്രസിഡണ്ട് ശ്രീ. പി.ശങ്കരൻകുട്ടിനായരും തടിക്കടവിൻെറ പ്രസിഡണ്ട് കുമിഴി കിഴക്കിനിയിൽ കുഞ്ഞിക്കണ്ണൻ നമ്പ്യാരുമായിരുന്നു. പിന്നീട് ഇരുപഞ്ചായത്തുകളും ലയിച്ച് തടിക്കടവ് പഞ്ചായത്തായപ്പോൾ 'ആലക്കോട് രാജാ' എന്ന പേരിലറിയപ്പെടുന്ന ശ്രീ. പി. രാമവർമ്മരാജ പ്രസിഡണ്ടായി. കൂവേരി മുതൽ കുടകുമലവരെ വ്യാപിച്ചുകിടന്ന വിശാലമായ ഈ പഞ്ചായത്തിനെ 1968 ജൂലൈ 20ന് ഭരണസൗകര്യാർത്ഥം ചപ്പാരപ്പടവ്, ആലക്കോട് എന്നീ രണ്ട് പഞ്ചായത്തുകളായി വിഭജിച്ചു. ജനാബ് എം. അബ്ദുല്ല ഹാജിയാണ് തുടക്കംമുതൽ 11 കൊല്ലം ചപ്പാരപ്പടവ് പഞ്ചായത്തിനെ നയിച്ചത്.

ചപ്പാരപ്പടവിൻെറ വികസനത്തിൻെറ ഒരു പ്രധാന പങ്ക് വഹിച്ചത് മലിക്കൻെറകത്ത് അസൈനാർ ഹാജിയാണ്. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളായ ചപ്പാരപ്പടവ് ഹൈസ്കൂളിൻെറ സ്ഥാപകൻ അദ്ദേഹമാണ്. യശ:ശരീരനായ ശ്രീ. വി. നാരായണൻ നായർ ആദ്യത്തെ ഹെഡ്മാസ്റ്ററും ചപ്പാരപ്പടവിൻെറ വികസനത്തിൽ ജ:എം.പി. മഹമൂദ് ഹാജി മാസ്റ്റർ വഹിച്ച പങ്കും എടുത്തുപറയേണ്ടതാണ്.

തിരുവിതാം കൂറിൽനിന്നും ചപ്പാരപ്പടവിൻെ മലമടക്കുകളിലേയ്ക്കുള്ള കുടിയേറ്റത്തിൻെറ കൊടിയേറ്റം നടന്നത് 1942ൽ ആണ്. 1950കളുടെ മദ്ധ്യം മുതൽ ബീജസ്പർശം ഏൽക്കാത്ത ഭൂകന്യകകളെ മോഹിച്ചെത്തിയ കൃഷിവലരുടെ ഒഴുക്കിന് ആക്കം കൂടി. കാരിരുമ്പിൻെറ കരുത്തുള്ള അവർ എരിവെയിലിനെ പൂനിലാവാക്കി, കാട്ടാനകളുടേയും കാട്ടുപന്നികളുടേയും വിഹാരഭൂമികളായ മലനിരകളെ കനകം വിളയുന്ന മലർവാടിയാക്കി.

ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളും സഹവർത്തിത്വത്തോടെ കഴിയുന്ന ഈ നാട് പിന്നിട്ട പാതകൾ ഏറെ, പിന്നിടാനുള്ളതോ ? അതിലേറെ

# IV ഭൂപ്രകൃതിയും ജനജീവിതവും

## ഭൂപ്രകൃതി

ചപ്പാരപ്പടവ് പഞ്ചായത്തിന്റെ വടക്ക് ആലക്കോട് പഞ്ചായത്തും കിഴക്ക് നടുവിൽ-ചെങ്ങളായി പഞ്ചായത്തുകളും തെക്ക് കുറുമാത്തൂർ-പരിയാരം പഞ്ചായത്തുകളും പടിഞ്ഞാറ് പരിയാരം-കടന്നപ്പള്ളി പാണപ്പുഴ എരമംകുറ്റൂർ പഞ്ചായത്തുകളും അതിരുകളാണ്.

| | |
|---|---|
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | 70ച:കി.മി |
| ജനസംഖ്യ | 26569 (1991ലെ സെൻസസ്) |
| ജനങ്ങൾ | 70%വും കൃഷിക്കാരാണ്. |

മലകളും കുന്നുകളും നിറഞ്ഞ നിമ്നോന്നത ഭൂപ്രകൃതിയാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിന്റെ മധ്യത്തിൽകൂടി ചപ്പാരപ്പടവ് പുഴ ഒഴുകുന്നു. പുഴയുടെ ഇരുവശങ്ങളിലായി കിഴക്കും പടിഞ്ഞാറും ഉയർന്നു കിഴക്കുനിന്ന് പടിഞ്ഞാറോട്ടും പടിഞ്ഞാറുനിന്ന് കിഴക്കോടും പുഴയ്ക്ക് അഭിമുഖമായി ചെരിഞ്ഞ ഭൂമിയാണ് പഞ്ചായത്തിലുള്ളത്.

ചപ്പാരപ്പടവ് പുഴ പഞ്ചായത്തിന്റെ ജനജീവിതത്തിലും സംസ്കാരത്തിലും വലിയ സ്വാധിനം ചെലുത്തിയിട്ടുണ്ട്. പുഴ പഞ്ചായത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് രയരോംപുഴ എന്നപേരിൽ അറിയപ്പെടുന്നു. ആലക്കോട് പഞ്ചായത്തിനും ചപ്പാരപ്പടവ് പഞ്ചായത്തിനും ഇടയിൽ ഒരു കി.മി. ദൂരം ഒഴുകി കരിങ്കയത്ത് വീമ്പിൻകാട്ട് വെച്ച് പുഴ പഞ്ചായത്തിൽപ്രവേശിക്കുന്നു. ആലക്കോട്-കരുവഞ്ചാൽ പുഴകൾ മുക്കൂട് നിന്ന് ഒന്നിച്ച് മണാട്ടിവഴി ഓടക്കടവിൽവെച്ച് രയരോം പുഴയുമായി ഒന്നിക്കുന്നു. വടക്കുനിന്ന് വരുന്ന പുഴ തടിക്കടവിൽവെച്ച് അല്പം കിഴക്കോട്ടൊഴുകി പിന്നീട് തെക്ക് പടിഞ്ഞാറ് ദിശയിൽ അരിപ്പാമ്പറ വെച്ച് പരിയാരം പഞ്ചായത്തിൽ കടക്കുന്നു. പഞ്ചായത്തിൽ പുഴയ്ക്ക് 11കി.മി. നീളമുണ്ട്. പഞ്ചായത്തിലെ അഞ്ചാം വാർഡ് ഒഴിച്ച് മറ്റെല്ലാ വാർഡുകളും ഈ പുഴയുമായി ബന്ധപ്പെട്ടിരിക്കുന്നു. എരുവാട്ടിപ്പുഴ വടക്ക് നിന്ന് തെക്ക് കിഴക്കായി ഒഴുകി എരുവാട്ടിയിൽ വെച്ചും കുറ്റിപ്പുഴ വടക്ക് കിഴക്ക് നിന്ന് പഞ്ചായത്തിൽ പ്രവേശിച്ച് തെക്ക് പടിഞ്ഞാറായി ഒഴുകി തടിക്കടവിൽ വെച്ചും ചാണോകുണ്ട് പുഴ വടക്ക് പടിഞ്ഞാറ് ഒഴുകി ഉറുട്ടേരിയിൽവെച്ചും ചപ്പാരപ്പടവ് പുഴയിൽ ചേരുന്നു. മണാട്ടിപ്പുഴ തടിക്കടവിൽ ചേരുന്ന സ്ഥലം പ്രകൃതി സുന്ദരമാണ്. ചപ്പാരപ്പടവ് പുഴയ്ക്ക് 1985-ൽ ചപ്പാരപ്പടവിലും 1995-ൽ മണാട്ടിപ്പുഴയ്ക്ക് ഓടക്കടവിലും പാലങ്ങൾ നിർമ്മിച്ചു. ഈ പാലങ്ങൾ മലയോരപ്രദേശത്തിന്റെ വികസനത്തിന് കാര്യമായ പങ്ക് വഹിക്കുന്നവയാണ്.

കുന്നിൻചെരിവുകളെ കീറിമുറിച്ച് പുഴയിലേക്കൊഴുകുന്ന അറുപതോളം തോടുകളും നീർച്ചാലുകളും പഞ്ചായത്തിലുണ്ട്. ഇതിൽ നടുവിൽ പഞ്ചായത്തിൽ നിന്നും ആരംഭിച്ച് പടപ്പേങ്ങാട്ടുകൂടി ഒഴുകുന്ന പടപ്പേങ്ങാട് തോട് തെക്ക് പടിഞ്ഞാറ് ഒഴുകി കുറുമാത്തൂർ പഞ്ചായത്തിൽ പ്രവേശിക്കുന്നു. ചപ്പാരപ്പടവ് പുഴയുടെ ഇരുകരകളും ഉയർന്നുനില്കുന്നത്കൊണ്ട് പുഴവെള്ളം പുഴയോരങ്ങളിൽ കൃഷിക്കുപയോഗിക്കാൻ കഴിയുന്നില്ല.

ആറ് മാസം മഴയും നീണ്ടവേനലും അനുഭവപ്പെടുന്ന പഞ്ചായത്തിൽ മഴക്കാലത്ത് 3%മുതൽ 18%വരെ ചെരിവുള്ള പ്രദേശങ്ങളിൽനിന്ന് സാമാന്യം നല്ലരീതിയിൽ മണ്ണൊലിപ്പ് നടക്കുന്നുണ്ട്. ചെരിവ്കൂടുംതോറും മണ്ണൊലിപ്പിന്റെ വേഗതയും വർദ്ധിക്കുന്നു. മലയോരമേഖലകളിൽ 1970കളുടെ മധ്യംമുതൽ 80കളുടെ അവസാനംവരെ നടന്ന വൻതോതിലുള്ള മണ്ണൊലിപ്പ് മണ്ണിന്റെ ഫലപുഷ്ടിയെ ബാധിച്ചിട്ടുണ്ട്. വിവേചനമില്ലാതെ കാട് തെളിച്ച് കപ്പക്കൃഷി നടത്തിയത് മണ്ണൊലിപ്പിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. ഇന്ന് പഞ്ചായത്തിൽ വനങ്ങളോ വൻമരങ്ങളോ ഇല്ല. കുടിവെള്ളത്തിന് പോലും ക്ഷാമം അനുഭവപ്പെടുന്നു. പുഴയിലേക്കൊഴുകുന്ന തോടുകളും നീർച്ചാലുകളും വർഷക്കാലത്ത് മലഞ്ചെരിവുകളിൽനിന്ന് കുത്തിയൊലിപ്പിച്ചുകൊണ്ടുവരുന്ന മണ്ണ് താഴ്വരകളിൽ നിക്ഷേ

പിക്കാൻ നദിക്ക് ഇരുവശങ്ങളിലും സമതല ങ്ങൾ ഇല്ലാതെ, ഓരങ്ങൾ ഉയർന്നുനില്ക്കുന്നതുകൊണ്ട് വെള്ളത്തിന്റെ ഒഴുക്കിന്റെ വേഗത വർദ്ധിക്കുന്നു. മണ്ണൊലിപ്പ് തീവ്രമായിത്തീരുന്നു. മഴവെള്ളം അതിവേഗം കടലിലെത്തും. പഞ്ചായത്തിൽ ശരാശരി 120 ദിവസം മഴ ലഭിക്കുന്നു. വാർഷികവർഷപാതം 3437.9 മീറ്ററാണ്.

താപനില കുറഞ്ഞത് 22°C

താപനില കൂടിയത് 33°C

മെയ്മാസത്തിൽ ചൂട് 37°C വരെ ഉയരാറുണ്ട്

ജനുവരിയിൽ ചൂട് 16°C വരെ താഴാറുണ്ട്.

## വർഷപാതം

| | 1992 M.M | D | 1993 M.M | D | 1994 M.M | D | 1995 M.M | D | 1996 M.M | D |
|---|---|---|---|---|---|---|---|---|---|---|
| January | - | - | - | - | 3.0 | 1 | 8.4 | 2. | - | - |
| February | - | - | - | - | - | - | - | - | - | - |
| March | - | - | - | - | 10.6 | 2 | - | - | - | - |
| April | - | - | - | - | 131.0 | 9 | 58.0 | 4 | 31.0 | 4 |
| May | 242.0 | 6 | 109.2 | 10 | 45.2 | 4 | 291.3 | 9 | 59.4 | 5 |
| June | 1292.4 | 21 | 754.6 | 23 | 1364.6 | 30 | 683.3 | 19 | 1087.0 | 18 |
| July | 1156.4 | 28 | 1260.2 | 29 | 1838.2 | 31 | 1302.0 | 31 | 997.4 | 26 |
| August | 919.2 | 26 | 555.8 | 26 | 810.4 | 25 | 486.2 | 20 | 661.6 | 25 |
| September | 371.0 | 18 | 64.6 | 12 | 216.0 | 14 | 212.2 | 10 | - | - |
| October | 279.6 | 15 | 255.8 | 19 | 490.4 | 22 | 145.4 | 13 | - | - |
| November | 383.6 | 13 | 204.8 | 10 | 84.2 | 6 | 131.4 | 5 | - | - |
| December | - | - | 62.4 | 4 | - | - | - | - | - | - |

7.5 മീറ്റർ മുതൽ 75മീറ്റർവരെ സമുദ്രനിരപ്പിൽനിന്ന് ഉയർന്ന പ്രദേശങ്ങളാണ് പഞ്ചായത്തിലുള്ളത്. തലവിൽ, നാടുകാണി തെയ്യത്താംകല്ല്, പാലോലിമല എന്നിവ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളാണ്. തലവിൽനിന്ന് പെരുമ്പടവ്, എരുവാട്ടി എന്നിവിടങ്ങളിലേക്ക് 15%ൽ കൂടുതൽ ചെരിഞ്ഞുകിടക്കുന്ന ചെരിവ് പ്രദേശങ്ങളാണ്.

ഞണ്ടുമ്പലം, എരുവാട്ടി, എടക്കോം എന്നിവിടങ്ങളിൽ ലാറ്ററേറ്റ് ഡ്യൂറിക്രസ്റ്റ് ഭൂമിയും നാടുകാണിയിൽ ലാറ്ററേറ്റ് ബോക്സൈഡ് ഭൂമികളും കാണപ്പെടുന്നു. ഈ രണ്ടുതരം ഭൂമികളും കൃഷിക്കനുയോജ്യമല്ലാത്ത തരിശുകളാണ്. എളമ്പേര്യം മുതൽ മേൽതുരുമ്പവരെയും ചിമ്മിനിച്ചൂട്ട, മാവിലാംപാറ, ഒടുവള്ളി, ഞണ്ടമ്പലം, ശ്രീമാന്യമംഗലം എന്നിവിടങ്ങളിലും കൃഷിക്കനുയോജ്യമല്ലാത്ത തരിശുഭൂമികളുണ്ട്.

ആലത്തട്ട്, പാലയാട്തട്ട്. തടിക്കടവ്, കരിങ്കയം, മണാട്ടി, ബാലപുരം എന്നിവിടങ്ങളിൽ ചെങ്കൽ ക്വാറികളുണ്ട്. മുണ്ടപ്ലാവ്, പന്നിയോട്, കമ്മുണ്ടയാട്, രാമപുരം പരുക്കനടി, എടക്കോം എരുവാട്ടി, പെരുമ്പടവ്, കരിങ്കയം എന്നിവിടങ്ങളിൽ കരിങ്കൽ ക്വാറികളും ഉണ്ട്.

പഞ്ചായത്തിലെ കൃഷിഭൂമികളെല്ലാം ലാറ്ററേറ്റ് മണ്ണാണ് കാണപ്പെടുന്നത്. ചെമ്മണ്ണിലും ചരൽകലർന്ന ചെമ്മണ്ണിലും ജൈവാംശം കുറവാണ്. ഇത്തരം മണ്ണ് ശാസ്ത്രീയമായ വളപ്രയോഗംകൊണ്ട് ഫലപുഷ്ടിയുള്ളതാക്കിമാറ്റാം. പൂണംകോട്, കാട്ടാമ്പള്ളി, കൂവേരി, കൊട്ടക്കാനം, ചപ്പാരപ്പടവ്, എടക്കോം, എളമ്പേര്യം എന്നിവിടങ്ങളിൽ നദീജന്യ എക്കൽമണ്ണും കാണപ്പെടുന്നുണ്ട്.

# ജനജീവിതം

പഴയ ചിറക്കൽതാലൂക്കിൽപെട്ട ഈ പഞ്ചായത്തിൽ കാർഷിക സംസ്കാരം നൂറ്റാണ്ടുകളായി നിലനിന്നിരുന്നു. മാടായി, പയ്യന്നൂർ, കുറുമാത്തൂർ, കുറ്റൂർ എന്നിപ്രദേശങ്ങളിൽനിന്ന് ടിപ്പുവിന്റെ പടയോട്ടക്കാലത്തിന് മുമ്പുതന്നെ ഇവിടെ ജനങ്ങൾ കുടയേറിപ്പാർത്തിരുന്നു. ചപ്പാരപ്പടവ് പുഴയുടെ തീരങ്ങളിലായിരുന്നു ജനവാസം അധികവും. ക്ഷേത്രങ്ങളും കാവുകളും കുടുംബപരദേവതമാരും അന്നത്തെ ജനജീവിതത്തിന്റെ പ്രധാനകണ്ണിക ളായിരുന്നു. പടപ്പേങ്ങാട്, തലവിൽ, കൂവേരി എന്നിവിടങ്ങളിൽ ഈ പഴയകാലസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കാണാം. ഇന്നും ഈ പ്രദേശങ്ങളിലെ അനുഷ്ഠാനകലയായ തെയ്യങ്ങളോടനുബന്ധിച്ചുള്ള തോറ്റം പാട്ടുകളിൽ അന്നത്തെ ജനജീവിതത്തിന്റെ ശബ്ദം കേൾക്കാം. ചെറിയൂരിലെ മുല്ലപ്പള്ളി നമ്പൂതിരിയും കൂവേരിയിലെ പോത്തേര എഴുത്തച്ഛനുമൊക്കെ ഇന്നും പ്രകീർത്തിക്കപ്പെടുന്നു.

വളപട്ടണം കേന്ദ്രമായുള്ള സ്ഥലങ്ങളിൽനിന്നും മുസ്ലിംകൾ ചപ്പാരപ്പടവ് പുഴയുടെ കരയിൽ ചപ്പാരപ്പടവിൽ കുടിയേറിയെന്ന് ഊഹിക്കാൻ കാരണമുണ്ട്. വളപട്ടണം, ശ്രീകണ്ഠാപുരം, തളിപ്പറമ്പ എന്നീ മുസ്ലിം പള്ളികളുടെ പുരാതന ശില്പകലാ മാതൃകയിലാണ് ഇവ പണിതിട്ടുള്ളത്. ചപ്പാരപ്പടവിലെ ജുമാമസ്ജിദും ഈ മാതൃകയിലുള്ളതാണ്. 1950നും 65നും ഇടയിൽ എം.അബ്ദുന്നാർഹാജി ചപ്പാരപ്പടവിന്റെ നവോത്ഥാനത്തിന് വഴിയൊരുക്കി. ചപ്പാരപ്പടവ് പഞ്ചായത്തിന് വെളിയിലും അദ്ദേഹത്തിന്റെ വക ഭൂസ്വത്തുക്കൾ വ്യാപിച്ചിരുന്നു. ഈ കാലഘട്ടം ചപ്പാരപ്പടവിന്റെ വാണിജ്യശുക്രദശയായിരുന്നു. പുഴയിൽകൂടി നിരന്തരം മലകളിൽനിന്ന് മുറിച്ചിറക്കിയ വിലയേറിയ തടികൾ വളപട്ടണം, കോഴിക്കോട് എന്നീ വിപണന കേന്ദ്രങ്ങളിൽ എത്തി.

ഹിന്ദു-മുസ്ലിം-ക്രൈസ്തവ മതങ്ങളിൽപ്പെട്ട വിവിധ ജാതിക്കാർ ഒരുമയോടെ ഇവിടെ ജീവിക്കുന്നു.

1942 മുതൽ പഞ്ചായത്തിൽ മധ്യതിരുവിതാംകൂറിൽനിന്ന് കുടിയേറ്റം ആരംഭിച്ചു. കുടിയേറ്റകർഷകർ റോഡുകൾക്കും ആരാധനാലയങ്ങൾക്കും കൃഷിയോടൊപ്പം സ്ഥാനം കൊടുത്തു. പള്ളികളെ കേന്ദ്രീകരിച്ചുള്ള വികസനമാണ് മലയോരമേഖലയിൽ ആദ്യം നടന്നത്. മലയോരകർഷകർ സ്വീകരിച്ച കൃഷിമാതൃകകൾ പിന്നീട് പഞ്ചായത്തിൽമുഴുവനും വ്യാപിച്ചു.

# V സാമൂഹ്യ സാമ്പത്തിക മേഖലകൾ

## 1.കൃഷിയും ജലസേചനവും മണ്ണ് സംരക്ഷണവും



**കൃഷി:** പരമ്പരാഗതമായ പുരയിടകൃഷിയും പുനംകൃഷി യും ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിവരെ പഞ്ചായത്തിൽ നിലനിന്നിരുന്നു. കൂവേരി, പൂണംകോട്ട്, തലവിൽ, പടപ്പേ ങ്ങാട്, ചപ്പാരപ്പടവ്, എരുവാട്ടി, കരിങ്കയം, തടിക്കടവ് എന്നീ ജനാവസകേന്ദ്രങ്ങളിൽ പാടക്കൃഷിയും പുരയിട ക്കൃഷിയും മലയോരങ്ങളിൽ പുനക്കൃഷിയുമായിരുന്നു പതിവ്.

പടപ്പേങ്ങാട് കല്ലൂർ ദേവസ്വങ്ങൾ, നരിക്കോട്ടില്ലം, കടമ്പൂർവീട്, വേങ്ങയിൽ നായനാർ, മലിക്കന്റകത്ത് അസൈനാർഹാജി, ചപ്പാരപ്പടവ് ജുമാഅത്ത്പള്ളി ജന്മ ങ്ങളിൽ പഞ്ചായത്തിലെ കൃഷിഭൂമികൾ മുഴുവൻ ഉൾപെട്ടിരുന്നു. ആണ്ടോടാണ്ട് ആവശ്യമായ ഭക്ഷ്യസാധന ങ്ങളും പച്ചക്കറികളും പ്രാദേശികകൃഷിയിൽനിന്ന് ലഭിച്ചിരുന്നു. കുന്നിൻചെരിവുകൾക്കും നിരപ്പായ ജനവാസ സ്ഥലങ്ങൾക്കുമിടയിൽ ഉയർന്ന തട്ടുസ്ഥല ങ്ങളിൽ പറങ്കി(വറ്റൽമുളക്), പുത്താടക്കൃഷികളും ചെയ്തിരുന്നു.

1930കളിൽ പഞ്ചായത്തിൽ സ്ഥിതിചെയ്തിരുന്ന പാടങ്ങളുടെ വിവരം

| ക്രമ നമ്പർ | | പാടത്തിന്റെ പേര് | വിസ്തീർണ്ണം ഏക്ര | വിള എത്ര | ഇന്നത്തെ സ്ഥിതി |
|---|---|---|---|---|---|
| | | വാർഡ് ഒന്ന് | | | |
| 1 | 2 | മുച്ചിലോട്ട് വയൽ | 6 | 2 | തെങ്ങ്, കവുങ്ങ് |
| 2 | 2 | മുല്ലമംഗലം വയൽ | 2 | 1 | നെല്ല്, പച്ചക്കറി, തെങ്ങ് |
| 3 | 3 | മേക്കൂടി വയൽ | 2 | 1 | പച്ചക്കറി |
| 4 | 4 | മുണ്ടോൻ വയൽ | 10 | 1 | തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി |
| 5 | 5 | കൂവേരിവയൽ | 20 | 1 | പച്ചക്കറി, തെങ്ങ്, കവുങ്ങ്, വീട് |
| 6. | 6 | ചേളാവയൽ | 3 | 2 | കമുക് |
| 7 | 7 | വട്ടക്കൂൽ-കാട്ടാമ്പള്ളി വയൽ | 10 | 2 | നെല്ല്, പച്ചക്കറി, തെങ്ങ്, കമുക് |
| 8 | 8 | ആറാം വയൽ | 5 | 2 | നെല്ല്, പച്ചക്കറി |
| 9 | 9 | പറത്തോട്(എളങ്കോംപൊയിൽ) | 10 | 1 | നെല്ല്, തെങ്ങ് |
| 10 | 10 | എളമ്പേര്യം | 25 | 1 | നെൽകൃഷി |
| 11 | 11 | ചെറിയത്തുതട്ട് | 20 | 1 | കശുമാവ് |
| 12 | 12 | പാലാട് വയൽ | 2 | 1 | കമുക്, തരിശ് |
| 13 | 13 | മുണ്ടപ്പാവ് വയൽ | 1 | 1 | തെങ്ങ്, കമുക് |

പറങ്കിവിളവ് എടുത്തതിനുശേഷം ആ നിലത്ത് ചെയ്യുന്ന നെൽകൃഷിയാണ് പൂത്താട.

പുരയിടങ്ങളിൽ മാവ്, പ്ലാവ്, പുളി, തെങ്ങ്, കവുങ്ങ് തുടങ്ങിയ ഫലവൃക്ഷങ്ങളും കുരുമുളകും വാഴയും കൃഷിചെയ്തിരുന്നു. പലപുരയിട ങ്ങളിലും കുളങ്ങളും ആരാധനാലയങ്ങളും ഉണ്ടായിരുന്നു. വളപ്പിനു ചുറ്റും വേലിപ്പടർപ്പും ഉണ്ടായിരുന്നു. സമൂഹ ജീവിതത്തിലെ ജന്മി–കുടിയാൻബന്ധം കൃഷികാര്യങ്ങളിലും തുടർന്നു പോന്നു. 1930കളിൽ പഞ്ചായത്തിലെ നെൽപാടങ്ങളുടെ വിസ്തീർണ്ണം 280ഏക്കറയോളം ഉണ്ടായിരുന്നു. ഇതിൽ ഒരു നല്ലഭാഗം പാടങ്ങളും ഇരുനില ങ്ങളായിരുന്നു. ജൈവവളം മാത്രമാണ് കൃഷിക്ക് ഉപയോഗിച്ചു വന്നിരുന്നത്. കൃഷിയുമായി കാലി വളർത്തലിന് അഭേദ്യബന്ധം ഉണ്ടായിരുന്നു.

| ക്രമ നമ്പർ | | പാടത്തിന്റെ പേര് | വിസ് തീർണ്ണം ഏക്ര | വിള എത്ര | ഇന്നത്തെ സ്ഥിതി |
|---|---|---|---|---|---|
| | | <u>വാർഡ് രണ്ട്</u> | | | |
| 14 | 1 | പറക്കോട്ട് വയൽ | 5 | 2 | പച്ചക്കറി |
| 15 | 2 | കൊട്ടക്കാനം വയൽ | 4 | 1 | തരിശ്, പച്ചക്കറി |
| 16 | 3 | ളാവിൽവയൽ | 15 | 2 | നെല്ല്, തെങ്ങ് |
| 17. | 4 | ഞാറ്റുവയൽ | 3 | 1 | നെല്ല്, പച്ചക്കറി, തെങ്ങ്, കവുങ്ങ് |
| 18. | 5 | തേറണ്ടിവയൽ | 15 | 1 | തെങ്ങ്, കവുങ്ങ്,വീട് |
| 19 | 6 | പുണംകൊട്വയൽ | 3 | 1 | നെല്ല് തെങ്ങ്, കവുങ്ങ് |
| 20 | 7 | ആലത്തട്ട് | 4 | 1 | തെങ്ങ്, കവുങ്ങ് |
| 21 | 8 | ഞണ്ടമ്പലം | 3 | 1 | തെങ്ങ്, കവുങ്ങ് |
| | | <u>വാർഡ് മൂന്ന്</u> | | | |
| 22 | 1 | എടക്കോംവയൽ(കടാംകോട്) | 15 | 2 | തെങ്ങ്, കവുങ്ങ് |
| 23 | 2 | മംഗര(അക്കര) | 2 | 2 | കവുങ്ങ് |
| | | <u>വാർഡ് നാല്</u> | | | |
| 24 | 1 | ചപ്പാരപ്പടവ് വയൽ | 4 | 1 | കവുങ്ങ്, വീട്, തെങ്ങ് |
| | | <u>വാർഡ് അഞ്ച്</u> | | | |
| 25 | 1 | ചാലിൽവയൽ | 5 | 1 | പച്ചക്കറി |
| 26 | 2 | പടപ്പേങ്ങാട് | 10 | 2 | കവുങ്ങ്, തെങ്ങ് |
| 27 | 3 | കായലോട് | 2 | 1 | റബ്ബർ, കവുങ്ങ് |
| 28 | 4 | മുട്ടുകുന്ന് | 2 | 2 | നെല്ല്, തെങ്ങ് |
| | | <u>വാർഡ് ആറ്</u> | | | |
| 29 | 1 | വായാട്ടുപറമ്പ് | 15 | 2 | റബ്ബർ, തെങ്ങ്, കവുങ്ങ് |
| 30 | 2 | ഓടക്കടവ് | 3 | 1 | പച്ചക്കറി, കവുങ്ങ്, തെങ്ങ് |
| 31 | 3 | മീൻപറ്റി | 3 | 2 | കവുങ്ങ് |
| 32 | 4 | ചാണോകുണ്ട്വയൽ | 3 | 2 | പച്ചക്കറി |
| | | <u>വാർഡ് എട്ട്</u> | | | |
| 33 | 1 | എരുവാട്ടി | 4 | 1 | തരിശ്, പച്ചക്കറി |
| | | <u>വാർഡ് ഒമ്പത്</u> | | | |
| 34 | 1 | തലവിൽ | 25 | 1 | പച്ചക്കറി, തെങ്ങ്,കവുങ്ങ്, നെല്ല് |
| 35 | 2 | പൈതോട്ട് | 2 | 2 | കവുങ്ങ് |
| | | <u>വാർഡ് പത്ത്</u> | | | |
| 36 | 1 | മംഗരവയൽ | 5 | 2 | റബ്ബർ,തെങ്ങ്,കവുങ്ങ് |
| 37 | 2 | കക്കോട്ട്വയൽ | 4 | 2 | തെങ്ങ്, കവുങ്ങ് |
| 38 | 3 | അമ്മംകുളം | 2 | 1 | കവുങ്ങ്, തെങ്ങ് |

# പുനം കൃഷി:–

ജനങ്ങൾ കൂട്ടായി മലനാടുകളിൽകാട് തെളിച്ച് പുനംകൃഷി ചെയ്തുപോന്നു. ഈ കൃഷി പഞ്ചായത്തിൻെറ അതിർത്തിക്കപ്പുറം ആലക്കോട്, കൊട്ടയാട്, ഉദയഗിരി, മണക്കടവ് എന്നീ മലമടക്കുകളിലേക്കും വ്യാപിച്ചിരുന്നു. എട്ടോപത്തോവർഷങ്ങൾ മൂപ്പെത്തിയ കാടുകൾ ധനുമാസാരംഭത്തിൽ തെളിച്ച് തീയിട്ട് കൃഷിക്ക് പാകപ്പെടുത്തുന്നു. പാകപ്പെട്ട പുതുമണ്ണിൽ പാൽക്കഴമ, ചെന്നെല്ല് തുടങ്ങിയ നെൽവിത്തുകൾ വിതയ്ക്കുന്നു. വിത്തിനോടൊപ്പം ചോളം, തുവര, മുത്താരി, പരുത്തി എന്നീവിത്തുകളും കലർത്തിയിരുന്നു. കൂട്ടായികൃഷിക്കൊരുക്കിയ ഭൂമി, വിത്തുവിതയ്ക്കുമ്പോൾതന്നെ ഓരോരുത്തരക്കും പങ്കുവെക്കുകയും അവനവൻെറ കൃഷിസ്ഥലത്തിൻെറ അതിരുകളിൽ ചാമവിഞ്ഞ് ഇടുകയും ചെയ്യും. കൃഷിയിടങ്ങളിലുള്ള പാറകൾ, മരക്കാലുകൾ ഇവയ്ക്കു ചുറ്റും മത്തൻ, വെള്ളരി, കുമ്പളം, പയർ തുടങ്ങിയ പച്ചക്കറി വിത്തുകളും നടും. ആവണക്കും മുരിക്കും നടുന്ന പതിവും ഉണ്ട്. കാട്ടുമൃഗങ്ങളിൽ നിന്നും രക്ഷിക്കാൻ പുരയും കാവൽപുരയും നിർമ്മിച്ച് രാത്രി കാവലിനുവേണ്ട ഏർപ്പാടുകൾ ചെയ്യും. ധനുവിൽ ഭൂമി ഒരുക്കി മീന–മേടത്തിൽ വിത്തിട്ട് കന്നിയിൽ കൊയ്യുകയാണ് പതിവ്. നെല്ലിനോടൊപ്പം കൃഷിചെയ്ത [illegible] ക്രമത്തിൽ [illegible] [illegible] മുത്താരിയുമാണ് [illegible] [illegible] നടത്തിയിരുന്നു.

ഒന്നാംവിളകഴിഞ്ഞ പാടങ്ങളിൽ എള്ള്, മുതിര, ചെറുകിഴങ്ങ് പച്ചക്കറികൾ എന്നിവയും കൃഷി ചെയ്തിരുന്നു. ചപ്പാരപ്പടവ് പ്രധാനധാന്യ വിപണന കേന്ദ്രവുമായിരുന്നു. നെല്ലും തോരനും ചാമയും മുത്താരിയും പുഴവഴി കുപ്പം, പഴയങ്ങാടി, വളപട്ടണം എന്നീ കേന്ദ്രങ്ങളിൽ എത്തിച്ചു.

നാടൻ ചക്കുകളിൽ തേങ്ങ, എള്ള് എന്നിവ ആടുന്ന തൊഴിൽ ജാതിയടിസ്ഥാനത്തിൽ ചെയ്തുവന്നു. പുരയിടങ്ങളിൽ തെങ്ങും കമുകും കുരുമുളകും പ്രധാന കൃഷിയായിരുന്നു. കർഷകർക്ക് പലതരം ആവശ്യങ്ങൾക്കും സാമ്പത്തീക സഹായത്തിനും വേണ്ടി സമ്പന്നരായ ജന്മിമാരെ സമീപിക്കേണ്ടിവന്നിരുന്നു. കർഷകർ കടബാദ്ധ്യതയിൽപെട്ട് സകലതും നഷ്ടപ്പെട്ട കഥയും പ്രസ്താവ്യമാണ്.

1940ലെ മൊറാഴസംഭവത്തിന് ശേഷം കിസാൻ സംഘം എന്നപേരിൽ ഒരു സംഘടന കാർഷികരംഗത്ത് പുതിയ ചിന്താധാരയ്ക്ക് വിത്തുപാകി. ഉണർവുനേടിയ കൂവേരിയിലെ 500ഓളം കർഷകർ ജന്മി വേങ്ങരയിൽ ചാത്തുക്കുപട്ടി നായനാരുടെ കാനൂലിലുള്ള വീട്ടിലേക്ക് ജാഥയായി പുറപ്പെട്ടു. വാശി, നുരി, മുക്കാൽ, ശീലക്കാശ്, കുറ്റിക്കാണം, കങ്ങാണി, വെച്ചുകാണൽ, തിരുമുൽകാഴ്ച, പാസ്പണം, കള്ളപ്പാറ, പൊളിച്ചെഴുത്ത് എന്നീ ജന്മി ഭോഗങ്ങൾ നിർത്തലാക്കണമെന്ന് അവർ ആവശ്യപ്പെടുകയും ആവശ്യങ്ങൾ മിക്കവാറും നേടുകയും ചെയ്തു. കർഷകർ സംഘടിതമായി നേടിയ ആദ്യവിജയമായിരുന്നു ഈ സംഭവം. ഇതിനുശേഷം ജന്മിമാർ കർഷകരോട് പ്രതിഷേധിച്ച് തേറണ്ടിചിറ്റാരി, കൂവേരികല്ലൂർവീട് എന്നിവയ്ക്ക് സമീപമുണ്ടായിരുന്ന നടപ്പുരവഴികൾ മാറ്റി സ്ഥാപിച്ചു.

1941–42 കാലഘട്ടം സാധാരണക്കാർ പട്ടിണിയുടേയും കടബാധ്യതയുടേയും മൂർധന്യത്തിലായിരുന്നു. ജന്മി-കുടിയാൻ ബന്ധം ഉലയുന്നതിന് ഇതും കാരണമായി. പാട്ടക്കുടിയാന്മാർക്ക് സംരക്ഷണം ലഭിച്ചതും മധ്യ തിരുവിതാംകൂറിൽനിന്ന് കുടിയേറ്റ കർഷകർ മലപ്രദേശങ്ങളിൽ ഭൂമിവാങ്ങി പുതിയ കൃഷികൾ ആരംഭിച്ചതും കൃഷിരീതിയും ഭൂവിനിയോഗത്തിലും ഭൂ ഉടമ സമ്പ്രദായങ്ങളിലും മാറ്റംവരുത്തിത്തുടങ്ങി. 1947ന് മുമ്പുതന്നെ നരിക്കോട്ടില്ലം വക ആയിരക്കണക്കിനേക്കർ സ്ഥലം ആലപ്പുഴയിലെ ഒരു സ്വകാര്യ വ്യക്തി കശുമാവ് എസ്റ്റേറ്റാക്കി മാറ്റിയിരുന്നു. തൈലപ്പുൽകൃഷിയും അവർ ആരംഭിച്ചു.

1971ൽ നടപ്പാക്കിയ ഭൂപരിഷ്കരണനിയമം ജന്മി-കുടിയാൻ ബന്ധത്തിൽ വമ്പിച്ച മാറ്റങ്ങൾവരുത്തി: കൃഷി സമ്പ്രദായങ്ങളിലും അത്ഭുതകരങ്ങളായ മാറ്റങ്ങളാണ് പിന്നീട് സംഭവിച്ചത്.

1940കളിൽ ആരംഭിച്ച് കുടിയേറ്റം 1960–70കളിൽ ഏറ്റവും കൂടുതലായിത്തീർന്നു. ആദ്യകാലകുടിയേറ്റക്കാർ മലമടക്കുകളിൽ കാട്ടുമൃഗങ്ങളോട് പോരാടി ഹ്രസ്വകാലവിളകളും, വാർഷികവിളകളും, ദീർഘകാലവിളകളും കൃഷിചെയ്തുതുടങ്ങി. ആദ്യകാലങ്ങളിൽ പുതുമണ്ണിൽ നടത്തിയ കൃഷി അസാധാരണമായ ഫലം പുറപ്പെടുവിച്ചു. കപ്പക്കൃഷി പഞ്ചായത്തിലെങ്ങും വാണിജ്യാടിസ്ഥാനത്തിൽ വ്യാപിച്ചത് 1950ന് ശേഷമാണ്. മലനാടുകളിൽ തെങ്ങും, കുരുമുളകും(കരിമുണ്ട, അറക്കുളം), റബ്ബറും, കവുങ്ങും വ്യാപകമായി കൃഷിചെയ്തു. നടീൽ വസ്തുക്കൾ കർഷകർ തിരുവിതാംകൂറിൽനിന്ന് കൊണ്ടുവന്നു. കുറഞ്ഞവിലക്ക് കിട്ടിയ ഫലപുഷ്ടിയുള്ള മലഞ്ചെരിവുകൾ കൂടുതൽ കൂടുതൽ സ്വന്തമാക്കാൻ കുടിയേറ്റ കർഷകർ മത്സരിച്ചു. കുടിയേറ്റത്തിൻെറ

ആദ്യഘട്ടങ്ങളിൽ നടത്തിയ റബ്ബർകൃഷി ശാസ്ത്രീയ മായരുന്നില്ല. വളക്കൂറുളള മേൽമണ്ണ് വൻതോതിൽ നഷ്ടപ്പെടാൻ ആദ്യകാലകൃഷി സമ്പ്രദായം കാരണ മായിട്ടുണ്ട്. പഞ്ചായത്തിൽ നിലനിന്നിരുന്ന പരമ്പരാഗത കൃഷിരീതി വിവധവിള കൃഷിസമ്പ്രദായം-മാറി ഏകവിളസമ്പ്രദായം വ്യാപകമായി.

# ഇന്നത്തെ സ്ഥിതി:

ലഭ്യമായ സർക്കാർ രേഖകൾ അനുസരിച്ച് പഞ്ചായത്തിലാകെ 15548.75 ഏക്ര ഥലമാണുളളത്. ഈ സ്ഥലങ്ങൾ 7952 ഉടമസ്ഥരുടെ കൈകളിലാണ്. കൈവശാ വകാശ എണ്ണത്തിൽ ഇപ്പോൾ വീണ്ടും വർദ്ധനവു ണ്ടായിട്ടുണ്ട്. രേഖകളനുസരിച്ച് 564 ഏക്ര പുറമ്പോക്കും 476 ഏക്ര തരിശുമാണ്.

കൃഷിഭവൻ കണക്കനുസരിച്ച് ദീർഘകാലവിളകൾ കൃഷിചെയ്യുന്ന പഞ്ചായത്തിലെ കൃഷിയിടങ്ങളുടെ വിസ്തൃതിയും ഉത്പാദനക്ഷമതയും

| വിള | ഹെക്ടർ | ഉല്പാദന എണ്ണം | ഉല്പാദന ക്ഷമത |
|---|---|---|---|
| തെങ്ങ് | 600 | 1163750 | 5350 |
| കുരുമുളക് | 500 | 1,50,000കി.ഗ്രാം | 500കി.ഗ്രാം |
| കശുമാവ് | 1421 | 8,10,500കി.ഗ്രാം | 5ക്വിൻറൽ |
| മാവ് | 10 | 2800കി.ഗ്രാം | 25ക്വിൻറൽ |
| റബ്ബർ | 2075 | 35275ക്വിൻറൽ | 17ക്വിൻറൽ |
| കവുങ്ങ് | 400 | 4,00000കി.ഗ്രാം | 1000കി.ഗ്രാം. |

1. നാമമാത്ര കർഷകർ - 4060 (1ഹെക്ടറിൽകാഴെ)
2. ചെറുകിട കർഷകർ - 1230 (1 മുതൽ 2 വരെ)
3. വൻകിടകർഷകർ - 610 (2 ഹെക്ടറിന് മുകളിൽ)

പഞ്ചായത്തിൽകൃഷിയോഗ്യമല്ലാത്ത തരിശ് - 287.5 ഹെക്ടർ

പുരയിടം - 5168.59 ഹെക്ടർ

കാർഷിക കാലാവസ്ഥ മേഖലയനുസരിച്ച് ചപ്പാരപ്പടവ് പഞ്ചായത്ത് വടക്കൻ ഇടനാട്ടിൽപെടുന്നു. ശക്തിയായ കാലവർഷവും നീണ്ടവരൾച്ചയും ഉളള പ്രദേശമാണിത്. ലാറ്ററേറ്റ് മണ്ണ് എല്ലാ സ്ഥലങ്ങളിലും ഉണ്ട്, അല്പം ചിലിടങ്ങളിൽ എക്കൽമണ്ണും ഉണ്ട്. പടപ്പേ ങ്ങാട്, കൂറുംചിറക്കൽകാവ്, തടിക്കടവ് മഠം, മംഗരകാവ്, ചപ്പാരപ്പടവ് ജുമാമസ്ജിദിന്തൊട്ട് നിബിഢമായ വൃക്ഷ ങ്ങൾ വളർന്നുനില്ക്കുന്ന സ്ഥലം എന്നിവയാണ് പഞ്ചായ ത്തിലെ വൃക്ഷസമ്പത്തുളള സ്ഥലങ്ങൾ.

കരിങ്കയം, തടിക്കടവ്, എരുവാട്ടി എന്നിവിടങ്ങളിൽ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ മഴയുണ്ട്. നെല്ല്, തെങ്ങ്, കശുമാവ്, കമുക് എന്നീ വിളകൾക്ക് അനുയോജ്യ മായ മണ്ണാണ് പഞ്ചായത്തിൽ അധികം ഉളളത്. മലയോര പ്രദേശങ്ങൾ റബ്ബർ, കുരുമുളക്, തെങ്ങ് ഇവയ്ക്ക് യോജിച്ചതാണ്.

# നെൽകൃഷി:

പഞ്ചായത്തിൽ 25 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷിയുളളത്. മുമ്പ് പാടങ്ങളായിരുന്ന സ്ഥല ങ്ങളിലെല്ലാം തെങ്ങും കവുങ്ങും റബ്ബറും സ്ഥാനം പിടിച്ചു കഴിഞ്ഞു. പാടങ്ങൾ അപ്രത്യക്ഷമായതോടെ ഹ്രസ്വകാല കൃഷികളും ഗണ്യമായ കുറഞ്ഞു. പാടവും വൈക്കോൽ തുറുവും കാലിക്കൂടുകളിൽ പശുക്കളും ഗതകാലകാർഷിക സംസ്കാരത്തിന്റെ ഓർമ്മകളായിക്കഴിഞ്ഞു.

ഹ്രസ്വകാല വിളവ്, വിസ്തൃതി, ഉത്പാദനം

| വിള | വിസ്തീർണ്ണം | ഉല്പാദന എണ്ണം | ഉല്പാദന ക്ഷമത |
|---|---|---|---|
| നെല്ല് | 25ഹെക്ടർ | 55000കി.ഗ്രാം | 2200കി.ഗ്രാം |
| പയർ | 15 ,, | 3000 ,, | 200 ,, |
| എളള് | 45 ,, | 1300 ,, | 200 ,, |
| പച്ചക്കറികൾ | 40 ,, | 80000 ,, | 2000 ,, |

വാർഷിക വിളവ്

| വിള | വിസ്തൃതി | ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|
| വാഴ | 240ഹെക്ടർ | 6000ടൺ | 2500കി.ഗ്രാം |
| മരച്ചീനി | 540 ,, | 18000ക്വിൻറൽ | 30ക്വിൻറൽ |
| ഇഞ്ചി | 45 ,, | 1300 ,, | 20 ,, |
| മഞ്ഞൾ | 12 ,, | 24000 ,, | 25 ,, |
| പൈനാപ്പിൾ | 5 ,, | 2500കി.ഗ്രാം | 50 ,, |

പാടം ഒരു കാലത്ത് നമ്മുടെ ജലസംഭരണി കളായിരുന്നു. ഭൂഗർഭജലവിതാനം ഉയർത്തിനിർത്താൻ അന്ന് പാടങ്ങൾക്ക് കഴിഞ്ഞിരുന്നു. ഇന്ന് അനുഭവപ്പെടുന്ന ജലക്ഷാമത്തിന് പാടങ്ങൾ നികന്നുപോയതും ഒരു കാരണമാണ്. നെൽകൃഷിലാഭകരമല്ലാതായിത്തീർന്നതും, കർഷകത്തൊഴിലാളിക്ഷാമവും അഭ്യസ്തവിദ്യർ കാർഷിക മേഖലയിൽ താല്പര്യം കാണിക്കാത്തതും നെൽകൃഷിയെ ബാധിച്ചു. നാട്ടിൽ നിലവിലുണ്ടായിരുന്ന നെല്ലിനങ്ങളും ഇന്ന് നാമാവശേഷമായി. കൃഷിഭൂമിതുണ്ടുകളായി ത്തീർന്നതും ജനസംഖ്യാ വർദ്ധനവും നെൽപ്പാടങ്ങളുടെ വിസ്തൃതി കുറയാൻ കാരണമായി.

എളമ്പേരത്ത് ഒരു പാടശേഖരക്കമ്മിറ്റി പ്രവർത്തിച്ചു വരുന്നു.

# തെങ്ങ്:

കൃഷിഭവൻ കണക്കനുസരിച്ച് 600 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ഉണ്ട്. 5000 കായ്ഫലമുളള തെങ്ങുകളും 25000കായ്ഫലമില്ലാത്ത തെങ്ങുകളും ഉണ്ട്.

**കൃഷിഭവനിൽനിന്ന് പഞ്ചായത്തിൽ വിതരണം ചെയ്ത തെങ്ങിൻ തൈകൾ**

| 1993-94 | 1994-95 | 1995-96 |
|---|---|---|
| 1750 | 1525 | 1098 |

കൃഷിഭവൻ വിതരണം ചെയ്ത തെങ്ങിൻ തൈകൾക്ക് പുറമേ ധാരാളം തെങ്ങിൻ തൈകൾ സ്വകാര്യ നേഴ്സറികളിൽ നിന്നും, നീലേശ്വരം തെങ്ങ് ഗവേഷണ കേന്ദ്രത്തിൽനിന്നും കർഷകർവാങ്ങി കൃഷി ചെയ്തിട്ടുണ്ട്. തെങ്ങ്കൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിച്ചെങ്കിലും ശാസ്ത്രീയമായ വിള പരിപാലനരീതികൾ സ്വീകരിക്കാൻ കർഷകർക്ക് കഴിഞ്ഞിട്ടില്ല. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കൾ മണ്ണിനും കാലാവസ്ഥക്കും അനുസരിച്ച് തെരഞ്ഞെടുക്കാനും കർഷകർക്ക് കഴിയുന്നില്ല.

പഞ്ചായത്തിൽ ഒരു കേരവികസന സമിതി പ്രവർത്തിക്കുന്നുണ്ട്.

# കശുമാവ്:

1421 ഹെക്ടർ സ്ഥലത്ത് കശുമാവ്കൃഷി നടത്തുന്നു. ആണ്ടുതോറും കൂടുതൽ നടീൽ വസ്തുക്കൾ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. ഉല്പാദന ക്ഷമതയുള്ള ഇനങ്ങൾ കൃഷിചെയ്യാൻ പ്രോത്സാഹനങ്ങൾ ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ മണ്ണും കാലാവസ്ഥയും കശുമാവിന് യോജിച്ചതാണ്. തേയിലക്കൊതുകിന്റെ ഉപദ്രവവും പുഴുക്കുന്നും കാലാവസ്ഥയിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന മാറ്റങ്ങളും കൃഷി പരിപാലനത്തിലെ അശാസ്ത്രീയതയും ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്.

# കവുങ്ങ്:

പഞ്ചായത്തിൽ 400 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിയുണ്ട്. നെൽപാടങ്ങളിൽ ഒരു വ്നല്ലശതമാനം കവുങ്ങ് കൃഷിക്ക് വഴിമാറിക്കൊടുത്തു. 1995-96ൽ 1243 തൈകൾ കൃഷിഭവൻ വിതരണം ചെയ്തിട്ടുണ്ട്. ഉല്പാദന ശേഷികൂടിയ മംഗള, കാസർഗോഡൻ തുടങ്ങിയ ഇനങ്ങൾ കൃഷിചെയ്യാൻ കർഷകർ താല്പര്യം കാണിക്കുന്നു. ജലദൗർലഭ്യം ഈ കൃഷിയുടെ ഉല്പാദനത്തെ ബാധിക്കുന്ന ഘടകമാണ്. കൂമ്പുചീയൽ, മഹാളി തുടങ്ങിയവയാണ് പ്രധാന രോഗങ്ങൾ.

# കുരുമുളക്:

പഞ്ചായത്തിൽ ഇന്ന് ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്ന സുഗന്ധവിളക്കൃഷിയാണിത്. സമീപകാലം വരെ കർഷകർ ഏറ്റവും കൂടുതൽ ശ്രദ്ധചെലുത്തിയിരുന്ന കുരുമുളക് കൃഷിയ ദ്രുതവാട്ട രോഗത്തിൽനിന്ന് ഫലപ്രദമായി രക്ഷിക്കാൻ കഴിയുന്നില്ല. പൊള്ളുരോഗവും വേര് ചീയലും പ്രധാനരോഗങ്ങളാണ്. ചെടികൾ നശിച്ച സ്ഥലത്ത് പുതുകൃഷി ചെയ്താൽ വീണ്ടും രോഗം ബാധിക്കുന്നു. ഒരുകാലത്ത് കുരുമുളക് വളപ്പുകളായി അറിയപ്പെട്ടിരുന്ന സ്ഥലങ്ങളിൽ കർഷകർ റബ്ബർകൃഷിചെയ്യുന്നു. രോഗപ്രതിരോധശക്തിയുള്ള കല്ലുവളളി, വാലൻകൊട്ട എന്നീ ഇനങ്ങൾ ഇപ്പോൾ ദുലഭമാണ്. അത്യുല്പാദന ശേഷിയുള്ള കുരുമുളകിനങ്ങൾ കൃഷിഭവനും കരിമ്പം ഇ.ടി.സി.യും പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രവും വിതരണം ചെയ്യുന്നുണ്ട്.

കുരുമുളക് വികസന സമിതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

# റബ്ബർ:

പഞ്ചായത്തിൽ 2075 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിചെയ്യുന്നു. മറ്റെല്ലാ കൃഷിവിളകളേയും പിന്നിലാക്കി റബ്ബർ ഇവിടെ സർവത്ര വ്യാപിച്ചു കഴിഞ്ഞു. 1940കളിൽ കുടിയേറ്റത്തൊടൊപ്പം മലബാറിൽ റബ്ബർകൃഷിയും ആരംഭിച്ചുവെങ്കിലും 1950കളിലാണ് പഞ്ചായത്തിൽ ഈ കൃഷി തുടങ്ങിയത്. ഉല്പാദനശേഷി കുറഞ്ഞ ബീജ മരങ്ങളിൽനിന്ന് അത്യുല്പാദനശേഷിയുള്ള ബഡ്ഡുമരങ്ങളിലേക്കുള്ള മാറ്റം 1970കളിൽ ആരംഭിച്ചു. പഞ്ചായത്തിൽ അടുത്തകാലത്ത് റബ്ബർകൃഷിക്ക് അസാധാരമായ പുരോഗതി ഉണ്ടായിട്ടുണ്ട്. റബ്ബർബോർഡ് നടപ്പാക്കുന്ന വികസനപദ്ധതിയിൽ റബ്ബർകൃഷിയിൽ ജനങ്ങൾക്ക് താല്പര്യം ഉണ്ടാക്കുന്നു. ഇന്ന് കർഷകർ ഇഷ്ടപ്പെടുന്നത് ആർ.ആർ.ഓ.ജെ.105 എന്ന ഇനം ബഡ്ഡ് മരങ്ങളാണ്

കശുമാവിൻതോട്ടങ്ങൾ ക്രമേണ റബ്ബർകൃഷിക്ക് വഴിമാറിക്കൊടുക്കുന്നുണ്ട്. ഏറ്റവും ചെറിയ തുണ്ടുഭൂമിയിൽപോലും റബ്ബർകൃഷിചെയ്യാൻ കർഷകർ താല്പര്യപ്പെടുന്നു. പഞ്ചായത്തിലെ ഏറ്റവും ഉല്പാദനക്ഷമതയുള്ള റബ്ബർ മരങ്ങൾ അഞ്ചാം വാർഡിലാണ് ഉള്ളത്. ചീക്കും പട്ടമരപ്പുമാണ് റബ്ബറിന്റെ പ്രധാനരോഗങ്ങൾ.

വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നിവയാണ് പഞ്ചായത്തിൽ കൃഷി ചെയ്യുന്ന വാർഷിക വിളകൾ. കുടിയേറ്റത്തിന്റെ ആദ്യഘട്ടങ്ങളിൽ ആരംഭിച്ച മരച്ചീനിക്കൃഷി 1980കളുടെ പകുതിയോടെ മന്ദീഭവിച്ചു. മണ്ണൊലിപ്പിന് പ്രതിവിധികാണാതെ വ്യാപകമായ നടത്തിയ മരച്ചീനിക്കൃഷി ഗണ്യമായ തോതിൽ മേലമണ്ണ് നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. ഇന്ന് ഭക്ഷ്യാവശ്യത്തിന് മാത്രം മരച്ചീനികൃഷി ചെയ്യുന്നു.

പഞ്ചായത്തിൽ 240ഹെക്ടർ സ്ഥലത്ത് വാഴയും 45 ഹെക്ടർസ്ഥലത്ത് ഇഞ്ചിയും കൃഷിചെയ്യുന്നു. ഈ രണ്ടുകൃഷികളും പഞ്ചായത്തിലെ എല്ലാ മണ്ണിലും കൃഷി ചെയ്യാൻപറ്റും. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിലാണ് വാഴകൃഷി അധികവും ഉള്ളത്. റബ്ബർ ആവർത്തന കൃഷി നടത്തുന്ന സ്ഥലത്ത് ആദ്യവർഷങ്ങളിൽ ഇഞ്ചിയും വാഴയും ചേനയും ഇടവിളയായി ചെയ്താൽ അത് വളർന്നുവരുന്ന റബ്ബർമരങ്ങൾക്ക് കൂടുതൽ പരിരക്ഷണം കൊടുക്കാൻ ഇടയാകുന്നു. കൂടാതെ ഇടവിളയിൽനിന്ന് നല്ല ആദായം ലഭിക്കുകയും ചെയ്യുന്നു.

മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ എല്ലാ ഭാഗത്തും ഉണ്ട്. 10ഹെക്ടർ സ്ഥലത്ത് മാവ്കൃഷി നടത്തുന്നുണ്ടെന്ന് കൃഷിഭവൻ കണക്ക് വ്യക്തമാക്കുന്നു. ഒട്ടുമാവിനങ്ങൾ കർഷകർക്ക് തൃപ്തികരമായ ഉല്പാദനം ഉണ്ടാക്കുന്നില്ല, എന്നാൽ പല നാടൻ ഇനങ്ങളും നല്ല ഉല്പാദനക്ഷമതയുള്ളവയാണ്.(ഉദാഹരണം കുറ്റ്യാട്ടൂർ മാവ്) പുരയിടങ്ങളിൽ പണ്ട് കണ്ടിരുന്ന നാടൻ മാവുകൾ മിക്കവയും നശിപ്പിക്കപ്പെട്ടുകഴിഞ്ഞു. മലയോര മേഖലകളിൽ ജാതി, ഗ്രാമ്പൂ, സപ്പോട്ട, കുടംപുളി, കറുവ എന്നിവയും കൃഷിചെയ്യുന്നുണ്ട്. പഞ്ചായത്തിൽ കൂൺകൃഷി, ഓർക്കിഡ്കൃഷി, ഔഷധസസ്യകൃഷി എന്നിവയെപറ്റിയുള്ള അറിവ് കടന്നുവന്നിട്ടുണ്ട്. നാടുകാണിയിൽ പ്ലാന്റേഷൻ കോർപറേഷൻ കറുവ കൃഷിയും നടത്തുന്നുണ്ട്.

## സാധ്യതകൾ:

1. എളമ്പേര്യം വയലിലുള്ള രണ്ട് കുളങ്ങൾ വലുതാക്കിയാൽ ജലസേചനം സാധ്യമാണ്. പാടശേഖരത്തിൽ ഒരു വിളയ്ക്ക് പകരം രണ്ടുവിളകൃഷി ചെയ്യാം. കൃഷി ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ ചെയ്യണം.

2. മണ്ണിനും കാലാവസ്ഥയ്ക്കും പറ്റിയതെന്ന് തെളിയിക്കപ്പെട്ട നാടൻ തെങ്ങിൻ തൈകൾ പ്രാദേശികമായി ഉല്പാദിപ്പിക്കാനും വിതരണം ചെയ്യാനും കഴിഞ്ഞാൽ ഉല്പാദനം വർദ്ധിപ്പിക്കാം. നടീൽ വസ്തുക്കളുടെ ഗുണനിലവാരത്തിലും ത്രിതലകൃഷി സമ്പ്രദായത്തിലും ശാസ്ത്രീയ കൃഷി പരിപാലനത്തിലും ശ്രദ്ധയും പ്രോത്സാഹനവും വേണം. കുരുമുളക്, കശുമാവ്, കമുക്, റബ്ബർ എന്നിവയ്ക്കും പ്രാദേശികമായി നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന സംവിധാനം ഉണ്ടാക്കണം.

3. കൃഷിഭവന്റെ സേവനം പഞ്ചായത്തിൽ മുഴുവനും ലഭ്യമാക്കുന്നതിന് അതിന്റെ ആസ്ഥാനം ചപ്പാരപ്പടിവവിലേക്ക് മാറ്റേണ്ടതാണ്.

4. കൂൺകൃഷി, ഓർക്കിഡ്കൃഷി, ഔഷധസസ്യകൃഷി, മൾബറികൃഷി എന്നിവയ്ക്ക് പഞ്ചിയത്തിൽ സ്ഥാനം കൊടുക്കണം. കൃഷിരീതിയിൽ പരിശീലനവും ലഭിക്കണം.

5. മാതൃകാകൃഷിത്തോട്ടങ്ങൾ, കൃഷിപ്രദർശനങ്ങൾ, കൃഷിമേളകൾ ഇവയ്ക്കുവേണ്ട പരിപാടികൾ തയ്യാറാക്കുകയും സമ്മാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. - പരിപാടികൾക്ക് ജനപങ്കാളിത്തം ഉറപ്പുവരുത്തണം.

6. ചപ്പാരപ്പടവ് പുഴയുടെ വശങ്ങൾ, തലവിൽ, നാടുകാണി പ്രദേശങ്ങൾ എന്നിവ സാമൂഹ്യവനവല്കരണത്തിന് സാധ്യതയുള്ള സ്ഥലങ്ങളാണ്.

7. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ജൈവവൈവിധ്യങ്ങൾ നിലനിർത്തുന്നതിന് സഹായകമായ രീതിയിൽ ഔഷധസസ്യത്തോട്ടം നിർമ്മിക്കാൻ സാധ്യതയുണ്ട്.

8. കൃഷിക്കാർക്ക് പദ്ധതികളെപറ്റിയും ശാസ്ത്രീയ കൃഷിരീതികളെ പറ്റിയും മറ്റും അറിവ് കൊടുക്കുന്നതിന് പഞ്ചായത്തിൽ ഇൻഫരമേഷൻ സെന്റർ ആവശ്യമാണ്.

9. മണ്ണ് പരിശോധന, രാസവളപ്രയോഗങ്ങൾ, കീടനാശിനിപ്രയോഗങ്ങൾ, മണ്ണ്-ജലം ഇവയുടെ സംരക്ഷണം, ജൈവവളനിർമ്മാണം എന്നിവയെപ്പറ്റി കർഷകർക്ക് ബോധവല്കരണം നടത്തണം.

10. വിവിധ കാർഷിക,മിതികളുടെ പ്രവർത്തനം ഏകീകരിക്കുകയും കൃഷിയെ മൃഗസംരക്ഷണവുമായി കൂടുതൽ ബന്ധിപ്പിക്കുകയും വേണം.

# ജലസേചനം, മണ്ണ് സംരക്ഷണം

**പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മണ്ണ് സംരക്ഷണ പദ്ധതിയെപ്പറ്റിയുള്ള വിവരങ്ങൾ**

| നമ്പർ | പദ്ധതിയുടെ പേർ | പദ്ധതിപ്രദേശത്തിൻെറ വിസ്തീർണ്ണം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | സംരക്ഷിക്കപ്പെട്ടസ്ഥലങ്ങളുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കൾ | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|
| 1 | നായിക്കാന്ത് തോട് W.D.G.D | 780 ഹെക്ടർ | 9435000/- | 72 | 12-1-95 | തുടർന്നുകൊണ്ടിരിക്കുന്നു. | 12 ഹെക്ടർ | 41 | 8ലക്ഷം |
| 2 | വിളയാർ കോട് I.H.D.P | 8 ഹെക്ടർ | 193500/- | 23 | 16.5.95 | തുടർന്നു കൊണ്ടിരിക്കുന്നു | 3 ഹെക്ടർ | 16 | 48667/- |
| 3 | കീരിത്തോട് | 104.8 ഹെക്ടർ | 270800/- | 218 | 1.3.93 | തുടർന്നു കൊണ്ടിരിക്കുന്നു | 30.5 ഹെക്ടർ | 68 | 708188/- |
| 4 | എടക്കോം | 5.70 ഹെക്ടർ | 28.5 ലക്ഷം | 418 | 2.2.92 | തുടർന്നു കൊണ്ടിരിക്കുന്നു. | 50 ഹെക്ടർ | 135 | |

**പഞ്ചായത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ**

| നമ്പർ | പദ്ധതിയുടെ പേർ | ആയക്കെട്ട് വിസ്തീർണ്ണം | എസ്റ്റിമെൻറ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അടങ്കൽതുക | ലക്ഷ്യം |
|---|---|---|---|---|
| 1 | കക്കോട് എന്ന സ്ഥലത്ത് കുളംകുഴിച്ച് ജലസേചനം നടത്താൻ | 30 ഏക്കർ | 2 ലക്ഷം | ജലസേചനം |
| 2 | ഉറൂട്ടേരിയിൽ കുളം കുഴിച്ച് ജലസേചനം | 30 ഏക്കർ | 2 ലക്ഷം | ജലസേചനം |
| 3 | എരുവാട്ടിറേഷൻകടയ്ക്ക്സമീപം ചെക്ക്ഡാം നിർമ്മാണം | 50 ഏക്കർ | -- | ജലനിരപ്പ് ഉയർത്തൽ |

**പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികൾ**

| നമ്പർ | പദ്ധതിയുടെ പേർ | ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | എസ്റ്റിമെൻറ് തുക | ആയകെട്ട് വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | മാതോട് എന്ന സ്ഥലത്ത് കുളം കുഴിച്ച് ജലസേചനം നടത്താൻ | 1993 | 90% പണി പൂർത്തിയായി | 2 ലക്ഷം | 35 ഏക്കർ |
| 2 | പടപ്പേങ്ങാട്ട് കുളം കുഴിച്ച് ജലസേചനം നടത്താൻ | 1990 | 1995 | 1 ലക്ഷം | 20 ഏക്കർ |

ജൂണിൽ ആരംഭിച്ച് സെപ്തംബറിൽ അവസാനിക്കുന്ന കാലവർഷവും ഒക്ടോബർ-നവംബറിൽ ലഭിക്കുന്ന തുലാവർഷവും പഞ്ചായത്തിൽ ശക്തിയായ വേഗത്തിൽ പെയ്യുന്നു. മണ്ണൊലിപ്പ് അതുകൊണ്ട് തന്നെ രൂക്ഷമാണ്. 60ഓളം തോടുകളും നീരൊഴുക്കുകളും പഞ്ചായത്തിൽ ഉണ്ട്. ഇവയിലെല്ലാം ജലംതടഞ്ഞുനിർത്തി മണ്ണ് സംരക്ഷിക്കുന്നിനും ജലവിതാനം ഉയർത്തുന്നതിനും ആവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതാണ്.

# സാധ്യതകൾ:

1. 1957മുതൽ ചപ്പാരപ്പടവ് പുഴയിൽ ഉറൂട്ടേരിയിൽ ജലം തടഞ്ഞുനിർത്തി ജലസേചനം നടത്തുന്നതിനെ സംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടുണ്ട്. പട്ടുവം, ചെറുകുന്ന്, ഏഴോം, കണ്ണപുരം എന്നീ സ്ഥലങ്ങളിലേക്ക് ജലം കൊണ്ടുപോകാൻ ഒരു വൻകിട ജലസേചന പദ്ധതി ആവശ്യമാണ്. എന്നാൽ ഇന്ന് ഉറൂട്ടേരിയിൽ ഒരു ബ്രിഡ്ജ് കം റഗുലേറ്റർ പദ്ധതി നടപ്പിലാക്കിയാൽ നദീതീരത്തിൽ താമസിക്കുന്നവർക്ക് നഷ്ടമുണ്ടാകാത്ത രീതിയിൽ ജലവിതാനം ഉയർത്തി മണ്ണും ജലവും സംരക്ഷിക്കണം. ജലസേചന സൗകര്യം വർദ്ധിപ്പിച്ച് നാണ്യവിളകളുടെ ഉല്പാദനം കൂട്ടാം - കുടിവെള്ളപ്രശ്നം പരിഹരിക്കാം.

2. ചപ്പാരപ്പട് പുഴയിൽ കാട്ടാമ്പള്ളിക്കടവിൽ ബ്രിഡ്ജ് കം റഗുലേറ്റർ നിർമ്മിച്ച് ജലവിതാനം ഉയർത്തണം. ഈ പദ്ധതികൊണ്ട് ഉപ്പുവെള്ളം പുഴയിലേക്ക് കയറുന്നത് തടയാം. ജലസേചനം ചെയ്ത് ഒരുവിളപാടങ്ങളെ ഇരുവിളപാടങ്ങളാക്കാം. ഒന്ന്, രണ്ട് വാർഡുകളിൽ ഈ പദ്ധതികൊണ്ട് കമ്മ്യൂണിറ്റി ഇറിഗേഷനും സാധ്യമാണ്. കുടിവെള്ളപ്രശ്നവും പരിഹരിക്കാം; ലിഫ്റ്റ് ഇറിഗേഷനും സാധ്യതയുണ്ട്.

3. എളമ്പേരൃം വയൽകുളം, ചേളാവയൽകുളം നിർമ്മിച്ച് ജലസേചനത്തിന് സൗകര്യം ഉണ്ടാക്കണം. ഈ രണ്ടുപദ്ധതികൾകൊണ്ടും ഇരുപത് ഹെക്ടർ നിലം നെൽകൃഷിക്ക് ഉപയോഗിക്കാം.

4. ചപ്പാരപ്പടവ് പുഴയിൽ കട്ടയാൽ, കരിങ്കയം, മണക്കൽ, വിമലശ്ശേറി, ഓടക്കടവ് എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിച്ച് ജലവിതാനം ഉയർത്താൻ സാധ്യതയുണ്ട്.

5. ക്രോസ്ബാറുകൾ, ബണ്ടുകൾ, തടയണകൾ എന്നിവ നിർമ്മിച്ച് മണ്ണും ജലവും സംരക്ഷിക്കാനും ജലസേചനം സാദ്ധ്യമാക്കാനും കഴിയുന്ന സ്ഥലങ്ങളുടെ പേരും സ്ഥാനവും ലക്ഷ്യവും താഴെകൊടുക്കുന്നു.:

| നമ്പർ | തോട് അല്ലെങ്കിൽ കുളം | സ്ഥാനം | ലക്ഷ്യങ്ങൾ |
|---|---|---|---|
| 1. | മുണ്ടപ്ലാവ് തോട് | പാടയാടിനടിവശം ബണ്ട് | തെങ്ങ്, കവുങ്ങ്, ജലസേചനം |
| 2 | ഐവളപ്പതോട് | കൊടുമുകളിൽ ബണ്ട് | തെങ്ങ്, ഡ്രിപ്പ് ഇറിഗേഷൻ |
| 3 | തൈവളപ്പ് തോട് | കോറയ്ക്ക് സമീപം ബണ്ട് | തെങ്ങ്, കവുങ്ങ്, ഡ്രിപ്പ് ഇറിഗേഷൻ |
| 4 | പെരുമ്പത്തോട് | പെരുമ്പത്തോട് വയൽബണ്ട് | നെൽകൃഷി–ജലസേചനം |
| 5 | പറത്തോട് | പറത്തോട് ആരംഭിക്കുന്നിടത്ത്കുളം | തെങ്ങ്, കവുങ്ങ്, പച്ചക്കറി, നേന്ത്രവാഴ,ജലസേചനം |
| 6 | കൊട്ടക്കാനം തോട് | വയലിനുമുകളിൽ ബണ്ട് | തെങ്ങ്, പച്ചക്കറി, പമ്പ് ഉപയോഗിച്ച് ജലസേചനം |
| 7 | ലഡാക്ക് തോട് | ബണ്ട് | ജലസേചനം |
| 8 | പൂവുള്ളകുണ്ട് | ബണ്ട് | ജലംഉയർത്തൽ, മണ്ണ് സംരക്ഷണം |
| 9 | നീരുളിത്തോട് | ബണ്ട് | ജലം ഉയർത്തൽ, മണ്ണ് സംരക്ഷണം |
| 10 | പഞ്ചായത്താഫീസിന് ഒഴുകുന്നതോട് | തടയണകൾകൊണ്ട് ജലം തടഞ്ഞുനിർത്തുക | ജലവിതാനം ഉയർത്തൽ, മണ്ണ് സംരക്ഷണം. |
| 11 | കാണിക്കത്തോട് | ബാലേശുഗിരിപള്ളിക്ക് സമീപം | തെങ്ങ്, കവുങ്ങ്, മണ്ണ് സംരക്ഷണം |
| 12 | " | പത്തായക്കുണ്ട് ബണ്ട് | കവുങ്ങ്, തെങ്ങ്, ജലസേചനം |
| 13 | " | കരിപ്പനത്തോട് വയലിന് സമീപം ബണ്ട് | ജലസേചനം, തെങ്ങ്, കവുങ്ങ് |
| 14 | ചാണോകുണ്ട് ഉറൂട്ടേരിതോട് | ചാണോകുണ്ടിന് സമീപം ബണ്ട് | പച്ചക്കറി, തെങ്ങ്, കവുങ്ങ്, ജലസേചനം |
| 15 | കുളം | കരിങ്കയം സ്കൂളിന് തെക്ക്ഭാഗം | പമ്പ് ഉപയോഗിച്ച് ജലസേചനം, കവുങ്ങ്, തെങ്ങ് |

| | | | |
|---|---|---|---|
| 16 | എരുവാട്ടിത്തോട് | ചെക്ക്ഡാം | ജലസേചനം |
| 17 | വണ്ണാത്തിക്കടവ് | " | " |
| 16 | കുളം | വിമലശ്ശേരി | " |
| 19 | " | ചാമയിട്ടമല | " |
| 20 | " | എരുവാട്ടി വായനശാലക്ക് സമീപം | " |
| 21 | ചൂളിയാർകുണ്ട് തോട് | തടയണ | ജലവിതാനം ഉയർത്തൽ<br>മണ്ണ് സംരക്ഷണം |
| 22 | ഞെക്ലിത്തോട് | " | " |
| 23 | വായാട്പറമ്പ് കവലയിൽകുളം | കുളം | കുടിവെള്ളം, പട്ടികജാതി-വർഗ്ഗകോളനി |
| 24 | മംഗരപരുത്തിത്തോട് | ബണ്ടുകൾ നിർമ്മാണം | ജലസേചനം |
| 25 | കട്ടയാൽതോട് | തടയണ | ജലസംഭരണം |
| 26. | മഞ്ഞക്കാട് തോട് | " | ജലസംഭരണം,<br>മണ്ണൊലിപ്പ് തടയൽ |
| 27 | കരുവൻ ചിററക്കുളം | കുളം | ജലസേചനം |
| 28 | കുണ്ട്യം | " | " |

ജനങ്ങളുടെ പങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പാക്കാൻ സാധ്യതയുമുണ്ട്.

# 2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗപരിപാലനം

കാർഷിക സംസ്കാരത്തിന്റെ അഭിവാജ്യ ഘടകമാണ് മൃഗസംരക്ഷണം. കൃഷിപ്പണികൾക്കും പാലിനും ആഹാരത്തിനും വളത്തിനും മൃഗങ്ങളെ പണ്ടുമുതൽ വളർത്തിപ്പോന്നു. ഗ്രാമങ്ങളിൽ കാളവണ്ടികൾ സർവ്വസാധാരണമായിരുന്ന കാലം ഇന്നില്ല.

പടപ്പേങ്ങാട് കൂവേരി, തലവിൽ എന്നിവിടങ്ങളിൽ കാലികളെ കൂട്ടമായി വളർത്തിയിരുന്നു. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ – തലവിൽ, നാടുകാണി, എടക്കോംതട്ട്– കാലിമേയക്കാൻ ധാരാളം സ്ഥലങ്ങളുണ്ടായിരുന്നു. വളച്ചുകെട്ടിയ വേലികൾക്കുള്ളിൽ കാലികളെ രാത്രി കാലങ്ങളിൽ ഒരുമിച്ചുകൂട്ടു സംരക്ഷണം നൽകിയിരുന്നു. ഇത്തരം കാലിക്കൂടുകളെ "കരക്ക്" എന്നാണ് വിളിച്ചിരുന്നത്. നല്ലയിനം വെളളക്കാളകളെ കർണ്ണാടകത്തിലെ സുബ്രഹ്മണ്യത്തിൽ നിന്ന്കൊണ്ടു വരുന്ന പതിവും ഉണ്ടായിരന്നു. അന്ന് നാടൻ പശുക്കൾക്ക് ഒന്നരലിറ്ററിൽ കൂടുതൽ പാൽ കിട്ടിയിരുന്നില്ല. കുളമ്പ്രോഗം വന്നാൽ തേക്കിൻ തടിയിൽനിന്ന് എണ്ണയെടുത്ത് പുരട്ടുന്ന രീതിഉണ്ടായിരുന്നു. കൂവേരിയിലും മറ്റും കാലികൾക്ക് വെളളം കൊടുക്കുന്നതിന് നിർമ്മിക്കപ്പെട്ട വെളളപ്പാത്തികൾ അടുത്തകാലംവരെ അവശേഷിച്ചിരുന്നു.

നെൽപ്പാടങ്ങൾ കുറഞ്ഞതോടെ കാലിവളർത്തലിന്റെ പ്രാധാന്യം കുറഞ്ഞു. വിശാലമേച്ചിൽ സ്ഥലങ്ങളും ഇന്നില്ല. ഉല്പാദനശേഷി കൂടുതലുളള കറവുമാടുകളെ അവനവന്റെ സ്ഥലത്തുതന്നെ വളർത്താൻ കർഷകൻ ശ്രമിക്കുന്നു. പാലിനും ഇറച്ചിക്കും മൃഗങ്ങളെ സംരക്ഷിക്കുന്ന രീതിയാണ് ഇന്നുളളത്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മൃഗപക്ഷി സംരക്ഷണം നടക്കുന്നുണ്ട്.

ഗ്രാമസഭാറിപ്പോർട്ടുകളനുസരിച്ച് പഞ്ചായത്തിലെ മൃഗസംരക്ഷണം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു:

| വാർഡ് | പഞ്ചായത്തിൽ കൂടുതൽ കന്നുകാലി വളർത്തുന്ന സ്ഥലങ്ങൾ | ഗോവർ ഗ്യാസ് | പാൽവിപണനം | കാലിയിനം | പുൽ കൃഷി | മിൽക് സൊ സൈറ്റി | ഇറച്ചിക്കോഴി കളെ വളർത്തൽ | മുയൽ വളർത്തൽ |
|---|---|---|---|---|---|---|---|---|
| 1 | ചിലവീടുകളിൽമാത്രം | 1 | കടകളിൽ സൊസൈറ്റി കളിൽ | നാടൻ, സങ്കരയിനം | ഇല്ല | ഇല്ല | രണ്ട്കേന്ദ്രങ്ങൾ | ഇല്ല |
| 2 | മിക്കഭാഗത്തും കാലികളെ വളർത്തുന്നു. | ഇല്ല | വിഷമം | " | " | " | ഇല്ല | " |
| 3 | ഇടക്കോം ഭാഗത്ത് | 3 | ഇടക്കോം ക്ഷീരവ്യവസായ സഹകരണ സംഘം | ജേഴ്സി ക്രോസ് | നടത്തു ന്നുണ്ട് | ക്ഷീര വ്യവസായ സഹകരണ സംഘം | " | " |
| 4 | ശാന്തിഗിരി, മടക്കാട് | 1 | പാൽ സൊസൈറ്റി | ജേഴ്സി | ഇല്ല | ഇല്ല | രണ്ട്കേന്ദ്രങ്ങൾ | " |
| 5. | ചിലവീടുകളിൽമാത്രം | 1 | വിഷമം | സങ്കരം നാടൻ | " | " | നാല്കേന്ദ്രങ്ങൾ | " |
| 6. | വാർഡിൽപൊതുവേ | 3 | മീൻപറ്റി,ചാണോകുണ്ട് സൊ സൈറ്റികളിൽ | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | കുറ്റിപ്പുഴ | ഇല്ല | വിഷമം | നാടൻ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8 | എരുവാട്ടി | 5 | എരുവാട്ടി പാൽ സൊസൈറ്റി | സങ്കരം, നാടൻ അധികം | " | എരുവാട്ടി പാൽ സൊസൈറ്റി | " | ഉണ്ട് |
| 9 | പെരുമ്പട്, തലവിൽ-അതിർകുന്ന് | ഇല്ല | വിഷമം, ചായക്കടകളിൽ | നാടൻ, സങ്കരം | " | ഇല്ല | രണ്ട്കേന്ദ്രങ്ങൾ | ഇല്ല |
| 10 | പൊതുവെ എല്ലാഭാഗത്തും | " | കടകൾ, മിൽമ | നാടൻ, സങ്കരയിനം | " | " | ഇല്ല | " |
| 11 | | 1 | | | | | | |

**കീ വില്ലേജിൽനിന്ന് ലഭിച്ച വിവരം**

| കാലികൾ | എരുമ | ആട് | നാടൻകറവപശു | സങ്കരയിനം |
|---|---|---|---|---|
| 5155 | 70 | 1783 | 492 | 191 |

പഞ്ചായത്തിൽ വളർത്തുന്ന പശുക്കളിൽ 72%വും നാടൻ പശുക്കളാണ്. 28%മാത്രമാണ് സങ്കരയിനങ്ങൾ. പിണ്ണാക്ക്, വൈക്കോൽ, കാലിത്തീറ്റ ഇവ വിലകൊടുത്തു വാങ്ങുനു. ഒരു വാർഡിൽ മാത്രമാണ്. പുൽകൃഷിയുള്ളത്. 15 സ്ഥലങ്ങളിൽ ഗോവർഗ്യാസ് നിർമ്മിക്കുന്നുണ്ട്. ഇറച്ചി ക്കോഴി വളർത്തൽ 12സ്ഥലങ്ങളിലും മുയൽ വളർത്തൽ ഒരു സ്ഥലത്ത് മാത്രവും നടത്തുന്നു. ക്ഷീരവിപണന ത്തിന് പലസ്ഥലത്തും വിഷമം അനുഭവപ്പെടുന്നു. വെറ്റിനറി ഡോക്ടർമാരുടെ സേവനം പഞ്ചായത്തിൽ ഒട്ടും തൃപ്തികരമല്ലെന്ന് എല്ലാ ഗ്രാമസഭകളും പ്രത്യേകം റിപ്പോർട്ട് ചെയ്യുന്നു.

# സാധ്യതകൾ:-

1. മാതൃകാ ഡയറിഫാമുകൾ, മാതൃകാകന്നുകാലി തൊഴുത്തുകൾ, കന്നുകാലിപ്രദർശനങ്ങൾ എന്നിവയ്ക്ക് സ്ഥാനം കൊടുത്ത് കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

2. കാലിത്തീറ്റയ്ക്ക് പുല്ലിനങ്ങൾ കൃഷിചെയ്യുക. നീർത്തടപദ്ധതി പ്രദേശങ്ങൾപുൽകൃഷിചെയ്ത് കാലി വളർത്തൽ ആദായകരമാക്കാം. പുൽപയർ, മക്കച്ചോളം, വൻപയർ എന്നിവ കാലിത്തീറ്റകളായി കൃഷി ചെയ്യാം.

3. ഗുണമേന്മയുള്ള സങ്കരയിനം കറവുമാടുകളെ കർഷകന് ലഭിക്കുന്നതിനും അവയെ ഇൻഷുർചെയ്യുന്നതിനും പദ്ധതികൾ ഉണ്ടാകണം.

4. കൃത്രിമ ബീജസങ്കലനം വഴി ഗുണമേന്മയുള്ള കാലിയിനങ്ങളെ വർദ്ധിപ്പിക്കുന്നതിനും മൃഗരോഗ ചികിത്സക്കും മൃഗപരിപാലനത്തിൽ കർഷകരെ സഹായിക്കാനും മൃഗാശുപത്രി അനിവാര്യമാണ്. അതിന്റെ സേവനം ആവശ്യമുള്ള എല്ലാവർക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

5. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതോടൊപ്പം വളർത്തുനായക്ക് കുത്തിവെപ്പുകൾ നിർബന്ധമാക്കണം.

6. പാലുല്പന്നങ്ങൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം ചെയ്യാൻ സ്ത്രീകൾക്ക് പരിശീലനം നല്കണം.

7. പന്നി, മുയൽ, ആട്, കോഴി, താറാവ് എന്നിവയെ ലാഭകരമായി വളർത്താൻ പഞ്ചായത്തിൽ സാധ്യതകളുണ്ട്. തേനീച്ചവളർത്തലും പ്രോത്സാഹിപ്പിക്കപ്പെടണം.

8. ഇറച്ചി സംസ്കരണവും വിപണനവും തൊഴിൽ സാധ്യതയുള്ള സംരംഭങ്ങളാണ്.

9. ചെലവ് കുറഞ്ഞ കാലിത്തീറ്റയും കോഴിത്തീറ്റയും പ്രാദേശികമായി നിർമ്മിക്കാൻ കഴിയണം.

# മത്സ്യബന്ധനം

മലയോരപഞ്ചായത്തായ ചപ്പാരപ്പടവിൽ മത്സ്യകൃഷിക്ക് സാധ്യതകൾ വളരെ കുറവാണ്. ശുദ്ധജല മത്സ്യങ്ങളെ പഞ്ചായത്തിലുള്ള കുളങ്ങളിൽ വളർത്താൻ സാധ്യതയുണ്ട്. നീർത്തടപദ്ധതി നടപ്പാക്കുമ്പോൾ ജലവിതാനം ഉയർത്താൻ നിർമ്മിക്കപ്പെടുന്ന ജലസംഭരണികളിലും മത്സ്യകൃഷിക്ക് സാധ്യതയുണ്ട്. മത്സ്യം പഴയങ്ങാടി, തളിപ്പറമ്പ് എന്നിവിടങ്ങളിൽനിന്ന് വാങ്ങി പഞ്ചായത്തിൽ വ്യാപാരം ചെയ്യുന്നവർ 35ആളുകൾ ഉണ്ട്. ഇരിമീൻ, കരിമീൻ, വാമീൻ, വരാൽ, തിരുത, ചെമ്പല്ലി എന്നിവ പുഴയിലും വാള, മുഴു, കുറുവ, നെടുംചൂരി, ഒഴിക്കിലാട്ടി, കലംകൊത്തി, മടമീൻ, ആരൽ തുടങ്ങിയവ തോടുകളിലും ധാരാളം ഉണ്ടായിരുന്നു. പുഴ കളിലുണ്ടായിരുന്ന ആറ്റു കൊഞ്ചും മറ്റുമത്സ്യയിനങ്ങളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പുഴകളിൽനിന്ന് മത്സ്യം പിടിക്കാൻ പല നാടൻരീതികളും ഉണ്ട്. എന്നാൽ കാലവർഷം തുടങ്ങിയാൽ ഞൊറ്റുവേല നാളുകളിൽ "തിരുത പിടുത്തം" എന്നൊരു ഏർപ്പാട് ഉണ്ടായിരുന്നു.

**പഞ്ചായത്തിൽ ശുദ്ധജലമത്സ്യകൃഷിക്ക് സാധ്യതയുള്ള കുളങ്ങളുടെ പട്ടിക**

| | |
|---|---|
| 1. ഗ്ലൗലോട് കുളം | 13. മടക്കാട് കെ.എം.എസ്.കുളം |
| 2. കുവേരി വയൽ കുളം | 14. പരിക്കനടി(കുളം കുഴിക്കണം) |
| 3. മുണ്ടപ്പാവ് കോറകകുളം | 15. പടപ്പേങ്ങാട് അമ്പലക്കുളം |
| 4. ചക്കരക്കുന്ന് കുളം | 16. മീൻപററികുളം(പുനരുദ്ധരിക്കണം) |
| 5. കുട്ടിക്കാനം കുളം(വിസ്തൃതമാക്കണം) | 17. സെൻറ്ജോർജ് കുളം |
| 6. ഉാവിൽകുളം | 18. കരുവൻചിറ്റ(മൂന്ന് കുളങ്ങൾ) |
| 7. ഞണ്ടമ്പലം കുളം | 19. കുണ്ട്യംകുളം |
| 8. തേറണ്ടികുളം | 20. തോക്കനാട്ട്കുളം |
| 9. ഏഴിൽബാലൻെറ കുളം | 21. പാഴൂപ്പറമ്പ്കുളം(പുനരുദ്ധരിക്കണം) |
| 10. ചപ്പാരപ്പടവ് പളളിക്കുളം | 22. മണാട്ടിക്കുളം |
| 11. കാടയാൽകണ്ടികുളം | 23. കൊട്ടിലക്കിടൻവകകുളം(പുനരുദ്ധരിക്കണം) |
| 12. മടക്കാട് കോറകുളം | 24. മഞ്ഞക്കാട്(കുളം) |

# സാധ്യതകൾ

1. ശുദ്ധജലമത്ശ്യകൃഷി ചെയ്യാൻ സാങ്കേതിക പരിശീലനം കൊടുത്ത് കർഷകരെ പ്രോത്സാഹിപ്പിക്കുക.

2. അലങ്കാരമത്സ്യകൃഷിക്ക് വൻ സാധ്യതകളുണ്ട്. ഇവയെ പുറനാടുകളിലേക്ക് കയറ്റി അയച്ച് ആദായം ഉണ്ടാക്കാൻ കഴിയും.

3. മത്സ്യകൃഷിയുടെ സാങ്കേതിക വിദ്യയിൽ പ്രായോഗിക പരിശീലനം കർഷകർക്ക് ലഭിക്കാൻ പഞ്ചായത്ത് തലത്തിൽ ഏർപ്പാടുകൾ ഉണ്ടാവണം.

4. പഞ്ചായത്തിൽ സാധ്യതയുള്ള മത്സ്യകൃഷി പദ്ധതികൾ:

1. വില്ലേജ് പോണ്ട്
2. ടാങ്ക് ഫിഷിംഗ്
3. റണ്ണിംഗ് വാട്ടർഫിഷ് കൾട്ടിവേഷൻ

# 3.വ്യവസായം

ചപ്പാരപ്പടവ് പഞ്ചായത്ത് വ്യവസായികമായി വളരെ പിന്നോക്കമാണ്. 1975ന് ശേഷം കേരളത്തിൽ ആധുനിക വ്യവസായങ്ങൾ ആരംഭിച്ചെങ്കിലും പഞ്ചായത്തിൽ വ്യവസായശാലകൾ സ്ഥാപിക്കപ്പെടുന്നത് സമീപകാലത്താണ്. വൻകിട വ്യവസായങ്ങളൊന്നും ഇവിടെ ഇല്ല. പായ, കൂട്ട, പനമ്പ്, ഓലക്കുട എന്നിവയുടെ നിർമ്മാണം പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ വളരെ ക്കാലം മുമ്പ് മുതൽ നടന്നിരുന്നു. പഞ്ചായത്തിൽ ഏറ്റവും പഴക്കമുളളതും വ്യാപകമായുണ്ടായിരുന്നതുമായ വ്യവസായം തടിവ്യവസായമായിരുന്നു. മലയോര മേഖലകളിലെ വനങ്ങളിൽനിന്നും പഞ്ചായത്തിൻെറ എല്ലാഭാഗത്തും വ്യാപിച്ചുകിടക്കുന്നു. മുറിച്ചെടുക്കുന്ന മരങ്ങൾ കുന്നിൻചെരിവുകളിൽ ആനകളാണ് ചപ്പാരപ്പടവ് പുഴവരെ വലിച്ചുകൊണ്ടുവന്നിരുന്നത. ജലമാർഗം മരത്തടികൾ പഴയങ്ങാടിയിലും വളപട്ടണത്തും എത്തിച്ചിരുന്നു.

ഇന്ന് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നല്കുന്നത് കരിങ്കൽ ക്വാറികളാണ്. വിവിധവ്യവസായ മേഖലകളിൽ 1569 പേർ തൊഴിലെടുക്കുന്നുണ്ട്. ഇതിൽ 797പേർ സ്ത്രീകളും 758 പുരുഷന്മാരും 12 കുട്ടികളുമാണ് ആധുനിക വ്യവസായ യൂനിറ്റുകളിൽ ജോലിചെയ്യുന്നവർ കേവലം 177 പേർ മാത്രമാണ്.

## കുടിൽ വ്യവസായങ്ങൾ:

കുടിൽ വ്യവസായങ്ങളെല്ലാം ജാതിസമ്പ്രദായത്തിലധിഷ്ഠിതമായിരുന്നു. പട്ടികജാതിയിൽപെട്ടവരാണ് പായ, കൊട്ട, കുട എന്നിവ നിർമ്മിച്ചിരുന്നത്. കല്പണി, മരപ്പണി, ഇരുമ്പ്പണി മുതലായവ പ്രത്യേക വിഭാഗങ്ങൾ ചെയ്തിരുന്നു. ഗ്രാമീണർക്കാവശ്യമുളള മിക്കവാറും വസ്തുക്കൾ ഗ്രാമത്തിൽതന്നെ ഉല്പാദിപ്പിക്കപ്പെട്ടിരുന്നു. താരതമ്യേന വിലകുറഞ്ഞ ഫാക്ടറി ഉല്പന്നങ്ങൾ സുലഭമായി മാർക്കറ്റിൽ കിട്ടാൻ തുടങ്ങുകയും അസംസ്കൃത വസ്തുക്കൾ കിട്ടാതാവുകയും ചെയ്തതോടെ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ നാശോന്മുഖമായി.

## ആധുനിക വ്യവസായങ്ങൾ

പ്രധാന വ്യവസായ യൂനിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | തരം | 20ൽ താഴെ | 20മുതൽ 50വരെ | 50ൽ കൂടുതൽ | ഉടമസ്ഥാവകാശം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | കരിങ്കൽക്വാറി | 22 | - | - | സ്വകാര്യം സഹകരണം | 950 |
| 2 | ചെങ്കൽ ക്വാറി | 15 | - | - | സ്വകാര്യം | 192 |
| 3 | ഖാദിനൂൽനൂൽപ് | 3 | | | ഖാദി ബോർഡ് | 60 |
| 4 | തടിമിൽ | 5 | | | സ്വകാര്യം | 43 |
| 5 | സ്റ്റോൺക്രഷർ | 3 | | | " | 36 |
| 6 | ഇഷ്ടിക നിർമ്മാണം | 4 | | | " | 25 |
| 7 | പ്രിൻറിംഗ്പ്രസ് | 2 | | | സൊസൈറ്റി സ്വകാര്യം | 15 |
| 8 | ഓയിൽ ആൻറ് ഫ്ലോർമിൽ | 6 | | | സ്വകാര്യം | 10 |
| 9 | ഗ്യാസ് പ്ലാൻറ് | 1 | | | " | 11 |
| | ആകെ | 61 | | | | 1342 |



### 1. ഗ്യാസ് റീ ഫില്ലിംഗ് പ്ലാൻറ്:

മലബാർ ഫ്യൂവൽ കോർപറേഷൻ എന്ന സ്വകാര്യ സ്ഥാപനത്തിൻെറ യൂനിറ്റ് എളമ്പേരം പാറയിൽ പ്രവർത്തിച്ചത് മാസങ്ങൾക്ക് മുമ്പാണ്. 11പേർ ജോലിചെയ്യുന്നു.

### 2. സ്റ്റോൺക്രഷർ:

എളമ്പേരംപാറ, ശാന്തിഗിരി, മംഗര എന്നിവിടങ്ങളിലായി 3 സ്റ്റോൺക്രഷർ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. മൊത്തം 36പേർ ഈ രംഗത്ത് ജോലി ചെയ്യുന്നു. സ്റ്റോൺക്രഷറുകളുടെ വ്യാപനം അന്തരീക്ഷ മലിനീകരണമുണ്ടാക്കുന്നുണ്ട്.

### 3. മിൽ:

സ്വകാര്യമേഖലയിൽ 6 തടിമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. എളമ്പേരംപാറ, ഇടക്കോംഒ, ചപ്പാരപ്പടവ്, വായാട്ടുപറമ്പ്, പടപ്പേങ്ങാട്, എരുവാട്ടി ഇവയെല്ലാം തന്നെ ഈർച്ചമില്ലുകളാണ്. ഇവയ്ക്കുപുറമെ 6 കൊപ്രമില്ലുകളും ഫ്ലോർ മില്ലുകളും പ്രവർത്തിക്കുനുണ്ട്.

### 4. ബ്രിക്സ്:

ഇടക്കോം, ചാണോകുണ്ട്, വായാട്ടുപറമ്പ്, തടിക്കടവ്, എളമ്പേരം എന്നിവിടങ്ങളിൽ ഇഷ്ടിക നിർമ്മാണയൂനിറ്റുകളുണ്ട്. സിമൻറ് ഇഷ്ടികയും നാടൻ ഇഷ്ടികയും നിർമ്മിക്കുന്ന യൂനിറ്റുകളെല്ലാംതന്നെ സ്വകാര്യമേഖലയിലാണ്. 25 ആളുകൾ ജോലിചെയ്യുന്നു. നാടൻ ഇഷ്ടിക നിർമ്മാണം മഴക്കാലത്ത് നടത്താൻ പറ്റാത്തതുകൊണ്ട് ഈ രംഗത്ത് ജോലി സ്ഥിരതയില്ല.

### 5. പ്രിൻറിംഗ് പ്രസ്:

എളമ്പേരം പാറയിൽ ആധുനികസൗകര്യങ്ങളുള്ള ഒരു ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ് റെജിസ്ട്രേഡ് സൊസൈറ്റിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു. വിദഗ്ദതൊഴിലാളികൾ തമിഴ്നാട്ടുകാരാണ്. ചപ്പാരപ്പടവിൽ സ്വകാര്യമേഖലയിൽ ഒരു പ്രസുണ്ട്.

### 6. ഖനനം:

22 കരിങ്കൽ ക്വാറികളും ഏതാനും ചെങ്കൽ

**9. തൊഴിൽ സംരംഭങ്ങൾ**

| വാർഡ് | സ്ഥലം | സ്വഭാവം | ആകെ |
|---|---|---|---|
| 3 | ഇടക്കോം | മെഴുകുതിരി നിർമ്മാണ്, കാപ്പിപ്പൊടി നിര്യമ്മാണ യൂനിറ്റ്, മായാകോഫി ഫർണ്ണിച്ചർ | 4 |
| 4 | ചപ്പാരപ്പടവ് | ഇലക്ട്രിക്കൽ ഉപകരണങ്ങൾ, സ്റ്റീൽ ഫാബ്രിക്കേഷൻ 2യൂനിറ്റ്, മോട്ടോർ വർക്ക്ഷാപ്പ്, ഫർണ്ണിച്ചർ | 5 |
| 7 | ചാണോകുണ്ട് | ഫർണ്ണിച്ചർ | 1 |
| | ബാലപുരം | ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 1 |
| 10 | ഒടുവള്ളിത്തട്ട് | സ്റ്റീൽ ഫാബ്രിക്കേഷൻ 2യൂനിറ്റ്, മോട്ടോർ വർക്ക്ഷോപ്പ് | 3 |
| 4 | മടക്കാട് | ഫർണ്ണിച്ചർ | 1 |
| 11 | തടിക്കടവ് | " | " |

ക്വാറികളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കാർഷികമേഖല കഴിഞ്ഞാൽ കൂടുതലാളുകൾക്ക് തൊഴിൽ നല്കുന്ന മേഖല ഇതാണ്. 950 പേർ സ്ഥിരമായി കരിങ്കൽ ക്വാറികളിൽ ജോലിചെയ്യുന്നു. അതിൽ കൂടുതലും സംഘടിതരാണ്. ചെങ്കൽ ക്വാറികളിൽ ഏകദേശം 1920പേർ ജോലിചെയ്യുന്നുണ്ട്.

### 7. ഖാദിനൂൽനൂൽപ്പ്:

തിരുകുളം, ചപ്പാരപ്പടവ്, വിമലശ്ശേരി എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന 3 ഖാദികേന്ദ്രങ്ങളിലായി 60 സ്ത്രീകൾ ജോലിചെയ്യുന്നു. ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ യൂനിറ്റുകളിൽ തൊഴിലാളികളുടെ കൂലി ഉല്പാദനത്തിന്റെ അടിസ്ഥാനത്തിലാണ്, മറ്റ് ജോലികളുമായി താരതമ്യം ചെയ്യുമ്പോൾ ഈ ജോലിയിൽനിന്നും ലഭിക്കുന്ന വേതനം വളരെ കുറവാണ്.

### 8. കൊപ്രസംസ്കരണം:

പഞ്ചായത്തിലെ പ്രധാന കാർഷികവിളകളിലൊന്നാണ് തേങ്ങ. എരുവാട്ടിയിലും ഇടക്കോത്തും ഓരോ കൊപ്രസംസ്കരണ യൂനിറ്റ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഐ.ആർ.ഡി.പി. സ്കീമിൽ ഒന്നാംവാർഡിലെ കാക്കടവിൽ 10 വനിതകൾ ചേർന്ന് ആരംഭിച്ച കൊപ്രസംഭരണം ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കയാണ്. മാനേജ്മെൻറ് പരിശീലനം ലഭിക്കാത്തതാണ് ഇതിന്റെ പ്രധാന കാരണം.

എല്ലാം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്വന്തം തൊഴിൽ സംരംഭങ്ങളാണ്. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്താണ് മിക്കതും പ്രവർത്തിക്കുന്നത്.

### 10. സഹകരണ വ്യവസായ സ്ഥാപനങ്ങൾ

വിജയകരമായി പ്രവർത്തിക്കുന്ന ഒന്നാണ് മടക്കാട്ടുള്ള കരിങ്കൽ തൊഴിലാളി സഹകരണസംഘം. ഏകദേശം 30 തൊഴിലാളികൾക്ക് സ്ഥിരം ജോലി നല്കുന്ന ഈ സ്ഥാപനം രണ്ട് കരിങ്കൽ ക്വാറികൾ നടത്തുന്നുണ്ട്. ഒരു മെമ്പർ പ്രവർത്തനമൂലധനമായി 100രൂപയാണ് മുടക്കിയിരുന്നത്. ഇടക്കോം ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ കീഴിൽ പാലുല്പന്നങ്ങളുണ്ടാക്കുന്ന ഒരു യൂനിറ്റ് 33,000രൂപ മുതൽ മുടക്കി ആരംഭിച്ചിട്ടുണ്ട്. വായാട്ടുപറമ്പിലെ പട്ടിജാതി സഹകരണസംഘം പരമ്പരാഗത കുടിൽവ്യവസായങ്ങളായ പായ, കൊട്ട എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഉലപന്നങ്ങൾ വിറ്റഴിക്കാനുള്ള പ്രയാസങ്ങൾ ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു. ചപ്പാരപ്പടവിലും കുവേരിയിലും വനിതാസൊസൈറ്റിയുടെ ടൈലറിഗ് യൂനിറ്റുകൾ ഉണ്ട്. ഇതിൽ കുവേരിയിലുള്ള യൂനിറ്റ് പ്രവർത്തിക്കുന്നില്ല. തലവിൽ ഒരു സോപ്പ് നിർമ്മാണ യൂനിറ്റിന്റെ പണി പൂർത്തിയായിട്ടുണ്ട്. 12 അംഗങ്ങൾ 1000രൂപവീതം മുടക്കിയ ഈ സംരംഭം വൈദ്യുതി കണക്ഷൻ കിട്ടാത്തതുകൊണ്ട് ഇപ്പോഴും പ്രവർത്തനം തുടങ്ങിയിട്ടില്ല.

**വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ**

| വിഭാഗം | മൊത്തം തൊഴിലാളികൾ | പു | സ്ത്രീ | കുട്ടികൾ | സംഘടിതം/ അസംഘടിതം |
|---|---|---|---|---|---|
| ഗ്യാസ് റീഫില്ലിംഗ് പ്ലാൻറ് | 11 | 10 | 1 | – | സംഘടിതം |
| സ്റ്റോൺ ക്രഷർ | 36 | 10 | 21 | – | " |
| പ്രസ് | 15 | 13 | 2 | – | അസംഘടിതം |
| ഇഷ്ടിക | 25 | 14 | 11 | – | " |
| തടിമിൽ | 43 | 42 | 1 | – | " |
| ഓയിൽ ആൻറ് ഫ്ലോർമിൽ | 12 | 12 | – | – | " |
| കരിങ്കൽ ക്വാറി | 950 | 350 | 600 | – | സംഘടിതം |
| കറപ്പസംസ്കരണം | 32 | 17 | 15 | – | " |
| ഖാദികേന്ദ്രം | 60 | – | 60 | – | " |
| മറ്റുള്ളവ | 170 | 100 | 58 | 12 | അസംഘടിതം |
| ആകെ | 1646 | 613 | 821 | 12 | |

# പ്രശ്നങ്ങൾ:

1. വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ വ്യവസായങ്ങളും പ്രതിസന്ധിയിലാണ്. പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർകട്ടുകളും വോൾട്ടതയിലുള്ള കുറവും കാരണം.

2. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം

3. വിദഗ്ദതൊഴിലാളികളുടെ ദൗർലഭ്യം
ഉദാ: പ്രിൻറിംഗ്, സോമിൽ ഓപ്പറേറ്റർ

4. വ്യവസായ ലൈസൻസ് കിട്ടാനുള്ള പ്രയാസം

5. പാരമ്പര്യ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ കിട്ടാനില്ല.

6. കുത്തക കമ്പനികളുടെ ഉല്പന്നങ്ങളുടെ തള്ളിക്കയറ്റം മൂലമുണ്ടാകുന്ന വിപണന പ്രശ്നങ്ങൾ

7. വൈദഗ്ദ്യപോഷണത്തിൻെറ അഭാവം, മാനേജ്മെൻറ് പ്രശ്നങ്ങൾ

8. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

9. നാടൻ ഇഷ്ടിക യൂനിറ്റുകൾ കുട്ടികളെകൊണ്ട് ജോലിചെയ്യിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്നു.

# സാധ്യതകൾ

1. എളമ്പേരം പാറ, തലവിൽ മിച്ച ഭൂമി പ്രദേശം എന്നിവ വ്യാവസായിക മേഖലയാക്കുക. അവിടെ പതിച്ച് കൊടുത്ത മിച്ചഭൂമി വ്യാവസായിക മേഖലക്കുവേണ്ടി നീക്കിവെക്കുക.

2. അടിസ്ഥാന സൗകര്യങ്ങൾ കൂടുതലുള്ള എളമ്പേരംപാറയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുക

3. വ്യവസായ ലൈസൻസ് നടപടിക്രമം ലഘൂകരിക്കുക. കാലതാമസം ഒഴിവാക്കുക.

4. വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ ദീർഘകാല അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു നടപ്പാക്കുക

5. സംരംഭങ്ങൾക്ക് വൈദഗ്ദ്യപോഷണത്തിനുള്ള സംവിധാനമുണ്ടാക്കുക.

6. വ്യവസായങ്ങളാരംഭിക്കാൻ പ്രാദേശികമായി വിഭവസമാഹരണം നടത്തുക.

7. ചുരുങ്ങിയ മുതൽ മുടക്കി സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങളാരംഭിക്കുക.

### പഞ്ചായത്തിൻെറ സാഹചര്യത്തിന് അനുയോജ്യമായ വ്യവസായങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളായ കരിങ്കല്ല്, ചെങ്കല്ല് എന്നിവയുടെ ഖനനം, മെറ്റൽ, ഇഷ്ടിക, നാടൻ ഇഷ്ഠിക എന്നിവയുടെ നിർമ്മാണം.

2. കൊപ്രസംഭരണം, സംസ്കരണം

3. ലാറ്റക്സിൽനിന്നും റബ്ബറിൽനിന്നുമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണം.

4. ജൈവവള നിർമ്മാണം.

5. ചിരട്ട, ചകിരി ഉപയോഗിച്ച് മൈക്ക, ഫൈബർ എന്നിവ നിർമ്മിക്കുക

# 4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.

## ഗതാഗതം:-

റോഡുകൾ മുഖ്യഗതാഗത മാർഗ്ഗമാകുന്നതിന് ദശാബ്ദങ്ങൾക്ക് മുമ്പ് ചപ്പാരപ്പടവ് പുഴ പഞ്ചായത്തിന്റെ പ്രധാന ഗതാഗതമാർഗ്ഗമായിരുന്നു. അന്ന് മലബാറിലെ പ്രധാന കച്ചവടമാർഗ്ഗമായിരുന്നു പഴയങ്ങാടിയും, വളപട്ടണവും. ആദ്യകാലത്ത് ചീനകളെന്നറിയപ്പെട്ടിരുന്ന വലിയ വള്ളങ്ങളാണ് ചരക്ക് കടത്താൻ ഉപയോഗിച്ചിരുന്നത്. മലഞ്ചരക്കുകൾ പഴയങ്ങാടിയിലേക്കും അവിടെനിന്ന് പലവ്യഞ്ജനങ്ങളും നിർമ്മാണ സാമഗ്രികളും ചപ്പാരപ്പടവിലേക്കും കടത്തുന്നതിനു പുറമെ ഈ വള്ളങ്ങളും ചെറു തോണികളും യാത്രാവാഹനങ്ങളായും ഉപയോഗിച്ചിരുന്നു. കുവേരിയൽ നിന്നും ചപ്പാരപ്പടവ്വരെ പുഴയിലെ പാറക്കെട്ടുകൾക്കിടയിലൂടെ വലിയ വള്ളങ്ങൾക്ക് സഞ്ചരിക്കാൻ ചാലുകൾ നിർമ്മിച്ചിരുന്നു. യന്ത്രവൽകൃത ബോട്ടുകളുടെ ആഗമനം ഈ പ്രദേശത്തെ ഗതാഗത ചരിത്രത്തിലെ ഒരു നാഴികകല്ലാണ്. 1942 മുതൽ കുവേരിയിൽ നിന്നും കുപ്പം, പഴയങ്ങാടി, അഴീക്കൽ, വളപട്ടണംവഴി പറശ്ശിനിക്കടവ് വരെ ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. ബോട്ട് സർവ്വീസിന്റെ സുവർണ്ണകാലത്ത് 9 ബോട്ടുകൾ സ്ഥിരമായി സർവ്വീസ് നടത്തിയിരുന്നു. 1985 വരെ ബോട്ട് സർവ്വീസ് തുടർന്നിരുന്നു. വനനശീകരണം വ്യാപകമായതോടെ വേനൽക്കാലത്ത് പുഴയുടെ ജലവിതാനം താഴുകയും ബോട്ടുകൾക്ക് സഞ്ചരിക്കാൻ പറ്റാതാവുകയും ചെയ്തതോടെ ബോട്ടുകൾക്ക് കുവേരിവരെ വരാൻ സാധിക്കാതെവന്നു. പിന്നെ തേറണ്ടിവരെയും പിന്നീട് അരിപ്പാറാമ്പവരെയും ഏതാനും ബോട്ടുകൾ ഓടിയിരുന്നു. ആലക്കോട് ചപ്പാരപ്പടവ് എന്നിവിടങ്ങളിലേക്ക് റോഡുവഴി യാത്രാസൗകര്യം വർദ്ധിച്ചതോടെ ബോട്ട്സർവ്വീസ് ലാഭകരമല്ലാതാവുകയും പൂർണ്ണമായി നിലക്കുകയും ചെയ്തു.

വിനോദസഞ്ചാരത്തിനായി ബോട്ട്സർവ്വീസ് പുനരാരംഭിക്കാനുള്ള സാധ്യത ഇപ്പോഴുണ്ട്.

പഞ്ചായത്തിലെ റോഡുനിർമ്മാണ ചരിത്രം ആരംഭിക്കുന്നത് 19[illegible]ലോണ്. അതിന് മുമ്പ് നിലവിലിരുന്ന കുവേരി പഞ്ചായത്തിനെ തളിപ്പറമ്പ് നഗരവുമായി ബന്ധിപ്പിക്കുന്ന മെൽത്തുരുമ്പ-തളിപ്പറമ്പ് റോഡ് നിർമ്മിക്കപ്പെട്ടിരുന്നു. 1946ന് ശേഷമാണ് മെൽത്തുരുമ്പ-ചപ്പാരപ്പടവ്, കുറ്റൂർ റോഡിന്റെയും നാടുകാണി-കുവേരി റോഡിന്റെയും പണി ആരംഭിക്കുന്നത്. 1948ൽ



മേൽത്തൊട്ടു-ചപ്പാരപ്പടവ്-കുറ്റൂർ സെക്യൂരിറ്റി മിഷൻ റോഡായി ഗവൺമെൻറ് ഏറ്റെടുത്തു പണിആരംഭിച്ചെങ്കിലും പൂർത്തിയാക്കപ്പെടുന്നില്ല. അന്നത്തെ പ്രധാന വ്യവസായമായിരുന്ന തടി വ്യവസായത്തിൻെറ വികസനത്തിന് വേണ്ടി ചപ്പാരപ്പടവിൽ നിന്നും മംഗര-ചാണോക്കുണ്ട് വഴി ആലക്കോട്‌വരെ റോഡ് ഉണ്ടാക്കാനുള്ള ശ്രമം ഉറുമ്പേട്ടൊവച്ച് തടസ്സപ്പെടുകയുണ്ടായി. ഏതാനും വർഷങ്ങൾക്ക് ശേഷമാണ് ഈ റോഡിൻെറ നിർമ്മാണം പൂർത്തിയായത്. 1955ലാണ് ഒടുവള്ളിത്തട്ട് ആലക്കോട് റോഡ് നിലവിൽവന്നത്.

1926ൽ തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റം ആരംഭിച്ചുവെങ്കിലും 1943ന് ശേഷമാണ് വ്യപകമായ കുടിയേറ്റം നടന്നത്. കുടിയേറ്റക്കാർ ഗതാഗതസൗകര്യമുണ്ടാക്കുന്നതിൽ അതീവ താൽപര്യം കാണിച്ചിരുന്നു. ക്രൈസ്തവ പള്ളികൾ ശ്രമദാനമായി റോഡ് നിർമ്മാണം നടത്തുന്നതിന് നേതൃത്വം നൽകി. മലയോര മേഖലയിലെ റോഡുകളുടെ സിംഹഭാഗവും ജനങ്ങളുടെ കൂട്ടായ പരിശ്രമത്തിൻെറ ഫലമായാണ് രൂപംകൊണ്ടത്.

1957ന് ശേഷമാണ് തളിപ്പറമ്പിൽ നിന്നും ചപ്പാരപ്പടവ് വരെ ആദ്യമായി ബസ്സർവ്വീസ് ആരംഭിച്ചത്. ഇന്ദിര ബസ്സർവ്വീസ് വർഷങ്ങളോളം ഈ റൂട്ടിൽ സർവ്വീസം നടത്തിയിരുന്നു. അതിനുമുമ്പ് സാധാരണക്കാർ "വേതാളം" എന്ന് വിളിച്ചിരുന്ന വാനുകൾ യാത്രക്കാരെയും ചരക്കും കടത്താൻ ഉപയോഗിച്ചിരുന്നു. 1962 ഒക്ടോബർ 11ന് ചപ്പാരപ്പടവിൽ നിന്ന് ബസ്സർവ്വീസ് ആലക്കോട്ടേക്ക് നീട്ടി. പിന്നീട് ഒടുവള്ളിത്തട്ട്‌വരെ ആദ്യഘട്ടത്തിലും അവിടെനിന്ന് ഒടുവള്ളിത്തട്ട്-ചാണോക്കുണ്ട് റോഡ് പണിപൂർത്തിയായതോടെ ആലക്കോട് വരെക്കും ബസ്സ്സർവ്വീസ് ആരംഭിച്ചു.

**പഞ്ചായത്ത് റിക്കാർഡ് പ്രകാരമുള്ള റോഡുകളുടെ പേരും വിവരവും:-**

| റോഡിൻെറ പേര് | നീളം | സ്വഭാവം | പഞ്ചായത്ത് |
|---|---|---|---|
| 1. ഇളംമ്പേരം-കൂവേരി യുവജനവായനശാല റോഡ് | 3കി.മീ | | ,, |
| 2. നാടുകാണി കൂവേരി റോഡ് | 2.400കി.മീ | ചെങ്കൽ മെറ്റൽ | ,, |
| 3. ആറാംവയൽ രാമപുരം റോഡ് | 1കി.മീ | ,, | ,, |
| 4. കാട്ടാമ്പള്ളി ചെറിയൂർ റോഡ് | 800മീ | | ,, |
| 5. മുണ്ടോംവയൽ ഇളംമ്പേരം റോഡ് | 1.800കി.മീ | | ,, |
| 6. തിരുംകുളം, കൊട്ടക്കാനംകൂവേരി ബോട്ട്ജെട്ടി റോഡ് | 2.400കി.മീ | ഭാഗികമായി ടാറിംഗ്നടക്കുന്നു | ,, |
| 7. കൂവേരി ആലത്തട്ട് ഞണ്ടമ്പലം റോഡ് | 3കി.മീ | | ,, |
| 8. തേറണ്ടിതോട്ടിക്കൽ റോഡ് | 2.100കി.മീ | | ,, |
| ഞാറ്റുവയൽ കൊട്ടക്കാനം റോഡ് | 1കി.മീ | PWD ഏറ്റെടുത്തു | ,, |
| 9. അരിപ്പാമ്പ്രപുണംങ്ങോട്ട് റോഡ് | 1കി.മീ | | ,, |
| 10. കൊട്ടക്കാനം ചപ്പാരപ്പടവ് റോഡ് | 1.885കി.മീ | | ,, |
| 11. പൂണംങ്കോട് ഞാറ്റുവഴൽ റോഡ് | 2കി.മീ | | ,, |
| 12. അരിപ്പാമ്പ്ര തോട്ടിക്കിൽ റോഡ് | 1കി.മീ | | ,, |
| 13. തേറണ്ടിഞ-ഞണ്ടമ്പലം റോഡ് | 1.500കി.മീ | | ,, |
| 14. ഇടക്കോം-വിമലശ്ശേരി റോഡ് | 2കി.മീ | | ,, |
| 15. ചോണോട് ഇടക്കോം റോഡ് | 2കി.മീ | | ,, |
| 16. ചമ്മണ്ണംതോട് ഇടക്കോം റോഡ് | 2 കി.മീ | | ,, |
| 17. ഇടക്കോം അതിരുകുന്ന് കുരിശ് റോഡ് | 2 കി.മീ | | ,, |
| 18. ഇടക്കോകുരിശ് കവലറോഡ് | 1.600 കി.മീ | | ,, |
| 19. ചോണോട് ഇടക്കോം 11 | 1 കി.മീ | | ,, |
| 20. തിരുംകുളം കാരക്കുണ്ട് റോഡ് | 3.200 കി.മീ | PWD | ,, |

| | | | |
|---|---|---|---|
| 21. കുന്നുമ്മൽ കമുങ്ങയാട് റോഡ് | 1 കി.മീ | | ,, |
| 22. മടക്കാട് ചപ്പാരപ്പടവ് റോഡ് | 1.500 കി.മീ | | ,, |
| 23. പെരുവണ ലക്ഷംവീട് കോളനി റോഡ് | 1.600 കി.മീ | | ,, |
| 24. ശാന്തിഗിരി ലക്ഷംവീട് കോളനി റോഡ് | 75 മീ | | ,, |
| 25. ചപ്പാരപ്പടവ് ചിമ്മിനിച്ചുട്ട റോഡ്, | 1.450 കി.മീ | ചെങ്കൽ മെറ്റൽ | ,, |
| ചപ്പാരപ്പടവ് കുന്നത്ത് പെരിക്കനടി റോഡ് | 2 കി.മീ | | ,, |
| 26. ചിമ്മിനിച്ചുട്ടപള്ളി റോഡ് | 2 കി.മീ | | ,, |
| കമുങ്ങയാട് തുയിപ്ര റോഡ് | 11/2 കി.മീ | | ,, |
| 27. അമ്പലനട മുട്ടുക്കുന്ന് റോഡ് | 2 കി.മീ | | ,, |
| 28. മടക്കാട് കാണിക്കരത്തോട് റോഡ് | 2.400 കി.മീ | ഭൂരിഭാഗം ടാറിങ്ങ് ഏറ്റെടുത്തു | ജില്ലാപഞ്ചായത്ത് |
| 29. പടപ്പേങ്ങാട് മാവിലംപാറ റോഡ് (കുറുക്കൻ മട) | 1 കി.മീ | | പഞ്ചായത്ത് |
| 30. പടപ്പേങ്ങാട് കുളത്തൂർ റോഡ് | 1.500 കി.മീ | | ,, |
| 31. കായാട്ടുപാറ പടപ്പേങ്ങാട് റോഡ് | 1 കി.മീ | | ,, |
| 32. കായാട്ടുപാറ ചോരണാപൊയിൽ റോഡ് | 1.700 കി.മീ | | ,, |
| 33. ഓടക്കടവ് മണാട്ടി റോഡ് | 1.400 കി.മീ | | ,, |
| 34. മുങ്ങയാൽ മണാട്ടി അയ്യപ്പക്ഷേത്രം റോഡ് | 1 കി.മീ | | ,, |
| 35. ജനമഠം മണാട്ടി റോഡ് | 3 കി.മീ | | ,, |
| 36. ചാണോക്കുണ്ട് കരിവേടൻകുണ്ട് റോഡ് | 2.500 കി.മീ | | ,, |
| 37. ബാലപുരം മണാട്ടി റോഡ് | 1.600 കി.മീ | | ,, |
| 38. പടപ്പേങ്ങാട് കാലിക്കടവ് റോഡ് | 2.200 കി.മീ | | ,, |
| 39. വായാട്ടുപറമ്പ് കവല കരിവേടൻ കുണ്ട് റോഡ് | 1 കി.മീ | | ,, |
| 40. വായാട്ടുപറമ്പ് കവല മാണാട്ടി റോഡ് | 1.600 കി.മീ | | ,, |
| 41. മഞ്ഞക്കാട് കട്ടയാൽ റോഡ് | 2 കി.മീ | | ,, |
| 42. കുമ്പല്ലൂർ കുറ്റിപ്പുഴ കരുവാൻചിറ്റ റോഡ് | 2.250 കി.മീ | | ,, |
| 43. വണ്ണാത്തിക്കടവ് എരുവാട്ടി മേരിഗിരി റോഡ് | 1.500 കി.മീ | | |
| 44. എരുവാട്ടി, കൊട്ടക്കൊയിൽ റോഡ് | 2 കി.മീ | | ,, |
| 45. കൊട്ടക്കൊയിൽ റോഡ് | 1.800 | | ,, |
| 46. എരുവാട്ടി വടക്കേ പൊയിൽ റോഡ് | 1.500 കി.മീ | PWD | ,, |
| എരുവാട്ടി–അടുക്കം വഴി | | | |
| 47. അതിരുകുന്ന് ഓടക്കടവ് റോഡ് | 1 കി.മീ | | ,, |
| 48. കുട്ടിക്കരി ഓടക്കടവ് റോഡ് | 1 കി.മീ | | ,, |
| 49. തലവിൽ എരുവാട്ടി റോഡ് | 2.415 കി.മീ | ഭാഗികമായി ടാർചെയ്തു | ,, |
| 50. പെരുമ്പടവ് വിളയാർകോട്ട് റോഡ് | 2.400 കി.മീ | | ,, |
| 51. വിളയാർക്കോട്ട് അടുക്കം റോഡ് | 1 കി.മീ | | ,, |
| 52. തലവിൽ വായനശാല എരുവാട്ടി റോഡ് | 1 കി.മീ | | ,, |
| 53. തലവിൽ തൊക്കാട് റോഡ് | 1 കി.മീ | | ,, |
| 54. തൊക്കാട് ചക്കാമല റോഡ് | 1.400 കി.മീ | | ,, |
| 55. അമ്മംകുളം മംഗര റോഡ് | 1.300 കി.മീ | | ,, |
| 56. മംഗര മുതൽ ഫെറിവരെ | 250 മീ | | ,, |
| 57. മട്ടുവള്ളത്തോട് ഉറുട്ടേരി റോഡ് | 2 കി.മീ | | ,, |
| 58. തിരിക്കൽ പുറത്തൊടി റോഡ് | 1.300 കി.മീ | | ,, |
| 59. മണാട്ടി കുറ്റിപ്പുഴ റോഡ് | 2.500 കി.മീ | | ,, |
| 60. കുണ്ടിയം മണാട്ടി റോഡ് | 1 കി.മീ | | ,, |
| 61. ജനമഠം കുറ്റിപ്പുഴ(കിളിക്കി) റോഡ് | 2 കി.മീ | | ,, |

| | | | |
|---|---|---|---|
| 62. തെയ്യത്താൻകടവ് റോഡ് | 1.300 കി.മീ | | ,, |
| 63. മണാട്ടി തടിക്കടവ് റോഡ് | 1.400 കി.മീ | | ,, |
| 64. കിളിക്കി കരുവാൻചിറ്റ റോഡ് | 1.500 | ഭാഗികമായി ടാർചെയ്തു | ,, |
| 65. തടിക്കടവ് -വണ്ണത്താൻ ചാൽ റോഡ് | 1 കി.മീ | | ,, |
| 66. എരുവാട്ടി വായനശാല അടുക്കം റോഡ് | 1.50 കി.മീ | | |
| 67. മണിക്കൽ കരുവാൻചിറ്റ റോഡ് | 1.200 കി.മീ | | ,, |
| 68. ആലത്തട്ട്-തിരുകുളം റോഡ് | 1.800 കി.മീ | | ,, |
| 69. തലവിൽ-ലഡാക്ക്-അതിരുകുന്ന് റോഡ് | 2.400 കി.മീ | | ,, |

## J.R.Y. പദ്ധതികൾ ഉൾക്കൊള്ളിച്ച റോഡുകൾ

| | എസ്റ്റിമേറ്റ് തുക | നൽകിയത് |
|---|---|---|
| 1. ചപ്പാരപ്പടവ് കൊട്ടക്കാനം റോഡ് | 1,00000 | 1,00000 |
| 2. പടപ്പേങ്ങാട് കാണിക്കാത്തോട് റോഡ് | 1,00000 | 1,00000 |
| 3. ചെമ്മണ്ണും തോട് ഇടക്കോ റോഡ് | 4000 | 4000 |
| 4. കുറ്റിപ്പുഴ കൾവർട്ട് നിർമ്മാണം | 53001 | 53001 |
| 5. ചുരക്കടവ് കൾവർട്ട് നിർമ്മാണം | 4500 | 4500 |

പഞ്ചായത്തൽ നടന്ന വികസന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് റോഡു നിർമ്മാണമാണെന്ന് മുകളിൽ കൊടുത്ത കണക്കുകളിൽനിന്ന് വ്യക്തമാണ്.

ഈ റോഡുകളെല്ലാം ബഹുജനപങ്കാളിത്തത്തോടെ നിർമ്മാണമാരംഭിച്ചവയാണ്. പിന്നീട് പഞ്ചായത്ത് ഏറ്റെടുത്ത് പണികൾ ചെയ്തുവരുന്നു.

മലയോരറോഡുകൾ അധികവും മഴക്കാലങ്ങളിൽ മണ്ണ് കുത്തിയൊലിച്ച് ഗതാഗതയോഗ്യമല്ലാതായി തീരുന്നത് സാധാരണയാണ്. മിക്കവാറും റോഡുകൾക്ക് ജലം വാർന്നു പോകുവാനുള്ള ഓടകളില്ല. വേണ്ടത്ര വീതിയുമില്ല.

സ്വകാര്യ വ്യക്തികളും, സംഘടനകളും റോടിന്റെ വശങ്ങൾ കൈയ്യടക്കി വക്കുന്ന പതിവുമുണ്ട്.

കാലാകാലങ്ങളിൽ റോഡ്സംരക്ഷണത്തിന് പഞ്ചായത്ത് ചിലവാക്കുന്ന തുക വേണ്ടതരത്തിൽ പ്രയോജനപ്പെടാറില്ല. ടെലിഫോൺ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റുകളും സ്വകാര്യ വ്യക്തികളും റോഡരികിൽ വസ്തുവഹകൾ സ്റ്റോക്ക് ചെയ്യുന്നത് അപകടങ്ങൾക്ക് കാരണമാവാറുണ്ട്. വീടുകളിൽനിന്ന് ചപ്പുചവറുകളും മലിനജലവും റോഡിലെത്തുന്നത് സാധാരണയാണ്. അശാസ്ത്രീയമായ റോഡ് നിർമ്മാണവും ടെലിഫോൺ പോസ്റ്റുകളും ഇലക്ട്രിസിറ്റി പോസ്റ്റുകളും അപകടകരമായനിലയിൽ റോഡുകളിൽ സ്ഥിതി ചെയ്യുന്നതും റോഡ് അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു. ഉൾനാടൻ ഗ്രാമീണറോഡുകളിൽ വശങ്ങളിൽ നിന്ന് റോഡിലേക്ക് ചാഞ്ഞുനിൽകുന്ന മരച്ചില്ലകൾ അപകടകരങ്ങളാണ്. ഈറോഡുകൾ വേനൽകാലത്ത് പൊടി കൊണ്ടും മഴക്കാലത്ത് കുണ്ടുകളും കുഴികളും നിറഞ്ഞും വെള്ളംകെട്ടിനിന്നും സഞ്ചാരയോഗ്യ മല്ലാതായിതീരുന്നു.

### സാദ്ധ്യതകൾ:

1. ടാറ് ചെയ്യാത്ത വാഹനഗതാഗതം ഏറ്റവും കൂടുതലുള്ള പ്രധാനറോഡുകൾ ടാറ് ചെയ്യുക.

2. റോഡ് റിപ്പയറിങ്ങ് ജോലികൾ വേണ്ടസമയത്ത് ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കിൻ കഴിയും. കരാറു പണികൾ ഒഴിവാക്കുക.

3. പ്രാദേശിക മനുഷ്യവിഭവ ശേഷി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുക.

4. റോഡിന്റെ വശങ്ങൾ അനധികൃതമായി ആരും കയ്‌വശപ്പെടുത്താതിരിക്കാൻ പഞ്ചായത്ത് പ്രതേകം ശ്രദ്ധിക്കേണ്ടതാണ്.

5. ടെലിഫോൺ ഇലകട്രിക്ക് പോസ്റ്റുകൾ റോഡിന്റെ വശങ്ങളിൽ നിന്ന് വേണ്ടത്ര അകലത്തിൽ സ്ഥാപിക്കണം.

6. യാത്രാസൗകര്യമില്ലാത്ത സ്ഥലങ്ങളിൽ റോഡുകൾ നിർമിക്കുക.

7. നിലവിലുള്ള റോഡുകൾക്ക് വെമ്മാണി,എടക്കോം തുടങ്ങി ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കുകളും പാലങ്ങളും നിർമിക്കുക.

8. കൂവേരിക്കടവ്, തേറണ്ടിക്കടവ് മംഗര, ഓടക്കടവ് തുടങ്ങിയ അത്യാവശ്യ സ്ഥലങ്ങളിൽ ചപ്പാരപ്പടവ് പുഴയ്ക്ക് നടപ്പാലം നിർമ്മിക്കുക.

9. കുപ്പം മുതൽ കൂവേരിവരെ വിനോദയാത്രയ്ക്ക് ബോട്ടുകൾ ഏർപ്പെടുത്തുക.

10. ചപ്പാരപ്പടവ് കടവിലുള്ള ബസ്സ്റ്റോപ്പിന് സമീപമുള്ള പുറമ്പോക്ക് സ്ഥലത്ത് ബസ്സ്റ്റാൻറ് നിർമിക്കുക.

പെരുമ്പടവ്, ഒടുവള്ളിത്തട്ട് എന്നിവിടങ്ങളിൽ ബസ് സ്റ്റാന്റ് പണികഴിപ്പിക്കുക.

11. പൂർത്തീകരിക്കാത്ത നടപ്പാലങ്ങളുടെ പണികൾ പൂർത്തീകരിക്കുക.

## ഊർജ്ജം:

പഞ്ചായത്തിലെ ഊർജ്ജാവശ്യങ്ങൾ മുഴുവൻ നിർവ്വഹിക്കുവാൻ വേണ്ടവിറക് അടുത്തകാലം വരെ പഞ്ചായത്തിൽ സുലഭമായിരുന്നു.

വെളിച്ചത്തിനു മാത്രം മണ്ണെണ്ണ ഉപയോഗിക്കുന്നു. ഇന്ന് കാടുകളില്ലാതായി ഊർജ്ജാവശ്യങ്ങൾ നിറവേറ്റാൻ തക്കവിറക് ഇല്ല. ഈ പരിതസ്ഥിതിയിൽ ശ്രദ്ധ മറ്റ് ഊർജ്ജ സ്രോതസ്സുകളിലേക്ക് തിരിച്ചു വിടേണ്ടതുണ്ട്. വൈദ്യുതിയാണ് ഇന്ന് പ്രധാന ഊർജ്ജം. വ്യാവസായിക ആവശ്യങ്ങൾക്കും, ഗാർഹികാവശ്യങ്ങൾക്കും സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വൈദ്യുതി പര്യപ്തമല്ല.

ചപ്പാരപ്പടവ് പഞ്ചായത്തിൽ 1960 മാർച്ച് 31ന് വൈദ്യുതി എത്തി. എന്നാൽ പഞ്ചായത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങൾ ഇനിയും എത്രയോ ബാക്കിയുണ്ട്.

ലഭ്യമായ കണക്കുകൾ അനുസരിച്ച് നിലവിലുള്ള ഉപഭോക്താക്കൾ

| | |
|---|---|
| ഗാർഹികം | 1210 |
| വ്യാപാരം | 70 |
| വ്യാവസായികം | 21 |
| കാർഷികം | 45 |

കണക്ഷൻ ലഭിക്കുന്നതിന്‌വേണ്ടി പഞ്ചായത്തിൽ കാത്തിരിക്കുന്നവർ വൈദ്യുത ബോർഡിലെ കണക്കനുസരിച്ച് ഓർഡിനറി 37, OT.P-3ഉം OYEC15ഉം ആണ്. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 4 എണ്ണമാണ്. പഞ്ചായത്ത് പരിധിയിൽ 23LT ട്രാൻസ്ഫോർമറുകളുണ്ട്. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി 1294രൂപ 50പൈസ പഞ്ചായത്തിൽ നിന്ന് അടക്കുന്നുണ്ട്. തലവിൽ, അതിരുകുന്ന്, ചാണോക്കുണ്ട്, ആലത്തട്ട്, ചുണ്ടക്കുന്ന് എന്നീ പട്ടികജാതി കോളനികളിൽ 47 കുടുംബങ്ങൾ വൈദ്യുതീകരിച്ചവയാണ്.

പഞ്ചായത്തിലെ 7ാം വാർഡിലും 11ാം വാർഡിലും വൈദ്യുതി ഇതുവരെ കടന്നുചെന്നിട്ടില്ല. 1981 മുതൽ വൈദ്യുതിക്ക് വേണ്ടി അപേക്ഷ കൊടുത്ത് 11ാം വാർഡിലെ ആളുകൾ കാത്തിരിക്കുന്നു.

പഞ്ചായത്തിൽ മണ്ണെണ്ണയുടെ ഉപഭോഗം-1995-96

| | |
|---|---|
| പെർമിറ്റുകളുടെ എണ്ണം | 197 |
| പെർമിറ്റ്‌വഴി വിതരണം ചെയ്തത് | 15654 ലിറ്റർ |
| കാർഡുവഴി വിതരണംചെയ്തത് | 127447 ലിററർ |
| ആകെ | 143101 |

പാചകാവശ്യത്തിന് എൽ.പി. ഗ്യാസ് 100 കുടുംബങ്ങളിൽ ഉപയോഗിക്കുന്നുണ്ട്



പഞ്ചായത്തിലെ ജനങ്ങൾ അധികവും പാരമ്പര്യ രീതിയിലുള്ള അടുപ്പുകളാണ് ഉപയോഗിക്കുന്നത്. പരിഷത്ത് അടുപ്പുകൾ എന്നറിയപ്പെടുന്ന ദക്ഷതകൂടിയ അടുപ്പുകൾ കൂവേരിയിൽ വ്യാപകമായി പ്രചാരത്തിലുണ്ട്. ദക്ഷതയുള്ള പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം ഉണ്ടാകേണ്ടിയിരിക്കുന്നു. വേണ്ടത്ര പ്രചരണം പുകയില്ലാത്ത അടുപ്പുകൾക്ക് പഞ്ചായത്തിൽ ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ ഗോബർ ഗ്യാസ് 15 വീടുകളിൽ ഉപയോഗിക്കുന്നുണ്ട്.

കാറ്റാടിയന്ത്രം ഉപയോഗച്ച് നാടുകാണിയിലും എളമ്പേരത്തും വെള്ളം പമ്പുചെയ്യുന്നുണ്ട്. അനെർട്ടിന്റെ ടി.വി. സെറ്റുകൾ പ്രവർത്തിക്കുന്ന സമ്പ്രദായവും പഞ്ചായത്തിലുണ്ട്, സൂര്യറാന്തലുകളും ഉപയോഗി ക്കുന്നുണ്ട്.

ഊർജ്ജാവശ്യത്തിന് വേണ്ടത്ര വിറക് കിട്ടുന്നില്ല.

വൈദ്യുതി ഉള്ള സ്ഥലങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

ആവശ്യമുള്ള മണ്ണെണ്ണ കിട്ടുന്നില്ല.

എൽ.പി. ഗ്യാസ് കണക്ഷൻ പഞ്ചായത്തിൽ സൗജന്യ നിരക്കിൽ ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

1. ഗോബർ ഗ്യാസ് നിർമ്മാണത്തിന് പ്രോത്സാഹനവും പ്രചാരണവും ലഭിക്കണം. വിറക് ലാഭിക്കാൻ ദക്ഷത കൂടിയ അടുപ്പുകൾ പ്രചിരിപ്പിക്കണം.

2. അനേർട്ട് തളിപ്പറമ്പ് ബ്ലോക്കാൽ 50 രൂപയ്ക്ക് ദക്ഷതകൂടിയ അടുപ്പുകൾ വിതരണംചെയ്യുന്നുണ്ട്.

3. വിറകിന്റെ ലഭ്യതയ്ക്ക് സാമൂഹിക വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കണം.

4. അനുയോജ്യമായ സ്ഥലങ്ങളിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുക.

5. ഇലക്ട്രിക്ക് ലൈനിൽ ഉണ്ടാകുന്ന പ്രസരണ നഷ്ടം ഇല്ലാതാക്കുക.

6. വാർഡ് തലത്തിൽ കർമ്മസേനകൾ രൂപീകരിച്ച് കെ.എസ്.ഇ.ബി.യുടെ സഹായത്തോടെ വൈദ്യുത ലൈനുകളിൽതട്ടുന്ന മരക്കമ്പുകൾ മുറിച്ചുമാറ്റുക.

7. സി.എഫ്.എൽ. സൂര്യറാന്തലുകൾ ഇലക്ട്രോണിക്ക് ചോക്ക് ഇവയുടെ ഉപയോഗം പ്രചരിപ്പിക്കുക.

8. ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കുക.

9. ഇലക്ട്രിസിറ്റി ബില്ലടക്കാൻ പഞ്ചായത്തിൽ സൗകര്യം ഉണ്ടാക്കുക.

10. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ വേണ്ടനടപടി സ്വീകരിക്കുക.

11. വോൾട്ടേജ് കുറഞ്ഞ കേന്ദ്രങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

12. ഉപഭോക്താക്കളുടെ സഹകരണത്തോടെ ശക്തി കൂടിയ ജനറേറ്റർ(ഡീസൽ) ഉപയോഗിച്ച് വൈദ്യുതി വിതരണം നടത്തുക. എരുവാട്ടിയിൽ പ്രസ്തുതരീതി പ്രാവർത്തികമാക്കിയിട്ടുണ്ട്.

## മാർക്കറ്റ്:

ചപ്പാരപ്പടവ് ടൗൺ മലയോരമേഖലയിലെ ഒരു കാലത്തെ വ്യാപാരകേന്ദ്രമായിരുന്നു. പുഴവഴി സാധനങ്ങൾ കൊണ്ടുപോവുകയും കൊണ്ടുവരികയും പതിവാണ്. ഇന്ന് പഞ്ചായത്തിലെ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നത് തളിപ്പറമ്പിലും കരുവൻചാലിലുമാണ്. പഞ്ചായത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് കാർഷിക ഉൽപന്നങ്ങളും വിറ്റഴിക്കുന്നതിന് വേണ്ടസംവിധാനം ഇല്ല. അടക്കവിപണനത്തിൻ ചപ്പാരപ്പടവ് ചുറ്റുപാടുമുള്ള വിപണനകേന്ദ്രങ്ങളെ അപേക്ഷിച്ച് വളരെ മുമ്പിലാണ്.

സാദ്ധ്യതകൾ:

ചപ്പാരപ്പടവിൽ ഒരു ഷോപ്പിങ്ങ് കോംപ്ളക്സ് ഉണ്ടാവണം.

ചപ്പാരപ്പടവ്, പെരുമ്പടവ്, ഒടുവള്ളി എന്നിവിടങ്ങളിൽ ആഴ്ചച്ചന്തകൾക്ക് സാദ്ധ്യതകളുണ്ട്.



# 5. സഹകരണ മേഖല



നമ്മുടെ പഞ്ചായത്തിലെ പല മേഖലകളിലും ഇന്ന് സഹകരണ പ്രസ്ഥാനം വേരൂന്നിയിട്ടുണ്ട്. ഏകദേശം 50വർഷങ്ങൾക്ക് മുമ്പ് ഇപ്പോഴത്തെ കൂവേരി റവന്യൂവില്ലേജ് കേന്ദ്രമാക്കി 1946ൽ രൂപീകരിച്ച പി.സി.സി. സൊസൈറ്റിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. ഈ സ്ഥാപനത്തിന്റെ പ്രവർത്തനമേഖല കൂവേരി, തടിക്കടവ്, നടുവിൽ തിരുവട്ടൂർ എന്നീ വില്ലേജുകളിൽ വ്യാപിച്ചു കിടന്നിരുന്നു. കൃഷിക്കാർ ലെവിയായി നൽകുന്ന നെല്ല് സംഭരിച്ച് റേഷനടിസ്ഥാനത്തിൽ ആളുകൾക്ക് വിതരണം ചെയ്യുകയായിരുന്നു അതിന്റെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി അക്കാലത്ത് മദ്രാസ് ഗവൺമെൻറിൽനിന്നും ഏജൻസി എടുക്കേണ്ടിയിരുന്നു. അന്നത്തെ ജനങ്ങളുടെ ആവശ്യാർത്ഥം 28000രൂപ സ്വരൂപിച്ചാണ് ഏജൻസി എടുത്തത്. ഈ പ്രവർത്തനം ശ്ലാഘനീയമാണ്. എട്ട് കേന്ദ്രങ്ങളിൽ വെച്ചായിരുന്നു നെല്ല് വിതരണം ചെയ്തിരുന്നത്. പ്രസ്തുത സൊസൈറ്റിയുടെ പ്രധാന ശില്പികൾ വേങ്ങരയിൽ രാഘവൻ നായരും (പ്രസിഡണ്ട്), കെ.നാരായണൻ നമ്പ്യാരും (സിക്രട്ടറി) ആയിരുന്നു. എം. കുഞ്ഞബ്ദുല്ലഹാജി ദീർഘകാലം സിക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു.

1954ൽ സഹകരണാടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ രണ്ട് ഐക്യനാണയസംഘങ്ങൾ രജിസ്റ്റർ ചെയ്തിരുന്നു. കൂവേരി ഐക്യനാണയ സംഘവും തടിക്കടവ് ഐക്യനാണയസംഘവും ഇങ്ങനെ രൂപംകൊണ്ടു. ജന്മിമാരുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരന് ആശ്വാസം നല്കാൻ ഉതകുന്ന പരിപാടികൾ നടപ്പിലാക്കിയതിന്റെ ഫലമായി രണ്ട് സംഘങ്ങളും സഹകരണ ബാങ്കുകളായി ഉയർന്നു.

കേരളപ്പിറവിക്ക് ശേഷം 1959ൽ ചക്കര സൊസൈറ്റി കൂവേരി കേന്ദ്രമായി പ്രവർത്തനം തുടങ്ങിയെങ്കിലും കുറച്ചുകാലത്തെ പ്രവർത്തനത്തിന് ശേഷം അത് നിർജ്ജീവമായി. 1975ലാണ് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണ കൺസ്യൂമർ സൊസൈറ്റി ചപ്പാരപ്പടവിൽ രൂപം കൊണ്ടത്. ചുരുങ്ങിയ കാലത്തിന് ശേഷം അത് ലിക്വിഡേറ്റ് ചെയ്തു. 1980 ഓടുകൂടി ഇത് പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു. 1981ൽ പഞ്ചായത്തിൽ വനിതകൾക്ക് മാത്രമായി ഒരു സഹകരണസ്ഥാപനം ആരംഭിച്ചു. ചപ്പാര പ്പടവ് വിമൻസ് മൾട്ടി ഇൻഡസ്ട്രിയൽ കോ.ഓപ്പ് സൊസൈറ്റി അങ്ങനെ നിലവിൽ വന്നു. ഇപ്പോൾ ഈ പഞ്ചായത്തിൽ 1[illegible] സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

### അവ തരംതിരിച്ച് താഴെ ചേർക്കുന്നു

1. ക്രെഡിറ്റ് മേഖല 3 എണ്ണം
   1. കൂവേരി സർവീസ് സഹകരണ ബാങ്ക്
   2. തടിക്കടവ് "
   3. ചപ്പാരപ്പടവ് പഞ്ചായത്ത് വനിതാ സഹകരണ സംഘം
2. ക്ഷീരോത്പാദന സംഘങ്ങൾ 4 എണ്ണം
   1. മീൻപറ്റി ക്ഷീരോല്പാദന സഹകരണ സംഘം
   2. എടക്കോം " " "
   3. വിമലശ്ശേരി " " "
   4. തടിക്കടവ് " " "
3. കൺസ്യൂമർ സ്റ്റോർ 1 എണ്ണം
   1. ചപ്പാരപ്പടവ് പഞ്ചായത്ത് കൺസ്യൂമർ കോ.ഓപ്പ്: സ്റ്റോർ
4. സ്കൂൾ സംഘങ്ങൾ 2 എണ്ണം

1. ചപ്പാരപ്പടവ് ഹൈസ്കൂൾ സഹകരണസംഘം
2. കൊട്ടക്കാനം യു.പി. സ്കൂൾ

5. വ്യാവസായികാടിസ്ഥാനത്തിൽ 4 എണ്ണം

1. ചപ്പാരപ്പടവ് വിമൻസ് മൾട്ടി ഇൻഡസ്ട്രിയൽ സൊസൈറ്റി
2. ചപ്പാരപ്പടവ് പഞ്ചായത്ത് കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘം
3. ചാണോക്കുണ്ട് ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘം
4. ചപ്പാരപ്പടവ് പഞ്ചായത്ത് പട്ടികജാതി ഗ്രാമ വ്യവസായ സംഘം

## ക്രഡിറ്റ് മേഖല

ക്രഡിറ്റ് മേഖലയിൽ 3 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് പഞ്ചായത്തിലെ 6 വാർഡുകൾ പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന കൂവേരി സർവീസ് സഹകരണ ബാങ്ക്, ബാക്കി 5 വാർഡുകളും ആലക്കോട് പഞ്ചായത്തിലെ 5 വാർഡുകളും ഉൾപ്പെടുന്ന തടിക്കടവ് സർവീസ് സഹകരണബാങ്ക്, പഞ്ചായത്ത് മുഴുവൻ പ്രവർത്തനപരിധിയുള്ളതും വനിതകൾക്ക് വേണ്ടിമാത്രം രൂപീകൃതവുമായ ചപ്പാരപ്പടവ് പഞ്ചായത്ത് വനിതാ സഹകരണസംഘം എന്നിവയാണ് അവ. കൂവേരി, തടിക്കടവ് എന്നിവിടങ്ങളിലെ ബാങ്കുകൾ 1984ലും ചപ്പാരപ്പടവ് വനിതാ സൊസൈറ്റി 1992ലും പ്രവർത്തനം ആരംഭിച്ചു. സഹകരണ സംഘങ്ങൾ ആദ്യകാലങ്ങളിൽ ന്യായവില ഷാപ്പുകൾ പലവിധ കാരണങ്ങളാൽ തുടർന്നു നടത്താൻ കഴിഞ്ഞിട്ടില്ല.

സാമ്പത്തിക വായ്പകൾക്കു പുറമേ വളം, കീടനാശിനി എന്നിവയും കർഷകർക്ക് ലോണുകളായി നൽകുന്നു. ഈ കാലയളവിൽ കശുവണ്ടി സംഭരണം വിജയകരമായി നടത്തുന്നതിന് പുറമേ സ്ഥിരമായി റബ്ബർ, കൊപ്ര എന്നീ നാണ്യവിളകളും കർഷകരിലനിന്നും സംഭരിക്കുന്നുണ്ട്. ഗൃഹോപകരണഷോറൂമുകൾ, ഗൃഹ ലക്ഷ്മി, മംഗള, ശോഭന എന്നീ പേരിലുള്ള ഡെപ്പോസിറ്റ് സ്കീമുകൾ എന്നീ ക്ഷേമ പ്രവർത്തനങ്ങളും സംഘങ്ങൾ ഏറ്റെടുത്തു നടത്തുന്നു. സ്വർണ്ണപ്പണയ വായ്പയും കൊടുത്തുവരുന്നു.

27സ്ഥിരം ജീവനക്കാരും 33.5 ലക്ഷം രൂപ ഓഹരിമൂലധനവും 6.75രൂപ ടേണോവറുമുള്ള ക്രെഡിറ്റ് മേഖല തഴച്ചുവളർന്നിട്ടുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന കുടിശ്ശികയും, അമിതമായ നിത്യ ചെലവുകളുംമൂലം എല്ലാസംഘങ്ങളുംതന്നെ ഓഡിറ്റ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## ക്ഷീരസംഘങ്ങൾ

ഈ പഞ്ചായത്തിൽ നാല് ക്ഷീരോത്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1965മുതലാണ് ഈ രംഗത്ത് പ്രവർത്തനങ്ങൾ തുടങ്ങിയത്. ഇവയിൽ [illegible]യുടെ നേതൃത്വമുള്ള രണ്ടെണ്ണമാണുള്ളത്.

കന്നുകാലികളെ സംരക്ഷിക്കുന്നതിന് വേണ്ടി വരുന്ന ഭീമമായ ചെലവുകളും മറ്റു ബുദ്ധിമുട്ടുകളും കണക്കിലെടുക്കമ്പോൾ ആനുപാധികമായ വില പാലിന് ലഭിക്കാതെ വരുന്നത് മൂലം കർഷകർ ഈ രംഗത്തോട് വളരെവേഗം വിടപറഞ്ഞുകൊണ്ടിരിക്കുകയാണ്. നാലു സംഘങ്ങളിലുംകൂടി 1424പേർ അംഗങ്ങളായുണ്ട്, എന്നാൽ അവരുടെ മൊത്തം പാലുല്പാദനം ദിനംപ്രതി 460 ലിറ്റർ മാത്രമാണ്.

പാലുൽപാദനം കൂടുതലുള്ള സീസണുകളിൽ അവ വിറ്റഴിക്കുന്നതിൽ വളരെ ബുദ്ധിമുട്ട് സംഘങ്ങൾ അനുഭവിക്കുന്നുണ്ട്. ആയതിനുവേണ്ടിവരുന്ന ഭാരിച്ച വാഹനകൂലി സംഘങ്ങൾക്ക് താങ്ങാവുന്നതിലധികമാണ്.

മൊത്തം 6 ജീവനക്കാരും 32000ൽപരം രൂപ ഓഹരി മൂലധനവും 33 ലക്ഷം രൂപവാർഷിക ടേണോവറുമുള്ള ഈ സംഘങ്ങൾ നിലനില്പിനായി അത്യദ്ധ്വാനം നടത്തിക്കൊണ്ടിരിക്കുകയാണ്.

## സ്കൂൾ സംഘങ്ങൾ

പഞ്ചായത്തിൽ 1975ലും 76ലുമായി തുടങ്ങിയ രണ്ട് സ്കൂൾ സംഘങ്ങളാണ് ഉള്ളത്. അദ്ധ്യാപകരും വിദ്യാർത്ഥികളുമാണ് ഇതിലെ അംഗങ്ങൾ. വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ വിലക്കുറവിലും യഥാസമയത്തും വിതരണം നടത്തുകയാണ് സൊസൈറ്റികളുടെ ലക്ഷ്യം. മോശമല്ലാത്ത പ്രവർത്തനം നടത്തുകയും ഏറെക്കുറെ ലാഭത്തിലും പ്രവർത്തിക്കുന്ന മേൽസംഘങ്ങൾക്ക് മൊത്തം 9500രൂപ ഓഹരിമൂലധനവും 780000രൂ വാർഷിക ടേണോവറുമുണ്ട്.

## കൺസ്യൂമർരംഗം.

പഞ്ചായത്തിൽ കൺസ്യൂമർ രംഗത്ത് സഹകരണ സ്ഥാപനം ഒരെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 1975ൽ തുടങ്ങിയെങ്കിലും ഇടക്കാലത്തെ പ്രവർത്തന മാന്ദ്യത്തിന ശേഷംഇപ്പോൾ മോശമല്ലാത്ത പ്രവർത്തനം നടത്തുന്ന ഈ സ്ഥാപനം തലവിൽ കേന്ദ്രമായി പ്രവർത്തിക്കുന്ന നിത്യോപയോഗ സാധനങ്ങൾക്ക് പുറമേ തുണിത്തരങ്ങളും

കച്ചവടം നടത്തുന്നുണ്ട്.

സ്വന്തമായി സ്ഥലവും കെട്ടിടങ്ങളും ഉണ്ടാക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. രണ്ടുജീവനക്കാരും 117400രൂപ ഓഹരിമൂലധനവും350760രൂപ വാർഷിക ടേണോവറും ഈ സ്ഥാപനത്തിനുണ്ട്.

## വ്യവസായ സംഘങ്ങൾ

വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നാല് സംഘങ്ങളാണ് ഈ പഞ്ചായത്തിലുളളത്. ഒന്ന് വനിതകളെ മാത്രം ഉദ്ദേശിച്ചുള്ളതും രണ്ടെണ്ണം പട്ടികജാതിക്കാരെ ഉദ്ദേശിച്ചുളളതുമാണ്. വനിതകൾക്ക് തയ്യൽ പരിശീലനം, ബുക്ക്ബൈൻറിംഗ്, പ്ലാസ്റ്റിക് വർക്ക് എന്നീ തൊഴിലുകളിൽ പരിശീലനം കൊടുത്തുവരുന്നു.

പട്ടികജാതിക്കാർക്ക് പായ, കൂട്ട എന്നിവ നിർമ്മിക്കുന്നതിനും അവ വിതരണം ചെയ്യുന്നതിനുമായി ഒരു സംഘവും കരിങ്കൽ വ്യവസായവുമായി ബന്ധപ്പെട്ട മറ്റൊരു സംഘവും പ്രവർത്തിക്കുന്നു. ഈ മൂന്ന് സ്ഥാപനങ്ങളും നാമമാത്ര പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഭരണസമിതികളുടെ കാര്യക്ഷമതയില്ലായ്മയും വിഭവസമാഹരണരംഗത്തുണ്ടായ പരാജയവും ഇവയുടെ പ്രവർത്തനം തടസ്സപ്പെടാൻ കാരണമായിട്ടുണ്ട്.

പൊതുവായി കരിങ്കൽ തൊഴിലാളികളെ ഉദ്ദേശിച്ചു നടത്തുന്ന മറ്റൊരു സഹകരണ സ്ഥാപനം മടക്കാട് കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. സ്വന്തമായി ക്വാറികൾ ഏറ്റെടുത്ത് നടത്തുകയും ബോളറുകളും ജില്ലിയും വിറ്റഴിച്ച് ലാഭമുണ്ടാക്കുകയും ചെയ്തുവരുന്ന ഈ സ്ഥാപനം മുപ്പത് തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ നല്കുന്നു.

വ്യാവസായികാടിസ്ഥാനത്തിലുളള നാലു സംഘങ്ങളിലുംകൂടി മൊത്തം 370പേർ അംഗങ്ങളാണ്. ജീവനക്കാർ ആകെ മൂന്ന് പേർമാത്രം. ആകെ ഓഹരിമൂലധനം 115670 രൂപയാണ് മൊത്തം വാർഷിക ടേണോവർ നാലു ലക്ഷത്തിൽപരമാണ്. ഒന്നൊഴികെ മറ്റെല്ലാ സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തുന്ന മേൽപറഞ്ഞ 14 സംഘങ്ങൾക്കുപുറമേ ഈ പഞ്ചായത്തു കൂടി പ്രവർത്തനമേഖലയായുള്ള മറ്റു ചില പ്രാഥമികവും, അപെക്സുമായിട്ടുളള സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനവും ഇവിടെ നടക്കുന്നുണ്ട്.

പദ്ധതികളിലൂന്നിയ കാർഷിക വായ്പകൾ കൊടുക്കുന്ന തളിപ്പറമ്പ് കാർഷിക വികസന ബേങ്ക്, ഭവന നിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്ന തളിപ്പറമ്പ് ബിൽഡിംഗ് സൊസൈറ്റി, കാർഷികേതര വായ്പകൾ നടത്താനുദ്ദേശിച്ചുകൊണ്ട് സമീപകാലത്ത് പ്രവർത്തനം തുടങ്ങിയിട്ടുളള തളിപ്പറമ്പ് അർബൻ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയാണിവ.

ഈ പഞ്ചായത്തിലെ 1000ൽപരം ആളുകൾ മേൽസംഘങ്ങളിൽ മെമ്പർമാരാണ്. ഭവനനിർമ്മാണം വാഹനങ്ങൾ വാങ്ങൽ, കച്ചവടം, വിസ, സ്വർണ്ണപണയം കാർഷികേതര വായ്പകളും കാർഷികവായ്പകളും മേൽസംഘങ്ങൾവഴി ഈ പഞ്ചായത്തിൽ ധാരാളമായി വിതരണം നടത്തുന്നുണ്ട്.

ഇന്ന് പലസ്ഥാപനങ്ങളും പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മയാണ്. ഇത് പരിഹരിക്കാൻ മാനേജ്മെൻറിനും ജീവനക്കാർക്കും നൂതനമായ ഭരണസംവിധാനത്തെ കുറിച്ച് ആവശ്യമായ ബോധവല്കരണം നടത്തുകയാണ് വേണ്ടത്. കക്ഷിരാഷ്ട്രീയത്തിനനുസരിച്ചുളള മത്സരങ്ങൾ സഹകരണരംഗത്ത് വരുന്നതുകൊണ്ട് എല്ലാ സംഘങ്ങളും ഒരു പരിധിവരെ ഒരു വിഭാഗത്തെമാത്രം പ്രതിനിധീകരിക്കുന്നതായി മാറുന്നു. ഇതിന് മാറ്റംവരുത്താൻവേണ്ട നിയമനടപടികൾ ആരംഭിക്കേണ്ടതാണ്. അമിതമായ എസ്റ്റാബ്ലിഷ്മെൻറ് ചെലവ്ചില സംഘങ്ങളേയെങ്കിലും തകർച്ചയിലേക്ക് നയിച്ചിട്ടുണ്ട്. ക്രെഡിറ്റ് മേഖലയിൽ ഗവൺമെൻറിൻെറ ഓഡിറ്റിംഗ് ശക്തമാക്കുകയും ഓഡിറ്ററുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംഘത്തിൽനിന്ന് ഈടാക്കുന്നതിനു പകരം ഗവൺമെൻറ് നേരിട്ട് കൊടുക്കുകയും ചെയ്യണം. സംഘത്തിൻെ ഭീമമായ കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിലേക്ക് ആവശ്യമായ തുക അടക്കാറുണ്ടെങ്കിലും ഉടൻ നടപടികൾ വേണ്ടത്ര വേഗതയിൽ ഉണ്ടാവാറില്ല. ഇതിലും കാലോചിതമായ മാറ്റം വരുത്തേണ്ടതാണ്. പല സ്ഥാപനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കുന്ന പല പദ്ധതികൾക്കും ആവശ്യമായ അനുമതി സഹകരണ വകുപ്പിൽനിന്നും യഥാസമയം കിട്ടാറില്ല.

## സാദ്ധ്യതകൾ

1. കൂവേരി സർവീസ് സഹകരണ ബാങ്കിൻെറ പുരോഗതിക്ക് മടക്കാട് ഒരു ബ്രാഞ്ചും ചപ്പാരപ്പടവിൽ ഒരു സയാഹ്നശാഖയും ആരംഭിക്കേണ്ടതാണ്. തടിക്കടവ് സർവീസ് സഹകരണബാങ്കിന് തിമിരി, ബാലപുരം എന്നിവിടങ്ങളിൽ ഓരോ ശാഖയും പെരുമ്പടവിൽ ഒരു

സായാഹ്നശാഖയും നിരംഭിക്കണം

2. മാർക്കറ്റിംഗ് സഹകരണസംഘം രൂപീകരച്ച് പ്രവർത്തിക്കേണ്ടതാണ്.

3. ചികിത്സാ രംഗത്ത് ഏറ്റവും കൂടുതൽ ക്ലേശമനുഭവിക്കുന്ന ഈ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സഹകരണാശുപത്രിക്ക് തുടക്കം കുറിക്കേണ്ടതാണ്.

4. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

5. നബാർഡ് തുടങ്ങിയ കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കാർഷിക പുരോഗതിക്കാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് കൂടുതൽ ഫണ്ട്, കുറഞ്ഞ പലിശക്ക് കിട്ടുന്ന സംവിധാനം ഉണ്ടാക്കണം

6. അപ്പെക്സ് ബാങ്കുകളുടെ പ്രവർത്തനം ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് നിയന്ത്രിക്കണം.

7. തെരഞ്ഞെടുപ്പ് ചെലവ് കുറക്കാൻ ഭരണസമിതിയുടെ കാലാവധി 5 വർഷമാക്കുക

8. സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതികളിൽ 1/3 സ്ത്രീ പ്രാതിനിധ്യം ഉറപ്പ് നല്കേണ്ടതാണ്.

9. വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ പ്രവർത്തനം അവലോകനം നടത്തി അവയെ പീഡിത വ്യവസായമായി കണക്കാക്കി അവയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ മാർഗനിർദ്ദേശങ്ങളും ഗ്രാൻറുകളും അനുവദിക്കേണ്ടതാണ്.

10. സഹകരണാടിസ്ഥാനത്തിൽ പ്രിൻറിംഗ് പ്രസ് പോലുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

| നമ്പ്ര് | സ്ഥാപനത്തിൻെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭം നഷ്ടം |
|---|---|---|---|---|---|---|---|
| 1 | കൂവേരി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ. സി. 65 | 1954 | 8320 | 9 | 1851438/– | 2.750കോടി | നഷ്ടം |
| 2 | തടിക്കടവ് സർവീസ് കോ.ഓപ്പ. ബാങ്ക് ലിമിറ്റഡ് നമ്പർ. സി. 66 | 1954 | 12560 | 15 | 3151000 | 3.50കോടി | " |
| 3 | ചപ്പാരപ്പടവ് പഞ്ചായത്ത് വനിതാവനിതാ കോ.ഓപ്പ് സൊസൈറ്റി ലിമിറ്റഡ് | 1992 | 185 | 2 | 16650 | 622284 | " |
| 4 | ചപ്പാരപ്പടവ് പഞ്ചായത്ത് കൺസ്യൂമേഴ്സ് കോ.ഓപ്പ് സൊസൈറ്റി | 1975 | 433 | 2 | 117400 | 350700 | " |
| 5 | ഇടക്കോം ക്ഷീരോല്പാദക സഹകരണസംഘം | 1971 | 497 | 5 | 11570 | 2746632 | ലാഭം |
| 6 | മീമ്പറ്റി " | 1985 | 692 | – | 13505 | 446040 | " |
| 7 | വിലശ്ശേരി " | 1988 | 203 | 1 | 6100 | 25000 | നഷ്ടം |
| 8 | തടിക്കടവ് " | 1996 | 32 | – | 850 | 75000 | " |
| 9 | കൊട്ടക്കാനം യു.പി.സ്കൂൾ കോ.ഓപ് സൊസൈറ്റി | 1976 | 172 | – | 1660 | 75000 | ലാഭം |
| 10 | ചപ്പാരപ്പടവ് ഹൈസ്കൂൾ കോ.ഓപ്പ് സൊസൈറ്റി | 1975 | 7338 | – | 7804 | 704735 | " |
| 11 | ചപ്പാരപ്പടവ് പഞ്ചായത്ത് പട്ടികജാതി ഗ്രാമ വ്യവസായ സഹകരണ സംഘം | 1989 | 51 | 1 | 510 | 10000 | നഷ്ടം |
| 12 | ചാണോകുണ്ട് ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘം | 1989 | 52 | 1 | 520 | 10000 | " |
| 13 | ചപ്പാരപ്പടവ് മൾട്ടി ഇൻഡസ്ട്രിയൽ കോ.ഓപ്പ് സൊസൈറ്റി | 1980 | 90 | – | 58000 | 80000 | " |
| 14 | ചപ്പാരപ്പടവ് പഞ്ചായത്ത് കരികൽ തൊഴിലാളി വ്യവസായ സഹകരണ സംഘം | 1990 | 177 | 1 | 58670 | 30000 | ലാഭം |

# 6. വിദ്യാഭ്യാസം



സ്കൂളുകളുടെ ഭൗതിക സാഹചര്യം പൊതുവേ തൃപ്തികരമല്ല. 11 സ്കൂളുകളിൽ ഒന്നിനുപോലും പൂർണ്ണമായ ചുറ്റുമതിലില്ല. ആവശ്യത്തിനം ക്ലാസ് മുറികളോ ഫർണിച്ചറോ മൂത്രപ്പുരകളോ ഇല്ലാത്ത വിദ്യാലയങ്ങളാണ് കൂടുതലും. 2512 വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു ഹൈസ്കൂളിന് കുട്ടികളുടെ ആവശ്യത്തിന് ഒരു കക്കൂസ് പോലും ഇല്ല എന്നുള്ളത് ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരുദാഹരണമാണ്. വിശദീകരിച്ച പട്ടിക നോക്കുക.

പട്ടിക-2 (ഭൗതിക സൗകര്യങ്ങൾ)

അക്കാദമിക്ക് സൗകര്യങ്ങളുടെ കാര്യത്തിലും പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ സ്ഥിതി തൃപ്തികരമല്ല. ടെലിവിഷൻ, വി.സി.പി, സിനിമാ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഒ.എച്ച്.പി, കമ്പ്യൂട്ടർ എന്നീ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഒരു സ്കൂളിലും ഇല്ല. ലൈബ്രറികളും ലാബ്രട്ടറികളുമുള്ള അപൂർവ്വം സ്കൂളുകളിൽപോലും അവ ഉപയോഗപ്പെടുത്തുന്നില്ല. പി.ടി.എ കൾ സമീപകാലത്ത് സജീവമായിവരുന്നുണ്ട്. മാതൃ സംഘങ്ങളും മദർ പി.ടി.എ കളും പലയിടത്തും സജീവമല്ല. വിശദവിവരങ്ങളടങ്ങിയ പട്ടിക കാണുക.

പട്ടിക-3 (അക്കാദമിക്ക് സൗകര്യങ്ങൾ)

അക്കാദമിക്ക് നിലവാരത്തിന്റെ കാര്യത്തിലും വിദ്യാലയങ്ങൾക്ക് നേട്ടങ്ങളൊന്നും അവകാശപ്പെടാനില്ല.1996-97 ലെ പാദവാർഷിക പരീക്ഷയുടെ ഫലം ഇതു സംബന്ധിച്ച ഒരു ചിത്രം നല്കുന്നു. ഒന്നുമുതൽ 10 വരെ ക്ലാസുകളിൽ4656 കുട്ടികൾ പരീക്ഷ എഴുതി. അതിൽ 49% കുട്ടികൾക്കും 30% ശതമാനത്തിൽ താഴെയാണ് മാർക്ക് 60% ശതമാനം കൂടുതൽ മാർക്ക് കിട്ടിയത് കേവലം 10% വിദ്യാർത്ഥികൾക്കാണ്. കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയശതമാനത്തിന്റെ പട്ടിക നോക്കുക.

വിദ്യാഭ്യാസം സവർണ്ണർക്ക് മാത്രം പ്രാപ്യമായ ഒരുകാലഘട്ടം ചപ്പാരപ്പടവ് പഞ്ചായത്തിലും ഉണ്ടായിരുന്നു. ദേശീയ പ്രസ്ഥാനം ഇന്ത്യയിൽ ശക്തിയാർജിച്ചതോടെ സാർവ്വത്രിക വിദ്യാഭ്യാസം എന്ന ആശയം പ്രചരിച്ചു. ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് വിദ്യാസമ്പന്നരായ ദേശസ്നേഹികൾ അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതോടെ ഗ്രാമങ്ങളിലുള്ള സാധാരണക്കാർക്കും അക്ഷരം പഠിക്കാനുള്ള അവസരം കിട്ടി. പിന്നീട് മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് പഞ്ചായത്തിലെ കൂവേരി, പടപ്പേങ്ങാട്, തടിക്കടവ്, തലവിൽ, ചപ്പാരപ്പടവ് എന്നിവിടങ്ങളിൽ ഏകാധ്യാപക വിദ്യാലയങ്ങൾ ആരംഭിച്ചു. പല കാരണങ്ങളാലും ഇവയിൽ ചിലവിദ്യാലയങ്ങൾക്ക് പ്രവർത്തനം തുടരാൻ സാധിച്ചില്ല. ഇവയിൽ കൂവേരി, പടപ്പേങ്ങാട്, തടിക്കടവ് സ്കൂളുകൾ സർക്കാർ മേഖലയിൽ പ്രവർത്തിച്ചു. തലവിൽ സ്കൂൾ ജനകീയകമ്മിറ്റി ഏറ്റെടുത്തപ്പോൾ ചപ്പാരപ്പടവ് സ്കൂൾ സ്വകാര്യവ്യക്തി ഏറ്റെടുത്തു.

1950ൽ എം.ഹസ്സൈനാർ ഹാജി ഏറ്റെടുത്ത ചപ്പാരപ്പടവ് എൽ.പി.സ്കൂൾ 1955ൽ യു.പി.ആയും 1960ൽ ഹൈസ്കൂളായും ഉയർന്നു.

നിലവിലുള്ള 7 എൽ.പി.സ്കൂളിലും 2 യു.പി സ്കൂളിലും 2ഹൈസ്കൂളിലുമായി 5431കുട്ടികൾ പഠിക്കുന്നു. അതിൽ 2765 ആൺകുട്ടികളും 2666 പെൺകുട്ടികളുമാണ്. എല്ലാവിദ്യാലയങ്ങലിലുമായി 195 അധ്യാപകരുണ്ട്.

പട്ടിക-4 (അക്കാദമിക് നിലവാരം)

| S.S.L.C | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| CHS | 47% | 45% | 34% | 34% | 33% |
| B.V.J.M.H.S | 82% | 80% | 73% | 63.5% | 45% |

പ്രാരംഭകാലത്ത് ഉന്നതവിജയശതമാനം നേടിയിരുന്ന 2 ഹൈസ്കൂളുകളും ഇന്ന് വളരെ പിന്നോട്ട് പോയിരിക്കുന്നു. വിദ്യാഭ്യസ നിലവാരത്തകർച്ചയെക്കുറച്ച് അദ്യാപകരും രക്ഷിതാക്കളും അധികൃതരും ചിന്തിക്കുകയും നിലവാരം മെച്ചപ്പെടുത്താൻ പ്രവർത്തിക്കുകയുംചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പഠ്യേതര രംഗത്തും നമ്മുടെ വിദ്യാലയങ്ങൾ പിറകിലാണ്. കലാരഗത്ത് ജില്ലാ-സംസ്ഥാനതല അവാർഡുകളൊന്നും കിട്ടിയില്ല. ക്രായികരംഗത്ത് 4 ജില്ലാതല അവാർഡുകളും 2 സംസ്ഥാനതല അവാർഡുകളും കിട്ടിയിട്ടുണ്ട്. സാമ്പത്തീക ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ എണ്ണം പട്ടിക-5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക-5

സാമ്പത്തീക ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരം

| | |
|---|---|
| മെറിറ്റ് സ്കോളർഷിപ്പ് | 6 |
| ലംസം ഗ്രാൻെറ് | 256 |
| മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് | 354 |
| വികലാംഗ സ്കോളർഷിപ്പ് | 14 |
| ജവാന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | 2 |
| ബീഡിത്തൊഴിലാളികൾക്കുള്ള സ്കോളർഷിപ്പ് | 2 |
| മത്സ്യത്തൊഴിലാളികൾക്കുള്ള സ്കോളർഷിപ്പ് | 2 |
| മറ്റുള്ളവ | 6 |
| അകെ | 642 |

11 അംഗീകൃത വിദ്യാലയങ്ങൾക്ക് പുറമെ പഞ്ചായത്തിൽ 2 പാരലൽ കോളേജുകളും ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു കമ്പ്യൂട്ടർ സെൻററും ഗവ: അംഗീകാരമില്ലാത്ത 2 എൽ.പി. സ്കൂളുകളും പ്രവത്തിക്കുനുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും നകരങ്ങളിലുള്ള സർക്കാർ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യം പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലും ഇല്ല.

1995-96 ൽ സംസ്ഥാന വിദ്യഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ സ്കൂൾ കോംപ്ലക്സ് നല്ലരീതിയിൽ പ്രവർത്തനം ആരംഭിച്ചു. 2 അദ്ധ്യാപക സംഗമങ്ങൾ നടത്തിയെങ്കിലും ഒരു വിഭാഗം അദ്യാപകരുടെ നിസ്സഹകരണം കാരണം തുടർന്ന് പ്രവർത്തനങ്ങളൊന്നും ഉണ്ടായില്ല. 1996-97 ൽ കണ്ണൂർ ഡി.ഐ.ഇ.ടി. യുടെയും ജില്ലാ പഞ്ചായത്തിൻെറയും സഹകരണത്തോടെ ഗുരുകുലം പരിപാടി ആരംഭിച്ചു. പഞ്ചായത്ത്തല സംഘാടകസമിതി, അക്കാദമിക്ക് കൗൺസിൽ എന്നിവ രൂപീകരിച്ചു. ചില വാർഡുകളിൽ വാർഡ് സമിതികളും രൂപീകരിക്കപ്പെട്ടു. "അയൽക്കൂട്ടങ്ങൾ" ഇതുവരെയായും രൂപീകരിച്ചട്ടില്ല. പ്രീ-ടെസ്റ്റ്, പരിഹാര ബോധനം, പോസ്റ്റ്-ടെസ്റ്റ് എന്നിവ ചില സ്കൂളുകളിൽ കാര്യക്ഷമമായി നടന്നപ്പോൾ മറ്റുചില സ്കൂളിൽ പേരിനുമാത്രം നടന്നു.

അനൗപചാരിക വിദ്യാഭ്യാസം മലബാർ ഡിസ്ട്രിക്റ്റ് ബോർഡുകൾ നിലവിലുള്ള കാലത്ത് കുവേരിയിലും ചപ്പാരപ്പടവിലും നടന്നതായി പറയപ്പെടുന്നു. സാക്ഷരതാ പ്രസ്ഥാനത്തിൻെറ ഒന്നാംഘട്ടം വളരെ ഫലപ്രഥമായ രീതിയിൽ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. രണ്ടാം ഘട്ടമെത്തിയപ്പോൾ പ്രസ്ഥാനത്തിൻെറ ജനകീയ അടിത്തറ ഇല്ലാതാവാൻ തുടങ്ങി. ഭരണമാറ്റവും രാഷ്ട്രീയവും രണ്ടാം ഘട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. ഇപ്പോൾ സാക്ഷരതാ പരിപാടികളൊന്നും നടക്കുന്നില്ല.

1995 ൽ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൻെറയും പാലയാട് ഡി.ഐ.ഇ.ടി.യും ചേർന്ന് രണ്ടാം ഘട്ട തുടർ വിദ്യഭ്യാസ പരിപാടിക്ക് തുടക്കം കുറിച്ചു. നൂറോളം സന്നദ്ധ പ്രവർത്തകർക്ക് രണ്ട് ഘട്ടങ്ങളിലായി ഡി.ഐ.ഇ.ടി.യിൽ വെച്ച് പരിശീലനം നല്കി. വിദ്യാർത്ഥികളിലൂടെ രക്ഷിതാക്കളെ സമീപിച്ച് അവരെ നാലാം ക്ലാസ് പരീക്ഷക്ക് യോഗ്യരാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്ക് വേനലവധിക്കാലത്ത് കളികളും പഠനപ്രവർത്തനങ്ങളും നടത്തിയെങ്കിലും സ്കൂളുകൾ തുറന്നതോടെ തുടർപ്രവർത്തനങ്ങളും നിലച്ചു.

## പ്രശ്നങ്ങൾ

3. 6. 8 വാർഡുകളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം പോലുമില്ല. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് കുട്ടികൾ 5 കി.മീ. വരെ യാത്ര ചെയ്യേണ്ടിവരുന്നു. യാത്രാ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾ അത്രയും ദൂരം നടക്കേണ്ടിവരുന്നു.

സ്കൂളുകളിൽ ഭൗതീക സാഹചര്യങ്ങൾ അപര്യപ്തമാണ്. മൂത്രപ്പുര, കക്കൂസ്, പഠനോപകരണങ്ങൾ, കളിസ്ഥലം. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവ ആവശ്യത്തിനില്ല.

വിദ്യാഭ്യാസ നിലവാരം വർഷംതോറും താഴുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളോ ഇല്ല.

കരിങ്കയം എൽ.പി. സ്കൂളിൽ കുട്ടകളുടെ എണ്ണം കുറഞ്ഞു വരുന്നു.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തന പദ്ധതികൾ നടപ്പാക്കുന്നില്ല.

## സാദ്ധ്യതകൾ

1. വിദ്യാലയങ്ങളിലെ ഭൗതീക അക്കാദമിക്ക് സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

2. ജീവനക്കാരുടെ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുക്കുക.

3. വിദ്യലങ്ങളില്ലാത്ത 3, 6, 8 വാർഡുകളിൽ വിദ്യലയങ്ങൾ ആരംഭിക്കുക.

4. നിലവിലുള്ള ഹൈസ്കൂളുകൾ വി.എച്ച്.എസ്.സി, പ്ലസ്ടു സ്കൂളുകളുമാക്കി ഉയർത്തുക.

5. പി.ടി.എ.കളും മാതൃസംഗമങ്ങളും സജീവമാക്കാ[ൻ] പഞ്ചായത്ത് നേതൃത്വം കൊടുക്കുക.

6. എല്ലാ വിദ്യാലയങ്ങളും വൈദ്യുതീകരിക്കുക.

7. എല്ലാവർക്കും ഒരുപോലെ നല്കുന്ന ക്ലാസ് കയറ്റ[ം] നിർത്തലാക്കുക.

8. ഹൈസ്കൂൾ തലത്തിൽ ഓരോ വിഷയവും പഠിപ്പിക്കുന്ന അദ്ധ്യാപകൻ ആവിഷയത്തെ ഐഛീക വിഷയമാക്കി ബിരുദമെടുത്തവരാകണം.

9. അദ്യാപക വിദ്യാർത്ഥി അനുപാദം കുറക്കുക.

10. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

11. ഒടുവള്ളിതട്ട്, തലവിൽ എന്നിവിടങ്ങളിൽ കോളേജ് സ്ഥാപിക്കണം.

### വിദ്യാലയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറപേര് | ഉടമസ്ഥത | വിദ്യാർത്ഥികൾ M | വിദ്യാർത്ഥികൾ F | അദ്ധ്യാപകർ | വാർഡ് |
|---|---|---|---|---|---|---|
| 1 | ഗവ: എൽ.പി.സ്കൂൾ കൂവേരി | സർക്കാർ | 81 | 83 | 5 | 1 |
| 2 | ഗവ: എൽ.പി.സ്കൂൾ പടപ്പേങ്ങാട് | സർക്കാർ | 69 | 76 | 6 | 5 |
| 3 | ഏ. എൽ. പി. സ്കൂൾ പടപ്പേങ്ങാട് | എയിഡഡ് | 91 | 91 | 6 | 2 |
| 4 | ഏ. എൽ. പി. സ്കൂൾ കരിങ്കയം | എയിഡഡ് | 38 | 33 | 3 | 7 |
| 5 | ഏ. എൽ. പി. സ്കൂൾ ചപ്പാരപ്പടവ് | എയിഡഡ് | 208 | 181 | 13 | 4 |
| 6 | സെൻെറ്തോമസ് ഏ.എൽ.പി.സ്കൂൾ മംഗര | എയിഡഡ് | 137 | 114 | 7 | 10 |
| 7 | ദൈവത്താർ എ.എൽ.പി. സ്കൂൾ തലവിൽ | എയിഡഡ് | 85 | 72 | 7 | 9 |
| 8 | ഗവ: യു. പി. സ്കൂൾ തടിക്കടവ് | സർക്കാർ | 206 | 204 | 12 | 11 |
| 9 | ഏ. യു. പി. സ്കൂൾ കൊട്ടക്കാനം | എയിഡഡ് | 232 | 184 | 15 | 2 |
| 10 | സി. എച്ച്. സ്കൂൾ ചപ്പാരപ്പടവ് | എയിഡഡ് | 1248 | 1264 | 90 | 4 |
| 11 | ബി.വി.ജെ.എം.എച്ച്.സ്കൂൾ പെരുമ്പടവ് | എയിഡഡ് | 350 | 364 | 31 | 10 |
| | ആകെ | | 2765 | 2666 | 195 | |

## പട്ടിക-2

## സ്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം: സ്വന്തം | കെട്ടിടങ്ങൾ എണ്ണം: അർദ്ധസ്വന്തം | കെട്ടിടങ്ങൾ എണ്ണം: താല്കാലികം | മുറികൾ എണ്ണം: സ്വന്തം | മുറികൾ എണ്ണം: അർദ്ധസ്വന്തം | മുറികൾ എണ്ണം: താല്കാലികം | ഇനിമുറികൾ ആവശ്യമെങ്കിൽ എണ്ണം | ഇനിആവശ്യമുള്ള കെട്ടിടം നിർമ്മിക്കാനുള്ളഭൂമി | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരുസമയം എത്രകുട്ടികൾക്ക ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെഎണ്ണം | കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല കിണർ,പൈപ്പ് | വൈദ്യുതീകരണം | പാചകമുറി | സ്റ്റാഫ്റൂം | നിലവിലുള്ളഫർണിച്ചർ മതിയാകുമോ | ഇനി ആവശ്യമുള്ളവയുടെ എണ്ണം: ഡസ്ക് | ഇനി ആവശ്യമുള്ളവയുടെ എണ്ണം: ബെഞ്ച് | ഇനി ആവശ്യമുള്ളവയുടെ എണ്ണം: മേശ | ഇനി ആവശ്യമുള്ളവയുടെ എണ്ണം: കസേര | ഇനി ആവശ്യമുള്ളവയുടെ എണ്ണം: ഓഫീസ് ഫർണ്ണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ.എൽ.പി.എസ് കുവറി | 5 | 1 | – | – | 1 | – | – | 1 | ഉണ്ട് | 1 | 6 | 1 | 1 | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 25 | 15 | 6 | 6 | കസേട മേശ5 ഷെ 1 |
| 2 | ഗവ.എൽ.പി. എസ് പടപ്പേങ്ങാട് | 5 | 1 | 1 | – | 1 | – | – | – | „ | 2 | 5 | – | 2 | – | ഉണ്ട് കിണ | „ | „ | „ | ഉണ്ട് | – | – | – | – | അല 1 |
| 3 | എ.എൽ.പി.എസ് പുണങ്ങോട് | 5 | 2 | – | – | 4 | – | 4 | 1 | „ | 1 | 5 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 20 | 2 | 2 | അല 2 |
| 4 | എ.എൽ.പി.എസ് കരിങ്കയം | 4 | 1 | – | – | – | – | – | 5 | „ | – | – | 2 | „ | – | ഉണ്ട് കിണ | „ | ഇല്ല | ഇല്ല | „ | – | 10 | – | 2 | കസേ1 മേശ1 അല1 |
| 5 | എ.എൽ.പി.എസ് ചപ്പാരപ്പടവ് | 11 | 3 | 2 | – | 8 | 6 | – | – | – | 2 | 20 | 4 | 1 | – | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | „ | 10 | 20 | – | – | |
| 6 | സെ.തോമസ് എൽ.പി.മംഗര | 7 | 4 | – | – | 9 | – | – | – | – | 3 | 26 | | – | – | ഉണ്ട് | „ | „ | ഇല്ല | ഉണ്ട് | – | 1 | 1 | – | |
| 7 | ദൈവതാർ എൽ.പി.എസ് തലവിൽ | 5 | 3 | 1 | – | ഇല്ല | – | – | – | – | 2 | 20 | – | 1 | ഇല്ല | „ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | – | – | – | – | – |
| 8 | ഗലയു.പി.എസ് തടിക്കടവ് | 10 | 1 | 1 | 1 | 4 | 5 | 3 | 100 | ഉണ്ട് | ഇല്ല | – | 2 | ഇല്ല | „ | „ | „ | „ | ഇല്ല | ഇല്ല | 20 | 15 | 5 | 7 | അല2 |
| 9 | എ.യു.പി.എസ് കൊട്ടക്കാനം | 13 | 5 | 3 | – | 2 | – | 11 | – | – | 3 | 6 | – | 1 | – | ഉണ്ട് കിണ | ഉണ്ട് | „ | ഉണ്ട് | „ | 20 | 35 | 3 | 4 | അല2 |
| 10 | എ.എച്ച്.എസ് ചപ്പാരപ്പടവ് | 57 | 4 | 14 | – | 16 | 45 | – | – | ഉണ്ട് | 4 | 25 | 4 | 1 | ഇല്ല | ഉണ്ട് | „ | ഉണ്ട് | „ | ഉണ്ട് | – | – | – | – | – |
| 11 | ബി.വി.ജെ.എം. എച്ച്.എസ്. പെരുമ്പടവ് | 18 | 4 | – | – | 23 | – | – | – | „ | 2 | 24 | 2 | 3 | „ | „ | „ | ഇല്ല | „ | „ | – | – | – | – | – |

പട്ടിക-2

## സ്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | [illegible] | [illegible] | [illegible] | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | | | | | | | [illegible] | | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റേഡിയോ | ടി.വി | [illegible] | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | [illegible] | [illegible] | [illegible] | | | | | |
| | ഗവ.എൽ.പി.എസ് കുവറി | ഉണ്ട് | ഉണ്ട് | കുറവ് | ഇല്ല | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 | 190 | 3 | 7 | സജീവം | ഉണ്ട് |
| 2 | ഗവ.എൽ.പി. എസ് പടപ്പേങ്ങാട് | ഇല്ല | „ | ഉണ്ട് | ഉണ്ട് | ഉണ്ട് | „ | „ | „ | „ | „ | – | – | 191 | 4 | – | ഇല്ല | „ |
| 3 | എ.എൽ.പി.എസ് ഹുണങ്ങോട് | ഉണ്ട് | „ | „ | ഉണ്ട് | ഉണ്ട് | „ | „ | „ | „ | „ | 5 | 5 | 193 | – | 7 | സജീവം | „ |
| 4 | എ.എൽ.പി.എസ് കരിങ്കയം | ഇല്ല | ഇല്ല | കുറവ് | ഇല്ല | ഉണ്ട് | „ | „ | „ | „ | „ | – | 4 | 192 | – | 8 | സജീവം | „ |
| 5 | എ.എൽ.പി.എസ് ചപ്പാരപ്പടവ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | „ | „ | „ | „ | „ | „ | 11 | 11 | 187 | ഇല്ല | 10 | ഉണ്ട് | ഇല്ല |
| 6 | സെ.തോമസ് എൽ.പി.മംഗര | ഉണ്ട് | ബി ബി ഒ | ഉണ്ട് | „ | „ | „ | „ | „ | „ | „ | 2 | 8 | 194 | 3 | 3 | സജീവം | ഉണ്ട് |
| 7 | ദൈവത്താർ എൽ.പി.എസ് തലവിൽ | „ | ഇല്ല | „ | „ | „ | „ | „ | „ | „ | „ | – | – | 193 | – | – | – | ഉണ്ട് |
| 8 | ഗ.ലയു.പി.എസ് തടിക്കടവ് | „ | ഉണ്ട് | കുറവ് | ഇല്ല | ഇല്ല | „ | „ | „ | „ | „ | – | – | 194 | 6 | ഇല്ല | സജീവം | „ |
| 9 | എ.യു.പി.എസ് കൊട്ടക്കാനം | ഇല്ല പ്രവർത്തിക്കുന്നു | | „ | „ | | „ | „ | „ | „ | „ | 2 | 11 | – | – | – | – | „ |
| 10 | എ.എച്ച്.എസ് ചപ്പാരപ്പടവ് | ഉണ്ട് | ഉണ്ട് | „ | ഉണ്ട് | „ | „ | „ | „ | „ | „ | 83 | 80 | 192.5 | ഇല്ല | 5 | - | ഉണ്ട് |
| 11 | ബി.വി.ജെ.എം. എച്ച്.എസ്. പെരുമ്പടവ് | „ | „ | ഉണ്ട് | „ | ഉണ്ട് | „ | „ | „ | „ | „ | 18 | 21 | – | 185 | 5 | ഉണ്ട് | „ |

# 7. പൊതുജനാരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം

ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ സമീപകാലത്ത് മാത്രമാണ് പഞ്ചായത്തിലെത്തിയത്. പാരമ്പര്യവൈദ്യന്മാർ നാടൻ ചികിത്സകൊണ്ട് രോഗങ്ങളെ നേരിട്ടിരുന്നു. ആയുർവേദം, മർമ്മാണി, വിഷവൈദ്യം എന്നിവയാണ് പ്രചാരത്തിലുണ്ടായിരുന്ന ചികിത്സാവിധികൾ. അന്ധവിശ്വാസങ്ങൾ രോഗങ്ങളുമായി ബന്ധപ്പെടുത്തി ധാരാളം നിലനിന്നിരുന്നു.

പഞ്ചായത്തിൽ ആദ്യമായി ചികിത്സ കടന്നുവന്നത് 1958ൽ ഡോ.കേളുവിനോടൊപ്പമാണ്. അതിനുശേഷം പഞ്ചായത്തിൽ മുഴുവൻ അറിയപ്പെടുന്ന കൂവേരിയിലെ ടി.കണ്ണൻ വൈദ്യർ ആയുർവേദ ചികിത്സയിൽ പഞ്ചായത്തിൽ പ്രാവീണ്യം നേടി. തലവിലും ചാണോകുണ്ടിലും നാടൻചികിത്സകൾ ചെയ്യുന്ന വിദഗ്ദന്മാർ ഉണ്ടായിരുന്നു.

വസൂരി, മലമ്പനി, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ പഞ്ചായത്തിൽ സാധാരണമായിരുന്നു. ശിശുമരണങ്ങളും മാതൃമരണങ്ങളും ഉയർന്ന നിരക്കിൽ ഉണ്ടായിരുന്നു. ജാതിയടിസ്ഥാനത്തിൽ നാടൻ പേറ്റിച്ചികൾ സൂതി കർമ്മിണികളായി സേവനം അനുഷ്ഠിച്ചിരുന്നു. ആധുനിക വിദഗ്ദ ചികിത്സക്ക് വേണ്ടി ഇന്നും പഞ്ചായത്തിലെ ജനങ്ങൾ കൂടുതലും തളിപ്പറമ്പിലേയും കണ്ണൂരിലേയും ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.

1982ൽ ഒടുവള്ളിത്തട്ടിൽ പ്രാഥമികാരോഗ്യകേന്ദ്രം നിലവിൽവന്നു.

ഇന്ന് പഞ്ചായത്തിൽ നിലവിലുളള ചികിത്സാ സൗകര്യങ്ങൾ -

| ക്രമ നമ്പർ | | | | | | |
|---|---|---|---|---|---|---|
| 1 | ഒടുവള്ളിത്തട്ട് പ്രാഥമികാരോഗ്യ കേന്ദ്രം | അലോപ്പതി | സ്വന്തം | 22 | 1982 | |
| 2 | തേറണ്ടി കുടുംബക്ഷേമ കേന്ദ്രം | " | " | 1 | 1983 | |
| 3 | തലവിൽ കുടുംബക്ഷേമ കേന്ദ്രം | " | വാടക | 1 | 1983 | |
| 4 | പടപ്പേങ്ങാട് കുടുംബക്ഷേമ കേന്ദ്രം | " | " | " | " | |
| 5 | കരിങ്കയം കുടുംബക്ഷേമ കേന്ദ്രം | " | " | " | " | |
| 6 | കൂവേരി കുടുംബക്ഷേമ കേന്ദ്രം | " | സ്വന്തം | " | | |
| 7 | ചപ്പാരപ്പടവ് പ്രാഥമികാരോഗ്യകേന്ദ്രം | " | വാടക | 8 | 19993 | |

ആയുർവേദ ചികിത്സാ സൗകര്യം

| | | | | | | |
|---|---|---|---|---|---|---|
| 8 | ഗവ: ആയുർവേദ ഡിസ്പെൻസറി | ആയുർവേദം | സ്വന്തം | 4+Part tim sweper | 50 വർഷം മുമ്പ് | കിടത്തിചികിത്സിക്കാനുളള സൗകര്യമില്ല, കുടിവെളളമില്ല |

ആയുർവേദ ആശുപത്രി 1992-93ൽ പ്രതിദിനം 50നും 6-നും ഇടയിൽ രോഗികളെ ചികിത്സിച്ചതായാണ് കണക്ക്. പ്രതിവർഷം 20000രോഗികൾ ചികിത്സക്ക് എത്തുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

| നമ്പർ | സ്ഥാപനത്തിൻെറ പേർ | ഇനം | കെട്ടിടം | ഉദ്യോഗസ്ഥന്മാർ | സ്ഥാപിച്ച വർഷം | 95–96ൽ ചികിത്സക്ക് എത്തിയവർ |
|---|---|---|---|---|---|---|
| 1 | എം.എ.എച്ച്.മെമ്മോറിയൽ ഹോസ്പിറ്റൽ ചപ്പാരപ്പടവ് | അലോപ്പതി | സ്വന്തം | 4 | 1991 | 400 4500 |
| 2 | ഷാജി ക്ലിനിക്, ചാണോകുണ്ട് | „ | വാടക | 2 | 1975 | – – |
| 3 | ഭാരത് ആയുർവേദിക് ഫാർമസി ചപ്പാരപ്പടവ് | ആയുർവേദം | „ | 3 | 1995 | – 2000 |
| 4 | ആര്യവൈദ്യ സദനം, കൂവേരി | „ | സ്വന്തം | 3 | 1955 | – – |
| 5 | ആയുർവേദ മെഡിക്കൽ സെൻറർ, ചപ്പാരപ്പടവ് | „ | വാടക | 1 | 1990 | – – |
| 6 | സരോജിനി മർമ്മ വൈദ്യശാല, ഒടുവള്ളി | „ | – | | – – | – – |
| 7 | പി.വി.കുഞ്ഞിരാമൻ, കാട്ടാമ്പള്ളി | „ | സ്വന്തം | 1 | 1986 | – – |
| 8 | കാനാമഠത്തിൽ കുഞ്ഞിരാമൻ, കൂവേരി (വിഷചികിത്സാ പാരമ്പര്യ വൈദ്യൻ) | „ | – | – | – | പ്രതിഫലം വാങ്ങാറില്ല |
| 9 | ജെ.സി. ഹോമിയോ ക്ലിനിക്, തടിക്കടവ് | ഹോമിയോ | – | – | – – | 1000പേർ |
| 10 | ബിന്ദു ക്ലിനിക്, കൂവേരി | „ | സ്വന്തം | 1 | 1971 | ദിവസം10 |
| 11 | കാർമൽ ഹോമിയോ ക്ലിനിക് | „ | – | – | – – | – |

1995–96ൽ 10360 രോഗികൾക്ക് പഞ്ചായത്തിലെ ആശുപത്രികളിൽ അലോപ്പതി ചികിത്സ ലഭിച്ചു. ഇതിനു പുറമെ 400 രോഗികൾക്ക് കിടത്തിയുള്ള ചികിത്സയും ലഭിച്ചിട്ടുണ്ട്. ജലജന്യരോഗങ്ങൾ, ത്വക്ക്രോഗം, വാതരോഗം, പകർച്ചവ്യാധികൾ എന്നിവയാണ് കണ്ടുവരുന്ന പ്രധാനരോഗങ്ങൾ.

ആയുർവേദ ചികിത്സ 1995–96ൽ 8000 ആളുകൾക്ക് ലഭിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. വാതം, രക്തജനിതരോഗങ്ങൾ, ജനികരോഗങ്ങൾ, പാരമ്പര്യ രോഗങ്ങൾ എന്നിവയ്ക്ക് ഈ വിഭാഗത്തിൽ ചികിത്സ ലഭിച്ചിരുന്നു.

95–96ൽ 4000 പേർക്ക് ഹോമിയോ ചികിത്സ ലഭിച്ചിട്ടുണ്ട്. ശ്വാസകോശരോഗങ്ങൾ, ഉദരരോഗങ്ങൾ, ത്വക്ക്രോഗങ്ങൾ മുതലായവയാണ് ചികിത്സിക്കപ്പെട്ട പ്രധാന രോഗങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് പി.എച്ച്.സി.കളിൽ ഒടുവള്ളിത്തട്ട് പി.എച്ച്.സി.യു പ്രവർത്തനമേഖല ആലക്കോട്, നടുവിൽ, ഉദയഗി എരുവേശ്ശി, ചെങ്ങളായി പഞ്ചായത്തിലേക്കും വ്യാപിച്ചിട്ടുണ അതുകൊണ്ട് ഈ പി.എച്ച്.സി.യിൽ ചികിത്സക്ക് എത്തു രോഗികളുടെ എണ്ണം വളരെ കൂടുതലാണ്. ഓ.പി. വിഭാഗത്തി 95–96ൽ29500 രോഗികൾക്ക് ഇവിടെവെച്ച് ചികിത് നല്കി.16070 പകർച്ചവ്യാധി ബാധിച്ച രോഗികളേയും 7 ത്വക്ക് രോഗികളേയും ഇതേവർഷം ഇവിടെനിന്ന് ചികിത്സി ച്ചിട്ടുണ്ട്. ഈ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വേണ്ട്ര ജീവനക്കാർ ഇല്ല, കിടത്തി ചികിത്സിക്കാൻ സൗകര്യമി പി.എച്ച്.സി.ക്ക് ആവശ്യംവേണ്ട ലഘുശസ്ത്രക്രി സൗകര്യങ്ങളും ലബോറട്ടറി സൗകര്യവും അവിടെ ഇല്ല.

ചപ്പാരപ്പടവിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി. യില ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണ്. ഇവി പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും രോഗികളെത്ത ന്നുണ്ട്. രോഗികളെ സംബന്ധിച്ച വിവരങ്ങൾ താ കൊടുക്കുന്നു.

| വർഷം | ഒ.പി. എണ്ണം | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | മറ്റുളള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 1993-94 | 2005 | 418 | 539 | 958 | 100 | 2015 |
| 1994-95 | 2899 | 1010 | 428 | 500 | 961 | 2899 |
| 1995-96 | 5860 | 1516 | 508 | 2518 | 1318 | 5861 |

പഞ്ചായത്തിലെ ശിശുമരണ നിരക്ക് 1.45%മാണ്

മാതൃശിശു ആരോഗ്യം സംബന്ധിച്ച വിവരങ്ങൾ

| വർഷം | നോർമൽ | | 1-ാംഗ്രേഡ് | | 2-ാംഗ്രേഡ് | | 3-ാംഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസ്സിൽതാഴെ | 103 | 96 | 40 | 39 | 4 | 4 | - | - |
| 1-3 വയസ്സ് | 202 | 138 | 106 | 98 | 38 | 39 | - | - |
| 3-6 വയസ്സ് | 294 | 256 | 155 | 149 | 40 | 29 | - | -2 |

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ്പ്

| വർഷം | ഡി.പി.റ്റി | | | | | പോളിയോ | | | | ഡി.റ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | BCG | ID | 2D | 3D | BD | ID | 2D | 3D | BD | ID | 2D | 3D | BD | |
| 1 വയസ്സിൽതാഴെ | 159 | 142 | 129 | 117 | 7 | 140 | 125 | 111 | 3 | 3 | 3 | - | - | 169 |
| 1-3 വയസ്സ് | 229 | 221 | 209 | 206 | 187 | 221 | 209 | 206 | 172 | - | 7 | - | 85 | 139 |
| 3-6 | 288 | 487 | 481 | 478 | 227 | 487 | 481 | 478 | 227 | 14 | 12 | 9 | 131 | 241 |

ടെറ്റനസ് ടോക്സോയിസ്

| | 1D | 2D | 3D |
|---|---|---|---|
| ഗർഭിണികൾ | 79 | 69 | 35 |

ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 231

ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 629

വിറ്റാമിൻ എ. തുള്ളിമരുന്നുകൾ ലഭിച്ച കുട്ടികളുടെ എണ്ണം 510

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 118

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 4

## പ്രശ്നങ്ങൾ

1. ചപാരപ്പടവ് പി.എച്ച്.സി.ക്ക് സ്വന്തമായി കെട്ടിടം ഇല്ല. വൈദ്യുതിയും പ്രാഥമിക സൗകര്യങ്ങളും ഇല്ല

2. വിദ്യാലയ ആരോഗ്യ പരിപാടികൾ, പരിസര ശുചീകരണം, ജനന-മരണ വിവരശേഖരണം, ആരോഗ്യ വിദ്യാഭ്യാസം, ശുദ്ധമായ കുടിവെള്ളം തുടങ്ങിയ കാര്യങ്ങളിൽ പി.എച്ച്.സി.യുടെ ശ്രദ്ധപഞ്ചായത്തിൽ ലഭിക്കുന്നത് തൃപ്തികരമല്ല.

3. ചപ്പാരപ്പടവ് പു.എച്ച്.സി.യിൽ മുഴുവൻ സമയം പ്രവർത്തിക്കുന്ന മെഡിക്കൽ ഓഫീസർ ഇല്ല. മതിയായ ജീവനക്കാരും ഇല്ല.

4. ഗവ:ആയുർവേദ ഡിസ്പെൻസറിയുടെ സേവനം തൃപ്തികരമല്ല. ഇവിടെ ആസ്പത്രിക്ക് സ്വന്തമായി കിണർ ഇല്ല. രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല.

5. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഇവരുടെ പ്രവർത്തനം സബ്സെൻററുകളിൽ കാര്യക്ഷമമായി ലഭിക്കുന്നില്ല.

6. 1000പേർക്ക് ഒരു അംഗൻവാടി എന്ന നിലയിൽ പഞ്ചായത്തിൽ അംഗൻവാടികളില്ല.

## സാധ്യതകൾ

1. ചപ്പാരപ്പടവ് പി.എച്ച്.സി.ക്ക് സ്വന്തമായുള്ള സ്ഥലത്ത് കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു ആശുപത്രി കെട്ടിടം ഉണ്ടാക്കണം. വേണ്ടത്ര ജീവനക്കാരേയും നിയമിക്കണം. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമകേന്ദ്രങ്ങൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കണം.

2. ആയുർവേദ ഡിസ്പെൻസറിയിലെ കുടിവെള്ള പ്രശ്നം പരിഹരിച്ച് രോഗികളെ കിടത്തി ചികിത്സിക്കാൻ സാധിക്കുന്ന രീതിയിൽ ആശുപത്രി വിപുലീകരിക്കണം-മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു ആയുർ

വേദ ഡോക്ടറും മറ്റു ജീവനക്കാരും ആവശ്യമാണ്.

3. ഐ.സി.ഡി.എസ്.പ്രൊജക്ടിന്റെ കീഴിൽ പൂരക പോഷകാഹാര പരിപാടി, അനൗപചാരിക പ്രി സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പരിശോധന, രോഗപ്രതിരോധ കുത്തിവെപ്പുകൾ, റഫറൽ സേവനങ്ങൾ, ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം എന്നീ പരിപാടികൾ കാര്യക്ഷമമായി നടത്തണം.

4. മംഗര, തോട്ടിക്കൽ, പെരമളാബാദ് എന്നീ അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കണം. തലവിൽ അംഗനവാടി പ്രവർത്തിക്കുന്നത് വായനശാലയിലാണ്. ഈ സ്ഥിതിയും മാറണം.

5. അംഗനവാടികൾക്ക് കക്കൂസ്, വൈദ്യുതി കണക് കളിക്കോപ്പുകൾ, കുടിവെള്ളം, പുകയില്ലാത്ത അടുപ്പ്, ഭക സാധനങ്ങൾ, ഫർണ്ണിച്ചർ എന്നിവ ലഭ്യമാ ക്ക ശുചിത്വമുളള പരിസരവും കാലാകാലങ്ങളി ലുളള അറ്റ പണികളും ഉറപ്പുവരുത്തണം.

6. അർബുദം, പ്രമേഹം, എയ്ഡ്സ്, ഹൃദ്രോഗം എന്നിവയെ ബോധവത്കരണം നടത്തുന്നതിന് ഏർപ്പാടകൾ ചെയ്യ

7. പഞ്ചായത്തിൽ ഒരു മാനസികാരോഗ്യ ക്ലിനിക് ആവശ്യമ വർദ്ധിച്ചുവരുന്ന ആത്മഹത്യകളെ കുറിച്ച് ശാസ്ത്രീയ പഠനം നടത്തണം.

[redacted]

# കുടിവെള്ളം

പഞ്ചായത്തിൽ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിച്ചിരുന്നത് കിണറുകളേയും കുളങ്ങളേയുമാണ് പുഴയും തോടുകളും നീരൊഴുക്കുകളും ധാരാളമുള്ള പഞ്ചായത്താണിത്. എന്നാൽ നവംബർ മുതൽ ആറു മാസക്കാലം നീണ്ടുനില്കുന്ന വേനൽകാലത്ത് പഞ്ചായ ത്തിലെ മിക്ക പ്രദേശങ്ങളിലും രൂക്ഷമായ ജല ക്ഷാമം അനുഭവപ്പെടുന്നു. 200മീറ്റർ അകലത്തിൽ നിന്ന് കുടിവെള്ളം ലഭിക്കുക എന്നത് പഞ്ചായത്തിൽ സാധിത മായിട്ടില്ല. ഒരു കിലോമീറ്റർവരെ അകല ത്തിൽനിന്ന് കുടിവെള്ളം തലച്ചുമടായി കൊണ്ടുവരേണ്ട സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. വിളയാർകൊട്, ചിമ്മിനി ച്ചൂട്ട, തുയിപ്ര, തലവിൽതട്ട്, ഒടുവള്ളി, തെയ്യത്താൻകല്ല്, രാമപുരം, തിരുകുളം, പൂവം എന്നി സ്ഥലങ്ങളിൽ കുടിവെള്ള ത്തിന് രൂക്ഷമായ ദൗർലഭ്യമുണ്ട്.

1984ൽ ചപ്പാരപ്പടവ് ടൗൺ, കുവേരി എന്നിവട ങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യാൻ ഒരു പദ്ധതി ഉണ്ടായി. ഈ പദ്ധതി അനുസരിച്ച് 36ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്ത് രേഖകളനുസരിച്ച് 26 പൊതുകിണറും 18 കുഴൽകിണറും ഉണ്ട്.



കുടിവെള്ളക്ഷാമം അനുഭവപെടുന്ന സ്ഥലങ്ങളും ഇന്ന് നിലവിലുള്ള സംവിധാനങ്ങളും താഴെ പട്ടികയിൽ കൊടുക്കുന്നു.

| വാർഡ് | ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ | ഇന്നുള്ള സംവിധാനങ്ങൾ | സാദ്ധ്യതകൾ |
|---|---|---|---|
| 1 | 1.കാക്കടവ് 2.കൂവേരിക്കടവ് 3.വള്ളിക്കടവ് 4.തേറണ്ടിക്കടവ് 5.കാട്ടാമ്പള്ളി 6.രാമപുരം 7.ആറാംവയൽ 8.എളമ്പേര്യം 9.പൂപ്പം 10.പാലയാട് 11. മുണ്ടപ്ലാവ് | ടാപ്പുകൾ, പൊതുകിണർ. | മത്സ്യം വളർത്തലിന് പറ്റുന്ന കുളങ്ങ ളിൽനിന്ന് കുടിവെള്ള ലഭ്യത ആരാ യുക, നിലവിലുള്ള കിണറുകൾ പുതു ക്കുക, ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുക |
| 2 | 1.തിരുകുളം 2.കൊട്ടക്കാനം 3.ഞാറ്റുവയൽ 4.തേറണ്ടി 5.പൂണംകോട് 6.അരിപ്പാമ്പ്ര 7.തോട്ടിക്കൽ 8.ആലത്തട്ട് 9.തേറണ്ടി | പൊതുകിണർ–5 കുഴൽക്കിണർ–2 | മത്സ്യം വളർത്തലിന് പറ്റുന്ന കുളങ്ങളിൽ നിന്ന് കുടിവെള്ളലഭ്യത ആരായുക നിലവിലുള്ള കിണർ പുതുക്കുക. |
| 3 | 1.മഠംതട്ട് 2.എടക്കോംതട്ട് | പൊതുകിണർ–1 കുഴൽക്കിണർ–2 | വിദഗ്ദോപദേശംതേടി കുഴൽകിണർ കുഴൽകിണർ കുഴിക്കുക. |
| 4 | 1.പെരുവണ 2.ശാന്തിഗിരി 3.കുന്നത്ത് 4.ചപ്പാരപ്പടവ് ടൗൺ 5.തുയിപ്ര 6.മടക്കാട് | പൊതുകിണർ–3 കുഴൽക്കിണർ–3 ടാപ്പുകൾ | ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുക. കുഴ ൽക്കിണറുകൾ റിപ്പേർ ചെയ്യുക. കമ്മുണ്ട യാട്ട്,കുളവയൽ ഇവിടങ്ങളിൽ കുളംകുഴി ച്ച് പമ്പ്വഴി ജലസേജനം. |
| 5 | 1.പടപ്പേങ്ങാട് ആലിൻെറ ഭാഗം | പൊതുകിണർ–1 | നിലവിലുള്ള കിണറുകളും കുളങ്ങളും |

| | | | |
|---|---|---|---|
| | 2.നമ്പിനിയാനം | കുഴൽക്കിണർഇല്ല | ആഴംകൂട്ടുക, പടപ്പേങ്ങാട് തോട്ടിൽ തടയണകൾ |
| 6 | 1.വായാട്ട്പറമ്പ് പട്ടികജാതി കോളനി.<br>2.മീമ്പറ്റി ആദിവാസി കോളനി | പൊതുകിണർ-2<br>കുഴൽക്കിണർ-2 | വായാട്ട്പറമ്പ് കവലയ്ക്ക് സമീപം കുളം കുഴിക്കുക, നിലവിലുള്ള പൊതുകിണർ ഉപയോഗ യോഗ്യമാക്കുക. |
| 7. | 1.മണിക്കൽ 2.കട്ടയാൽ 3.പാലോൽആട്ട് 4.മഞ്ഞക്കാട് തട്ട് 5.കുറ്റിപ്പുഴ തട്ട് | പൊതുകിണർ-1<br>കുഴൽക്കിണർഇല്ല | നിലവിലുള്ള കിണറുകളും കുളങ്ങളും ആഴംകൂട്ടുക, കുഴൽക്കിണർ കുഴിക്കുക. |
| 8 | 1.മൂന്നാർകുളം. 2.എരുവാട്ടി | --- | കുളം കുഴിക്കുക |
| 9 | 1.അതിരുകുന്ന് 2.തലവിൽ തട്ട് 3.വിളയാർകോട് 4.അടുക്കം | പൊതുകിണർ-5<br>കുഴൽക്കിണർ-3 | കുളങ്ങൾ കുഴിച്ച് വെള്ളം പമ്പ്ചെയ്യുക. |
| 10 | 1.ഒടുവള്ളി 2.കൃഷിഭവൻ പരിസരം | പൊതുകിണർ-3<br>കുഴൽക്കിണർ-5 | കുളങ്ങൾ കുഴിച്ച് പമ്പ്വഴി ജലസേജനം. |
| 11. | 1.കുണ്ട്യം 2.കോട്ടക്കടവ് 3.തെയ്യത്താൻ കല്ല് 4.കിളുക്കി 5.മണാട്ടി. | പൊതുകിണർ-3<br>കുഴൽക്കിണർ-1 | നിലവിലുള്ള കുളങ്ങൾ ഉപയോഗപ്രദമാമാക്കുക. |

കൂവേരി-ഉറുട്ടേരി പദ്ധതികൾ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സഹായകമാണ്.

# പരിസര ശുചിത്വം

മലയാളികൾ ശുചിത്വബോധം ഉള്ളവരാണ്; എങ്കിലും ശുദ്ധജലത്തിന്റെ അപര്യാപ്തതകൊണ്ടും മലിനമായ പരിസരങ്ങളുള്ളതുകൊണ്ടും മലമ്പനി, ഛർദ്ദി അതിസാരം, കോളറ എന്നീ രോഗങ്ങൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. വയറിളക്കരോഗങ്ങൾ, വിരരോഗങ്ങൾ, ത്വക്ക്-നേത്ര രോഗങ്ങൾ, കൊതുക്, ഈച്ച ഇവയിലൂടെ പകരുന്ന രോഗങ്ങൾ എന്നിവയെല്ലാം ശുദ്ധജലവും പരിസരശുചിത്വവുമായി ബന്ധപ്പെട്ടവയാണ്. മുകളിൽപറഞ്ഞ എല്ലാരോഗങ്ങളും ഇന്ന് പഞ്ചായത്തില് കണ്ടുവരുന്നുണ്ട്. അടുത്തകാലത്തായി എലിപ്പനിമൂല ചിലയാളുകൾ പഞ്ചായത്തിൽ മരിച്ചിട്ടുണ്ട്. എയ്ഡ്സ രോഗത്തെപ്പറ്റിയും ജനങ്ങൾക്ക് ബോധവൽകരണ നല്കേണ്ടതാണ്.

വിസർജ്യവസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുകയാണ പരിസര ശുചീകരണത്തിന് ആദ്യമായി സ്വീകരിക്കേണ നടപടി.

**കക്കൂസുകളെ സംബന്ധിക്കുന്ന വിവരം**

| വാർഡ് നമ്പർ | കക്കൂസകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDPസർവ്വേ) | വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ച വയുടെ എണ്ണം | ഇനികക്കൂസുകൾ വേണ്ടകുടുംബങ്ങൾ |
|---|---|---|---|---|
| 1 | 226 | 8 | 8 | 218 |
| 2 | 149 | 2 | 2 | 147 |
| 3 | 214 | 7 | 7 | 207 |
| 4 | 106 | 1 | 1 | 105 |
| 5 | 210 | 2 | 2 | 208 |
| 6 | 179 | 6 | 6 | 173 |
| 7 | 199 | 2 | 2 | 137 |
| 8 | 178 | 1 | 1 | 177 |
| 9 | 258 | 10 | 10 | 248 |
| 10 | 156 | 3 | 3 | 153 |
| 11 | 167 | 4 | 4 | 163 |

പഞ്ചായത്തിൽ പുഴയോരങ്ങളിലും വെളിപ്രദേശങ്ങളിലും മലമൂത്രവിസർജ്ജനം സാധാരണയാണ്. അതുകൊണ്ടുണ്ടാകുന്ന പരിസര മലിനീകരണവും ജല മലിനീകരണവും രോഗങ്ങൾക്ക് ഇടയാക്കുന്നുണ്ട്. ആശുപത്രികളിൽ ചികിത്സക്ക് എത്തുന്നരോഗികൾ അധികവും ജലത്തിൽകൂടി പകരുന്ന പകർച്ചവ്യധികൾ ബാധിച്ചവരാണ്. നാലാം വാർഡിലും രണ്ടാം വാർഡിലും കണക്കുകൾ അനുസരിച്ച് കക്കൂസുകൾ വളരെ കുറവാണ്.

ചപ്പുചവറുകളും മലിനജലവും റോഡുകളിലെത്തിക്കുന്ന പതിവും നമുക്കുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഒരിടത്തും പൊതുകക്കൂസുകളോ മൂത്രപ്പുരകളോ ഇല്ല.

2. സ്കൂൾകുട്ടികൾക്ക് ആവശ്യത്തിന്വേണ്ട കക്കൂസുകളും മൂത്രപ്പുരകളും ഇല്ല-ഉള്ളവതന്നെ ശുചിയായി സൂക്ഷിക്കാനുള്ള ഏർപ്പാടുകൾ ഇല്ല.

3. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും ലക്ഷം വീട് കോളനികളിലും കക്കൂസ് ഇല്ല.

4. പുഴവക്കുകൾ മലമൂത്രവിസർജ്ജന വസ്തുക്കൾകൊണ്ട് മലിനമാകുന്നു.

## സാധ്യതകൾ

1. ചപ്പാരപ്പടവ് ടൗണിൽ പൊതു കക്കൂസ് നിർമ്മാണം.

2. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സബ്സെൻററുകളിലും അംഗൻവാടികളിലും കക്കൂസ് നിർമ്മിക്കണം

3. ചപ്പുചവറുകൾ കമ്പോസ്റ്റായി മാറ്റുന്നതിന് ഏർപ്പാടുകൾ ഉണ്ടാക്കണം.

4. ചപ്പാരപ്പടവ് ടൗൺ ജനപങ്കാളിത്തത്തോടെ മാലിന്യ വിമുക്തമാക്കുന്നതിനും പൂച്ചെടികൾ വെച്ച്പിടിപ്പിച്ച്

സുന്ദരമാക്കുന്നതിനും സാധ്യതയുണ്ട്.

5. ഭക്ഷണശാലകളിൽനിന്നും മലിനജലവും ഭക്ഷ്യാ വശിഷ്ടങ്ങളും റോഡരികിൽ എത്തിച്ച് പരിസരം വൃത്തി കേടാക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരി ക്കണം.

6. എല്ലാ റോഡുകളും റോഡുവക്കുകളും വൃത്തിയായി സംരക്ഷിക്കണം.

7. അഴുക്കുചാലുകൾ തടസ്സമുക്തമാക്കണം.

8. ജനങ്ങളിൽ ശുചിത്വബോധം വളർത്താൻ ആരോഗ്യ ക്ലാസുകൾ സംഘടിപ്പിക്കണം.

9. വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾകും വേറെ വേറെ കക്കൂസുകളും മൂത്രപ്പുരകളും വേണം.

# 8. ഭവനിർമ്മാണം, സാമൂഹ്യക്ഷേമം

പുരാതന കേരളീയ വാസ്തു ശില്പകലയുടെ തനിമ ഉൾക്കൊള്ളുന്ന ഏതാനും ആരാധനാലയങ്ങളും വീടുകളും ഇപ്പോഴും പഞ്ചായത്തിൽ നിലവിലുണ്ട്. കൂവേരിയിലെ കല്ലൂർ തറവാട്ടിൻെറ നാലുകെട്ട്, ഏതാനും സമ്പന്ന ഗൃഹങ്ങൾ പടപ്പേങ്ങാട്, തലവിൽ ക്ഷേത്രങ്ങൾ, ചപ്പാരപ്പടവ് ജുമാമസ്ജിദ് എന്നിവ ഉദാഹരണങ്ങളാണ്.

ഉയർന്ന ജാതിക്കാർക്ക് മാത്രം ഓടുമേഞ്ഞ വീടുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. അക്കാലത്ത് ഓടും നല്ല ഗുണനിലവാരമുള്ള ചെങ്കല്ലും വലിയ വള്ളങ്ങളിലാണ് വളപട്ടണത്തുനിന്നും പഴയങ്ങാടിയിൽ നിന്നും എത്തിച്ചിരുന്നത്. പിന്നീട് സമൂഹത്തിൽവന്ന പരിവർത്തനങ്ങൾ വീട് നിർമ്മാണരീതിയിലും മാറ്റമുണ്ടാക്കി. സവർണ്ണർ ഓടുമേഞ്ഞ വീടുകളിലും അവർണ്ണർ പുൽമേഞ്ഞ പുരകളിലും അടിമകൾ ചാളകളിലും താമസിച്ചിരുന്ന കാലം മാറി. സാമ്പത്തിക പുരോഗതി നേടിയ താഴ്ന്ന ജാതിക്കാർക്കും അവർക്കിഷ്ട മുള്ള രീതിയിലുള്ളവീടുകൾ നിർമ്മിക്കാമെന്നായി. മംഗലാ പുരത്തും ഫറൂക്കിലുമുള്ള ഓട്ടുകമ്പനികളിൽനിന്ന് ഓടുകൾ ജലമാർഗ്ഗം പഞ്ചായത്തിൻെറ പലഭാഗങ്ങളിലും എത്താൻ തുടങ്ങിയതോടെ തെങ്ങോല, പുല്ല്, ഓടപ്പുല്ല് മുതലായവ കൊണ്ടുള്ള മേല്പുരകൾ കുറഞ്ഞുവന്നു. സമീപ കാലത്തായി കോൺക്രീറ്റ് മേൽപുരകളുള്ള വീടുകളാണ് കൂടുതലായും നിർമ്മിക്കപ്പെടുന്നത്.

പഞ്ചായത്തിൽ ഇന്ന് ആകെ 7661കെട്ടിടങ്ങളാണുള്ളത്. അതിൽ 90%ത്തോളം വീടുകളാണ്. ഇത്രയും വീടുകളിൽ 8000ത്തോളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ആയിരത്തിലധികം കുടുംബങ്ങൾക്ക് വീട് നിർമ്മിക്കേണ്ടതായുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്ന് ജോലിതേടിവന്ന് പഞ്ചായത്തിൽ താമസമാക്കിയ ഏതാനും കുടുംബങ്ങളുണ്ട്. അവർ കുടിലുകളിലോ ചെറിയ വാടക വീടുകളിലോ താമസിക്കുന്നു. പൊതുസ്ഥലങ്ങളിലും കടത്തിണ്ണകളിലും സ്ഥിരമായി താമസിക്കുന്ന കുടുംബങ്ങളൊന്നുമില്ല.

പഞ്ചായത്തിൽ ആകെ 12 കോളനികളുണ്ട്. ആലത്തട്ട്, വായാട്ടുപറമ്പ്, വിളയാർകോട്, അതിരുകുന്ന്, മംഗര, ചുണ്ടക്കുന്ന് എന്നിവ പട്ടികജാതികോളനികളും

കെട്ടിടങ്ങളെ സംബന്ധിച്ച വിവിരങ്ങൾ

| വാർഡ് നമ്പർ | മേല്പുരയുടെ സ്വഭാവം | | | | ആകെ |
|---|---|---|---|---|---|
| | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 16 | 567 | 135 | 8 | 851 |
| 2 | 33 | 589 | 87 | 6 | 781 |
| 3 | 57 | 392 | 105 | 13 | 665 |
| 4 | 22 | 593 | 16 | 16 | 774 |
| 5 | 12 | 403 | 149 | 9 | 609 |
| 6 | 8 | 598 | 139 | 3 | 759 |
| 7 | 14 | 367 | 87 | 4 | 478 |
| 8 | 19 | 436 | 78 | 8 | 554 |
| 9 | 28 | 714 | 43 | 19 | 833 |
| 10 | 24 | 611 | 89 | 6 | 743 |
| 11 | 21 | 449 | 121 | 9 | 614 |
| ആകെ | 254 | 5719 | 1049 | 101 | 7661 |

തിരുങ്കുളം, ശാന്തിഗിരി, തലവിൽ, പെരുവണ എന്നിവ ലക്ഷംവീട് കോളനികളുമാണ്.

ഭവനനിർമ്മാണ സഹകരണ സംഘം പഞ്ചായത്തിലെങ്ങുമില്ല. ഭവന നിർമ്മാണ വായ്പക്ക് വേണ്ട തളിപ്പറമ്പ്, കണ്ണൂർ എന്നിവിടങ്ങളിലെ സഹകരണ ബാങ്കുകളേയും ഭവനനിർമ്മാണ സഹകരണ സംഘങ്ങളേയും മറ്റു ബേങ്കുകളേയുമാണ് സമീപിക്കുന്നത്. ഇവിടെ 22 കരിങ്കൽ ക്വാറികളും 3സ്റ്റോൺ ക്രഷറുകളും ഏതാനും ചെങ്കൽ ക്വാറികളുമുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ ചൂടുകട്ടയും സിമൻറ് ബ്രിക്സും നിർമ്മിക്കുന്ന ഏതാനും യൂനിറ്റുകളുമുണ്ട്. വർഷങ്ങൾക്ക് മുമ്പ് സമൃദ്ധമായി ലഭിച്ചിരുന്ന നല്ലയിനം മരത്തടികൾ ഇപ്പോൾ ദുർലഭമാണ്. ലഭ്യമായാൽതന്നെ ഉയർന്ന വിലയും. റോഡ്, ജലം, വൈദ്യുതി മുതലായ സൗകര്യങ്ങളുള്ള സ്ഥലങ്ങളിലാണ് കൂടുതലായും വീടുകൾ ഉയർന്നുവരുനത്.

ചെലവ്കുറഞ്ഞ വീട് നിർമ്മാണ രീതികൾ അനുസരിച്ചോ ലാറിബേക്കർ മാതൃകയിലുള്ള വീടുകളേകുറിച്ചോ ജനങ്ങൾക്ക് അവബോധം ഉണ്ടായിട്ടില്ല. ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്നവരും ചില സമ്പന്നരും വീടിന് മോടികൂട്ടാനും അലങ്കരിക്കാനും ലക്ഷക്കണക്കിന് രൂപ ചെലവ് ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. ജൈവവേലികൾക്ക് പകരം ഉയർത്തിക്കെട്ടിയ മതിലുകളും



ഗൈറ്റും. ചാണകം മെഴുകിയ മുറ്റങ്ങൾക്ക് പകരം കോൺക്രീറ്റുകൊണ്ടുള്ള മുറ്റവും നിർമ്മാണരംഗത്ത് വന്ന മാറ്റങ്ങളിൽ ചിലതാണ്.

1993-94ലെ ഐ.ആർ.ഡി.പി. സർവേ പ്രകാരം ദുർബലവിഭാഗത്തിൽ പെട്ടവരിൽ 101 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. വിവിധ സ്കീമുകളനുസരിച്ച് 68 വീടുകൾ അനുവദിച്ചതിൽ 60എണ്ണം പൂർത്തിയായിട്ടുണ്ട്. ഇനിയും 33 കുടുംബങ്ങൾക്ക് വീട് അനുദിക്കേണ്ടതുണ്ട്. രാജീവ് ദശലക്ഷം പദ്ധതിയനുസരിച്ച് ഒടുവള്ളിത്തട്ടിൽ 28ഓളം വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. പക്ഷെ, വീട് അനുവദിച്ചുകിട്ടാൻ ആദ്യം 2500രൂപയും മാസംതോറും 360രൂപയോളവും അടക്കേണ്ടതുകൊണ്ട് നിർധനരായ ആവശ്യക്കാർക്ക് പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഭവനനിർമ്മാണ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഗുണഭോക്താവിന് യാതൊരു പങ്കുമില്ലാത്തതുകൊണ്ട് തനിക്ക് അനുവദിച്ചു തരുന്ന വീട് തൻേറതാണെന്ന ബോധം പലപ്പോഴും ഗുണഭോക്താവിനുണ്ടാകുന്നില്ല.

## പ്രശ്നങ്ങൾ

1. ഭവനനിർമ്മാണ സഹകരണസംഘമില്ലാത്തതുകൊണ്ട് വായ്പ ലഭിക്കാൻ തളിപ്പറമ്പിലോ കണ്ണൂരിലോ പോകേണ്ടിവരുന്നു.

2 കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

3 ഭവനനിർമ്മാണ പദ്ധതികളളെകുറിച്ചും അവ നടപ്പാക്കുന്ന ഏജൻസികളെ കുറിച്ചും അറിവില്ലായ്മ

4. വായ്പകൾ ലഭിക്കാനുള്ള നടപടികളുടെ സങ്കീർണ്ണതയും കാലതാമസവും

5. പുതിയ സാങ്കേതിക വിദ്യകളെ കുറിച്ചുള്ള അറിവില്ലായ്മ, വിദഗ്ദ തൊഴിലാളികളുടെ അഭാവം.

## സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക

2. ഭവനനിർമ്മാണവായ്പക്കുള്ള ചട്ടങ്ങൾ ലഘൂകരിക്കുകയും വായ്പകതൾ വേഗത്തിൽ ലഭ്യമാക്കുകയും ചെയ്യുക.

3. ചെലവുകുറഞ്ഞ നിർമ്മാണരീതികളെ കുറിച്ച് ബോധവല്കരണം നടത്തുക

4. പഞ്ചായത്തിൻെറ നേതൃത്വത്തിൽ നിർമ്മിതി, ഹൗസിംഗ് ബോർഡ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ വൈദഗ്ദ്യ പോഷണത്തിനുള്ള പരിപാടികൾ നടപ്പിലാക്കുക

5. പ്രാദേശികമായ നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം വർദ്ധിപ്പിക്കുക

6. പുരാതനമായ നാലുകെട്ടുകളും ആരാധനായലയങ്ങളും സംരക്ഷിക്കുക.

7. ഭവനനിർമ്മാണ പദ്ധതികളുടെ നിർവഹണത്തിൽ ഗുണഭോക്താക്കളെ പങ്കാളിയാക്കുക.

# സാമൂഹ്യക്ഷേമം

1960കളിലാണ് സംസ്ഥാന ഗവൺമെൻറ് മുഖ്യമായും സാമൂഹ്യക്ഷേമം, ഗ്രാമവികസനം എന്നീ വകുപ്പുകളിലൂടെ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കാൻ തുടങ്ങിയത്. തളിപ്പറമ്പ് ബ്ലോക്കിൽപെടുന്ന ചപ്പാരപ്പടവ് പഞ്ചായത്തിൽ ക്ഷേമപദ്ധതികൾ കടന്നു വന്നത് വളരെ സാവധാനത്തിലായിരുന്നു. 1993-94ൽ നടത്തിയ ഐ.ആർ.ഡി.പി. സർവേ പ്രകാരം 2220 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് കണ്ടെ ത്തി. ഇതിൽ 32 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. നാളിതുവരെ 132 കുടുംബ ങ്ങൾക്ക് സഹായധനം നല്കിയിട്ടുണ്ടെങ്കിലും സഹായം ഉപോഗപെടുത്തി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്താൻ 41 കുടുംബങ്ങൾക്ക് മാത്രമേ കഴിഞ്ഞുള്ളൂ.

ട്രൈസം തൊഴിൽ പരിശീലന പദ്ധതികളനുസരിച്ച് ടൈലറിംഗ് ആൻറ് എംബ്രോയ്ഡറി, റെക്സിൻബാഗ് നിർമ്മാണം, സ്പ്രേ പെയിൻറിംഗ് എന്നിവയിൽ അഞ്ചുപേർക്ക് പരിശീലനം നല്കിയെങ്കിലും രണ്ടുപേര മാത്രമേ പരിശീലനം പ്രയോജനപ്പെടുത്തി തൊഴിൽ ചെയ്യുന്നുള്ളൂ.

ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതി പ്രകാരം കൂവേരി അക്ഷര മഹിളാസംഘം 1990-91ൽ ഒരു കൊപ്ര സംഭകരണ യൂനിറ്റ് ആരംഭിച്ചു. ഇപ്പോൾ യൂനിറ്റ് പ്രവർത്തിക്കുന്നില്ല. 1993-94ൽ ആരംഭിച്ച കൈത്തൊഴിലു കൾക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി യനുസരിച്ച് സഹായിത്തിനർഹതയുള്ള 65 പേരിൽ 43 പേർക്ക് ഇതുവരെയായി സഹായം കിട്ടിയിട്ടുണ്ട്. 22 പേർക്ക് ഇനിയും സഹായം ലഭിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ 63പേർക്ക് വിധവാ പെൻഷനും 21 പേർക്ക് വാർദ്ധക്യ പെൻഷനും 50 പേർക്ക് വികലാംഗ പെൻഷനും ഒരാൾക്ക് അവശകലാകാര പെൻഷനും ലഭിക്കുന്നുണ്ട്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന വരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്തിൽ ആകെ 11 അംഗനവാടികളുണ്ട്. മൂന്ന് അംഗനവാടികൾക്ക് സ്വന്തം കെട്ടിടമില്ല. അംഗനവാടികളുടെ പരിധിയിൽ 2372 കുട്ടികളുണ്ടെങ്കിലും ചെറിയൊരു ശതമാനം മാത്രമേ അംഗനവാടിയിലെത്തുന്നുള്ളൂ.

## പ്രശ്നങ്ങൾ

1. സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതിക ളെ കുറിച്ച് ഗുണഭോക്താക്കൾ യഥാസമയം അറിയുന്നില്ല.

2. പെൻഷൻ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്ന രീതിയിൽ അപാകതയുണ്ട്.

3. പെൻഷൻ കിട്ടാനുള്ള കാലതാമസം കാരണം അർഹരായ പലരും അപേക്ഷിക്കുന്നില്ല.

## സാധ്യതകൾ

പഞ്ചായത്ത് ഓഫീസിൽ ഒരു ഇൻഫറമേഷൻ സെൻറർ ആരംഭിക്കണം. സർക്കാരും പഞ്ചായത്തും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് പൂർണ്ണമായും കൃത്യമായതുമായ വിവരങ്ങളും സഹായവും ഇവിടെ ലഭ്യമാക്കുക.

2. വിവിധ പദ്ധതികളുടെ ഗുണഭോക്താത്തളെ തെരഞ്ഞെടുക്കുന്ന രീതി കുറ്റമറതാക്കുക

3. പദ്ധതികളെ കുറിച്ചുള്ള പ്രചാരണം വ്യാപക മാക്കുക.

4. സഹായം നല്കാനുള്ള നടപടിക്രമം ലഘൂകരിക്കുക.

# 9. വനിതാ ക്ഷേമം

ചപ്പാരപ്പടവ് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 20253(1991 സെൻസസ്)ആണ്. അതിൽ 10521 പുരുഷന്മാരുംഎ 9732 സ്ത്രീകളുമാണ്. സ്ത്രീപുരുഷ അനുപാതം 481:519ആണ്. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ 4969 കുടുംബങ്ങളിൽ 1248 കുടുബങ്ങളും പുലരുന്നത് സ്ത്രീകളുടെ കഠിനാദ്ധ്വാനത്തെ ആശ്രയിച്ചാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വനിതകൾക്ക് പ്രാമുഖ്യവും നേതൃത്വവുമുള്ള സംഘടനകൾ ഉണ്ട്. മഹിളാ സമാജങ്ങൾ, മഹിളാ സ്വസ്ത്സംഘം, മഹിളാ കോൺഗ്രസ്, ജനാധിപത്യ മഹിളാ അസോസിയേഷൻ, ക്രിസ്ത്യൻ ദേവാലയങ്ങളുടെ തണലിൽ പ്രവർത്തിക്കുന്ന മാതൃവേദികൾ എന്നിവ ഉദാഹരണ ങ്ങളാണ്. എന്നാൽ ഭൂരിപക്ഷം സ്ത്രീജനങ്ങളുടെ പ്രാതിനിധ്യമോ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവോ അവയ്ക്കൊന്നുമില്ല.

വാർഡുതലത്തിൽ പരിശോധിച്ചാൽ1, 9, 10 വാർഡുകളിൽ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ എണ്ണത്തിൽ തുല്യരാണെന്ന് കാണാം. അതേ സമയം 2, 4, 5, 7, 11 വാർഡുകളിൾ പെൺകുട്ടികൾക്കാണ് സംഖ്യാബലം. എന്നാൽ 3, 6, 8 വാർഡുകളിൽ പ്രാഥമിക വിദ്യാഭ്യാസസൗകര്യംപോലും ഇല്ല എന്നത് ഖേദകരമാണ്. കോളേജ് വിദ്യാർത്ഥികളിൽ പെൺകുട്ടുകൾക്കാ് മുൻതൂക്കം.

വനിതകൾക്ക് പങ്കാളിത്തമുളള തൊഴിൽ മേഖലകൾ പ്രധാനമായും കെട്ടിടനിർമ്മാണം, കരിങ്കൽക്വാറി, ചുമടെടുക്കൽകൂലിപ്പണി, കൃഷിപ്പണി ക്രഷറുകളിലെ പണി എന്നിവയാണ്. കൃഷിപ്പണിയിൽ 35രൂപ മുതൽ 45രൂപവരെ കൂലി ലഭിക്കുമ്പോൾ കെട്ടിടനിർമ്മാണം, ചുമട് എടുക്കൽ എന്നിവയ്ക്ക് 60 രൂപയാണ് വനിതകളുടെ കൂലി. കാർഷികമേഖലയിൽ സ്ത്രീ തൊഴിലാളിക്ക് പ്രോത്സാഹജനകമായ കൂലി ലഭിക്കാത്തത് മൂലം അവരുടെ പങ്കാളിത്തം ക്രമത്തിൽ കുറഞ്ഞുവരുന്നതായി കാണാം. മാത്രമല്ല, കൃഷിപ്പണി കാലികമായതിനാൽ ആണ്ടുവട്ടം മുഴുവൻ പണി ലഭിക്കുന്ന മറ്റു മേഖലകൾ തേടിപ്പോകാൻ അവർ നിർബന്ധിതരായിത്തീരുന്നു. 1, 2, 3, 4 വാർഡുകളിൽ, കാർഷികമേഖലയിൽ ഉച്ചപ്പണിയാണ് നിലവിലുളളത്.

**തൊഴിൽ മേഖലയും കൂലിയും**

| തൊഴിൽ മേഖല | കൂലി | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| കെട്ടിട നിർമ്മാണം | 100.00 | 60.00 |
| കരിങ്കൽ ക്വാറി | 80.00 | 50.00 |
| ചുമട് | 120.00 | 60.00 |
| കൃഷിപ്പണി | 75.00 | 50 |
| ക്രഷറിലെ പണി | 80.00 | 50.00 |



സ്ത്രീകൾ മാത്രം പണിയെടുക്കുന്ന ഖാദി നൂൽനൂൽപ് കേന്ദ്രം പഞ്ചായത്തിലുണ്ട്. എന്നാൽ ഇവിടങ്ങളിലൊന്നും കക്കൂസോ മൂത്രപ്പുരയോ ഇല്ല. ഇതിനുപുറമെ ഒരു വനിതാ മൾട്ടി ഇൻഡസ്ട്രീയൽ സൊസൈറ്റിയും ഒരു വനിതാ സഹകരണ സംഘവുമുണ്ട്. ഇൻഡസ്ട്രീയൽ സൊസൈറ്റിക്ക് സ്വന്തം കെട്ടിവും കക്കൂസുമുണ്ട്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം നടത്തുന്നുണ്ടെങ്കിലും പ്രവർത്തനം നഷ്ടത്തിലാണ്. തയ്യൽ പരിശാലനകേന്ദ്രം, പാലുല്പന്ന നിർമ്മാണയൂണിറ്റ്, കൊപ്രസംഭരണ കേന്ദ്രം, സോപ്പ് നിർമ്മാണ കേന്ദ്രം ഇവയാണ് മറ്റ് തൊഴിൽ സംരംഭങ്ങൾ. ശരിയായ മാനേജ്മെൻറിൻെറ അഭാവത്തിൽ കൊപ്രസംസ്കരണ കേന്ദ്രം നിർജീവമായി. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ സോപ്പ് നിർമ്മാണം ആരംഭിച്ചിട്ടില്ല. ക്രഷ് ഉള്ള സ്ഥാപനം പഞ്ചായത്തിലില്ല. റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും ചന്തകളിലും എത്തുന്നവരിൽ ഏറിയകൂറും വനിതകളാണ്. പക്ഷേ, പൊതുരംഗത്ത് പ്രത്യക്ഷപ്പെടാൻ അവർ വിമുഖരാണ്. സാമൂഹികമായ പിന്നാക്കാവസ്ഥ, അപവാദപ്രചാരണം, സാമ്പത്തിക പരാധീനത, കുടുംബങ്ങളിലെ യാഥാസ്ഥിതികത്വം, മതപരമായ വിലക്ക് തുടങ്ങിയവ ഈ വൈമുഖ്യത്തിന് കാരണങ്ങളാണ്.

ചികിത്സക്കായി ആശുപത്രയിലെത്തുന്നവർ ഭൂരിഭാഗവും സ്ത്രീകളാണ്. മദ്യപാനത്തിൻെറ ദുരിതം പേറുന്ന സ്ത്രീകളുടെ ഒരു വൻനിരതന്നെ ഉണ്ട്, പഞ്ചായത്തിൽ. ചാരായനിരോധനം ഒരു പരിധിവരെ അനുഗ്രഹമായെങ്കിലും 'വ്യാജൻ' എങ്ങും സുലഭമാണ്. സ്വദേശി വിദേശിയായി അരങ്ങുതകർക്കുന്നുമുണ്ട്. അതിനെതിരെ ഫലപ്രദമായ ചെറുത്തുനില്പും കർശന നിയമനടപടിയും അനിവാര്യമാണ്.

സ്ത്രീധന സമ്പ്രദായം ക്രിസ്ത്യാനികളുടേയും മുസ്ലിംകളുടേയും ഇടയിൽ സാർവത്രികമാണ്. അടുത്ത കാലത്തായി ഹിന്ദുക്കളേയും ഇതു ഗ്രസിച്ചുതുടങ്ങിയിട്ടുണ്ട്. ചില സമുദായങ്ങളുടെ ഇടയിൽ ബാലികാ വിവാഹം വിരളമായി നടക്കുന്നു. സ്ത്രീധനപീഡനം നടക്കുന്നുണ്ടെങ്കിലും ഏറിയപങ്കും നിയമത്തിൻെറ കണ്ണിൽപ്പെടാതെ പോകുന്നു. സ്ത്രീകൾക്ക് നേരെ, അടുത്തകാലത്തായി അക്രമം വർദ്ധിച്ചുവരുന്നുവെന്നത് ഭീതിജനകമാണ്.

11 അംഗനവാടികൾ പഞ്ചായത്തിലുണ്ട്. പക്ഷേ, പിഞ്ചുകുഞ്ഞുങ്ങളുടെ ശാരീരികവും മാനസീകവുമായ ആരോഗ്യത്തിനും വളർച്ചയ്ക്കും ഉതകുന്ന രീതിയിലല്ല അവയുടെ പ്രവർത്തനം. കെട്ടിടങ്ങളിൽ നിന്നുതിരിയാനിടമില്ല, പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യവുമില്ല. വേണ്ടത്ര വായുസഞ്ചാരമില്ല; കളിച്ചുവളരേണ്ട കുട്ടികൾക്ക് അതിനാവശ്യമായ കളിക്കോപ്പുകളോ ഇതര സാഹചര്യങ്ങളോ ഇല്ല. അവിചാരിതമായുണ്ടാകുന്ന അപകടങ്ങളെ നേരിടാൻ യഥാസമയം നല്കേണ്ട പ്രഥമശുശ്രൂഷക്കാവശ്യമായ മരുന്നും മറ്റു സംവിധാനങ്ങളുമില്ല. അംഗനവാടികൾ കാര്യക്ഷമമാക്കാൻ ഉണർന്നു പ്രവർത്തിക്കേണ്ട ജനകീയ സമിതികൾ സജീവവുമല്ല. ശിശുക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്ന ടീച്ചർമാരുടേയും ആയമാരുടേയും ക്ഷേമം വേണ്ടരീതിയിൽ പരിഗണിക്കപ്പെടുന്നുമില്ല.

**അംഗനവാടികൾ**

| ക്രമ നമ്പർ | സ്ഥലം | വാർഡ് | കെട്ടിടം |
|---|---|---|---|
| 1 | കൂവേരി | 1 | സ്വന്തം |
| 2 | തേറണ്ടി | 2 | " |
| 3 | തോട്ടിക്കീൽ | 2 | വാടക |
| 4 | പെരുമാളാബാദ് | 3 | " |
| 5 | മംഗര | 3 | " |
| 6 | ചപ്പാരപ്പടവ് | 4 | സ്വന്തം |
| 7 | പടപ്പേങ്ങാട് | 5 | " |
| 8 | വായാട്ടുപറമ്പ് | 6 | " |
| 9 | എരുവാട്ടി | 8 | " |
| 10 | തലവിൽ | 9 | " |
| 11 | തടിക്കടവ് | 11 | " |

# പ്രശ്നങ്ങൾ

1. സ്ത്രീകളുടെ അദ്ധ്വാനശേഷി പ്രയോജന പ്പെടുത്തുന്ന പദ്ധതികൾ കണ്ടെത്തുന്നില്ല

2. പുകയില്ലാത്ത പരിഷത്ത് അടുപ്പുകളും, കക്കൂസുകളും നിർദ്ധനരായ മുഴുവൻ വീട്ടമ്മമാർക്കും ലഭ്യമാകത്തക്ക പരിപാടികൾ ഇല്ല.

3. സർക്കാർ പ്രഖ്യാപിക്കുന്ന വനിതാ ക്ഷേമ പരിപാടികൾ ഗ്രാമീണസ്ത്രീകളുടെ അടുത്തെത്തുന്നില്ല.

4. യുവതികളുടെ കലാകായിക കഴിവുകൾ വളർത്തിയെടുക്കാൻ പറ്റിയ സാഹചര്യങ്ങളില്ല.

5. നാടൻ പച്ചക്കറികളിലെ പോഷകമൂല്യത്തെക്കുറിച്ചും ഗുണം നഷ്ടപ്പെടാതെ അവ പാകംചെയ്യുന്നതിനെക്കുറിച്ചും വേണ്ടത്ര അറിവില്ല.

6. സ്വന്തമായി അടുക്കളത്തോട്ടമുണ്ടാക്കാനാവശ്യമായ സഹായം ലഭിക്കുന്നില്ല.

7. വളരെ കുറച്ചുകുട്ടികൾ മാത്രമേ അംഗൻ വാടിയിൽ എത്തുന്നുള്ളൂ.

# സാധ്യതകൾ

1. വനിതകൾക്ക് തൊഴിൽനൽകാൻ പറ്റിയ സ്ഥാപനങ്ങൾ ഉണ്ടാക്കണം.

2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, സോപ്പുനിർമ്മാണം, പാലുല്പന്ന നിർമ്മാണം, ബുക്ക് ബൈൻറിംഗ് തുടങ്ങിയവയിൽ കാലാനുസൃതമായ സാങ്കേതിക പരിശീലനം നല്കണം.

3. പുകയില്ലാത്ത അടുപ്പുകളും കക്കൂസുകളും നിർധനർക്ക് സൗജന്യമായി നൽകണം.

4. വനിതാക്ഷേമ പദ്ധതികൾ, പോഷകഗുണം നഷ്ടം വരാതെ പച്ചക്കറികൾ പാകം ചെയ്യുന്ന രീതി മുതലായവ സ്ത്രീകളെ പഠിപ്പിക്കുന്ന രീതിയിൽ ക്ലാസുകൾ നടത്തുക.

5. നല്ലയിനം പച്ചക്കറി വിത്തുകളും വളവും വീട്ടമ്മാർക്ക് നല്കുക.

6. കുട്ടികളെ ആകർഷിക്കുന്ന വിധം അംഗൻവാടി സജ്ജീകരിക്കുക.

# 10. സംസ്കാരം



ഉത്കൃഷ്ഠമായ ഒരു സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാവുന്ന ചില പ്രദേശങ്ങൾ ചപ്പാരപ്പടവ് പഞ്ചായത്തിലുണ്ട് പടപ്പേങ്ങാട്, കൂവേരി, കൊട്ടക്കാനം, ചപ്പാരപ്പടവ്, തലവിൽ, കരിങ്കയം പ്രദേശങ്ങളിൾ നൂറ്റാണ്ടുകൾക് മുമ്പ് ജനവാസമുണ്ടായിരുന്നു. 1200 വർഷം പഴക്കമുളള ജനപഥം പടപ്പേങ്ങാട്ടുണ്ടായിരുന്നതായി പറയപ്പെടുന്നു. പടപ്പേങ്ങാടിനു കഴിക്കേഭാഗത്തുളള 'നമ്പിടിയാനം' ഒരുകാലത്ത് നമ്പൂതിരി ഇല്ലങ്ങളുടെ കേന്ദ്രമായിരുന്നു. ഇന്ന് ഇല്ലങ്ങളില്ല, തികഞ്ഞൊരു കുടിയേറ്റ മേഖല. കോലത്തുനാട്ടുരാജാവായ ശതസോമന് പരമശിവൻ പ്രസാദിച്ചേകിയ സോമേശ്വരീ വിഗ്രഹം (പാർവതി)ആണ് പടപ്പേങ്ങാട് ക്ഷേത്രത്തിലെ പ്രതിഷ്ഠാ എന്നാണ് ഐതിഹ്യം. സോമേശ്വരിയുടെ പരമഭക്തനായ കൂവേരി കല്ലൂർ പേത്തേര എഴുത്തച്ഛൻ നിത്യദർശനം നൽകാൻ ദേവിഎഴുന്നെളളിക്കൊണ്ട സ്ഥലമാണത്രെ കൂവേരി സോമേശ്വരീക്ഷേത്രം പണ്ഡിതവരേണ്യനായ പോത്തേര എഴുത്തച്ഛൻ തുഞ്ചത്താചാര്യൻെറ സമകാലികനാണെന്ന് കരുതപ്പെടുന്നു. അദ്ദേഹമെഴുതിയ ഭക്തിരസ പ്രധാനമായ സൂര്യസ്തുതി എന്ന കൃതിയിലെ ഭാഷ തമിഴിൻെറ പിടിയിൽനിന്ന് മോചനം പ്രാപിക്കാത്തതാണ്.

വ്യാഴവട്ടത്തിലൊരിക്കൽ പെരുങ്കളിയാട്ട മഹോത്സവം നടക്കുന്ന സ്ഥലമാണ് കൂവേരി മുച്ചിലോട്. തലവിൽ പാണപ്പുഴ ക്ഷേത്രങ്ങളുടെ ഊരാളന്മാരായ വേങ്ങയിൽ നായനാർമാരുടേയും പടപ്പേങ്ങാട്ട് ദേവസ്വം ഊരാളന്മാരുടേയും പെരുമ്പടകൾ അധികരാത്തിനുവേണ്ടി പലകാലം പൊരുതിയ സ്ഥലമാണുപോലും ഇന്നത്തെ കുടിയേറ്റ സിരാകേന്ദ്രമായ "പെരുമ്പടവ്".

വേട്ടുവർ, മാവിലർ, കരിമ്പാലർ തുടങ്ങിയവരാണ് പഞ്ചായത്തിലെ ആദിമനിവാസികൾ. പ്രാകൃത ജീവിതം നയിച്ചിരുന്ന ഇവരെ മനുഷ്യരാക്കി മാറ്റാൻ ആദ്യശ്രമം നടത്തിയത് വേങ്ങയിൽ രാഘവൻ നായനാരാണ്. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ ഉറ്റബന്ധുവായിരുന്ന ഇദ്ദേഹം ഗിരിവർഗ്ഗക്കാരെ സംഘടിപ്പിച്ച്, നാടകം പഠിപ്പിച്ച് കൂവേരിയിലും പരിസര പ്രദേശങ്ങളിലും അവതരിപ്പിച്ചതായി കേട്ടിട്ടുണ്ട്. പഞ്ചായത്തിൽ അന്നുണ്ടായിരുന്ന പൂനം കൃഷിയുമായി ബന്ധപ്പെട്ട് നിരവധി നാടൻപാട്ടുകളും പ്രചാരത്തിലിരുന്നു. ഗന്ധർവൻപാട്ട്, കളപ്പാട്ട്, കോതാമൂരി തുടങ്ങിയ അനുഷ്ഠാന കലകൾ കാലഹരണപ്പെട്ടിട്ടുണ്ട്. ക്ഷേത്രത്തിലെ പൂരാഘോഷവുമായി ബന്ധപ്പെട്ട പൂരക്കളി, കോൽകളി എന്നിവ ഇന്നും നിലനിൽക്കുന്നു.

പഞ്ചായത്തിൽ ഇന്ന് നിലവിലിരിക്കുന്ന അനുഷ്ഠാനകലകളിൽ അതിപ്രധാനമാണ് തെയ്യങ്ങൾ. ഒരുകാലഘട്ടത്തിലെ ജനജീവിതത്തിൻെറ നിദർശനങ്ങളാണവ. മെയ്വഴക്കം, ശില്പചാതുര്യം, ചിത്രകലാ

സങ്കേതങ്ങൾ, സംഗീതവൈദഗ്ദ്യം, നിരന്തര സാധന ഇവയുടെ സമുചിത സമ്മേളനം ഇവയിൽ ദരശിക്കാം. വീരാരാധനാ പ്രധാനവും ദേവതാ സ്തോത്രവുമായ ഈ കലയുടെ തോറ്റം പാട്ടിൽ പ്രാദേശികവീരന്മാരുടെ അപദാനങ്ങളും ഭക്തിരസവും നിറഞ്ഞുതുളുമ്പുന്നു.

പണ്ട് പലതരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇവിടെ നിലനിന്നിരുന്നു. വസൂരി പിടിപെടുന്നത് ദൈവകോപം കൊണ്ടാണെന്ന് വിശ്വസിച്ചിരുന്നു. രോഗിയെ തനിച്ചാക്കി ഉറ്റവർപോലും സ്ഥലം വിട്ടിരുനു. വസൂരി ബാധിച്ചു മരിച്ചയാളെ സംസ്കരിക്കുന്നതിന് വണ്ണാരം താക്കുക എന്നാണ് പറഞ്ഞിരുന്നത്. വസൂരി വന്നാൽ ആ സ്ഥലത്ത് തീചാമുണ്ഡി, പുതിയഭഗവതി തുടങ്ങിയ തെയ്യക്കോലങ്ങൾ കെട്ടിയാടിക്കാറുണ്ടായിരുന്നു. മാരണം ചെയ്യുക എന്നൊരു അന്ധവിശ്വാസമുണ്ടായിരുന്നു. മാരണം ചെയ്യുന്നവരെ ഓടിയന്മാർ, മന്ത്രവാദികൾ എന്നിങ്ങ നെയാണ് വിളിച്ചിരുന്നത്. ഉറുക്ക് എഴുതി കെട്ടിയാൽ ഭൂതപ്രേത പിശാചുക്കളുടെ ബാധയുണ്ടാവില്ലെന്ന് വിശ്വസിക്കുന്നവർ ഇന്നും കുറവല്ല.

നൂറ്റാണ്ടുകൾക്ക് മുമ്പ്, മാലിക് ദീനാറിന്റെ നേതൃത്വത്തിൽ ഇസ്ലാം മത പ്രചാരണത്തിനായി അറേബ്യൻ നാടുകളിൽനിന്ന് കേരളത്തിലെത്തിയ 12അംഗ സംഘത്തിന്റെ ശിഷ്യന്മാരായ സൂഫിവര്യന്മാരാണ് ചപ്പാരപ്പടവ്, തടിക്കടവ് മഖ്ബറകളിൽ അന്ത്യവിശ്രമം ത്കൊള്ളുന്നത് എന്നാണ് വിശ്വാസം. റോഡുകളില്ലാത്തെ അക്കാലത്ത് പുഴമാർഗ്ഗമാണ് അവർ ഈ പ്രദേശത്ത് ആത്മീയ ദൗത്യത്തിനെത്തിയത്.

പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന മുസ്ലിം കേന്ദ്രമാണ് ചപ്പാരപ്പടവ്. ചപ്പാരപ്പടവിലെ ജുമാഅത്ത് പള്ളിക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.

സ്വാതന്ത്ര്യ ലബ്ധിയോടടുത്ത കാലം മുതലാണ് അദ്ധ്വാനശീലരായ കുടിയേറ്റക്കാർ കന്നിമണ്ണുതേടി ഇവിടെ എത്തിയത്. കുടിയേറ്റക്കാർ ആദ്യമെത്തിയത് പടപ്പേങ്ങാട്ടാണ്. ക്രമത്തിൽ പെരുമ്പടവ്, തടിക്കടവ്, വിമലശ്ശേരി, എരുവാട്ടി, ഇടക്കോം പ്രദേശങ്ങളിലും. കുടിയേറ്റം അദ്ധ്വാനത്തിന്റെയും സർവമത സാഹോദര്യത്തിന്റെയും നൂതനാദ്ധ്യായം ചരിച്ചു. കുടിയേറ്റ കേന്ദ്രങ്ങളിൽ ദേവാലയങ്ങളുയർന്നു. പെരുമ്പടവ് സെന്റ ജോസഫ്സ് പള്ളിയാണ് പഞ്ചായത്തിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയം. ജനങ്ങളുടെ സാംസ്കാരികോന്നമനത്തിനും കലാപരവും കായികവുമായ കഴിവുകൾ വളർത്തിയെടുക്കുന്നതിനും നാടിന്റെ വികസനത്തിനും ക്രിസ്ത്യൻ ദേവാലയങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. വിവിധമത വിഭാഗത്തിൽപെട്ടവരുടെ ചെറുതും വലുതുമായ നാല്പതോളം ആരാധനാലയങ്ങള പഞ്ചായത്തിലുണ്ട്.

## പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ

| നമ്പർ | പേര് | സ്ഥലം | വാർഡ് |
|---|---|---|---|
| 1 | സോമേശ്വരി ക്ഷേത്രം | കൂവേരി | 1 |
| 2 | വള്ളിക്കടവ് ശ്രീ പുതിയ ഭഗവതിക്ഷേത്രം | " | " |
| 3 | ഐവളപ്പ് മടപ്പുര | " | " |
| 4 | മുച്ചിലോട്ട് ഭഗവതിക്ഷേത്രം | " | " |
| 5 | ളാവിൽ ശ്രീകൃഷ്ണക്ഷേത്രം | കൊട്ടക്കാനം | 2 |
| 6 | ജുമാഅത്ത് പള്ളി | ഞണ്ടുമ്പലം | " |
| 7 | " | തോട്ടിക്കീൽ | " |
| 8 | ആലിങ്കീൽ ശ്രീകൃഷ്ണ ക്ഷേത്രം | തേറണ്ടി | " |
| 9 | ജുമാഅത്ത് പള്ളി | പെരുമളാബാദ് | 3 |
| 10 | " | മംഗര | " |
| 11 | സെന്റ് ജൂഡ്സ്ചർച്ച് | തിരുക്കൂളം | " |
| 12 | സെന്റ് പോൾസ് ചർച്ച് | ഇടക്കോം | " |
| 13 | ജുമാമസ്ജിദ് | ചപ്പാരപ്പടവ് | 4 |
| 14 | മുഹ്യിദ്ധീൻ മസ്ജിദ് | " | " |
| 15 | ഫദ്ദാദ് മസ്ജിദ് | " | " |
| 16 | നശാത്ത് മസ്ജിദ് | " | " |
| 17 | ചപ്പാരപ്പടവ് മഖാം | " | " |
| 18 | ജുമാഅത്ത് പള്ളി | പെരുവണ | " |
| 19 | സോമേശ്വരീക്ഷേത്രം | പടപ്പേങ്ങാട് | 5 |
| 20 | കുറിഞ്ചിറക്കൽ ഭഗവതിക്ഷേത്രം | " | " |
| 21 | ഉണ്ണിമിശിഹാപള്ളി | ബലേശുഗിരി | " |
| 22 | ജുമാമസ്ജിദ് | പടപ്പേങ്ങാട് | " |
| 23 | മുസ്ലിം നിസ്കാരപ്പള്ളി | ചാണോക്കുണ്ട് | 6 |
| 24 | സെ:ജൂഡസ് ചർച്ച് | കരുണാപുരം | " |
| 25 | തടിക്കടവ് മഖാം ജുമാമസ്ജിദ് | ഓടക്കടവ് | " |
| 26 | അയ്യപ്പസേവാസംഘം | വായാട്ടുപറമ്പ് | " |
| 27 | ശ്രീ കുർമ്പ മഹേശ്വരി ക്ഷേത്രം | തലവിൽ | " |
| 28 | ശ്രീ കൃഷ്ണക്ഷേത്രം | " | " |
| 29 | പുതിയ ഭഗവതിക്ഷേത്രം | " | " |
| 30 | പുള്ളൂറാളി ക്ഷേത്രം | " | " |
| 31 | സെ.ജോസഫ്സ് ചർച്ച് | പെരുമ്പടവ് | " |
| 32 | സെ.മേരീസ് ചർച്ച് | വിമലശ്ശേരി | " |
| 33 | അൽഫോൻസാ പള്ളി | ലഡാക്ക് | " |
| 34 | ചാമുണ്ഡിക്ഷേത്രം | മംഗര | 10 |
| 35 | സെ.തോമസ് ചർച്ച് | " | " |
| 36 | സെ.ആന്റണീസ് ചർച്ച് | അമ്മംകുളം | " |
| 37 | മുസ്ലിം പള്ളി | " | " |
| 38 | സെ.ജോർജ് ചർച്ച് | തടിക്കടവ് | 11 |
| 39 | ശ്രീകൃഷ്ണക്ഷേത്രാ ഭജനമഠം | " | " |

അറുപതോളം സാംസ്കാരിക സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. 1958-ൽ സ്ഥാപിച്ച കൊട്ടക്കാനം പൊതുജന വായനശാല(ഇന്നത്തെ സുഭാഷ് സ്മാരക ഗ്രന്ഥാലയം), 1963-ൽ സ്ഥാപിച്ച പൂണങ്കോട് ഗ്രാമദീപം വായനശാല എന്നിവയാണ് ഈ രംഗത്തെ ആദ്യകേന്ദ്രങ്ങൾ. 1960കളിലാണ് കലാസാംസ്കാരിക കേന്ദ്രങ്ങൾ പഞ്ചായത്തിൽ വിപുലമായത്. തലവിൽ ദേശീയ വായനശാല ആൻറ് ഗ്രന്ഥാലയം, കൂവേരി ജവഹാർ സ്മാരക വായനശാല, എരുവാട്ടി ജനതാ വായനശാല ആൻറ് ഗ്രന്ഥാലയം, പെരുമ്പടവ് ഗാന്ധി സ്മാരക ഗ്രന്ഥാലയം, കൂവേരി യുവജന വായനശാല ആൻറ് ഗ്രന്ഥാലയം, മംഗരപബ്ലിക് ലൈബ്രറി ആൻറ് വായനശാല, വെമ്മാണി ദേശീയ വായനശാല, ഇടക്കോം മഹാത്മാ ലൈബ്രറി, തടിക്കടവ് പബ്ലിക് ലൈബ്രറി, ചപ്പാരപ്പടവ് സീതീസാഹിബ് ലൈബ്രറി തുടങ്ങിയവ ഈ രംഗത്തെ നേട്ടങ്ങളായി കരുതാം.

(5)

## ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്
## സാംസ്കാരിക സ്ഥാപനങ്ങൾ / വായനശാലകൾ

| നമ്പർ | പേര് | വാരഡ് |
|---|---|---|
| 1 | പൊതുജനവായനശാല, എളമ്പേര്യം | 1 |
| 2 | യുവരശ്മി, എളമ്പേര്യം | ,, |
| 3. | റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, ആറാംവയൽ | ,, |
| 4 | ജനശക്തി സാംസ്കാരിക കേന്ദ്രം, രാമപുരം | ,, |
| 5 | യുവശക്തി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, കാട്ടാമ്പള്ളി | ,, |
| 6 | പ്രിയദർശിനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, കൂവേരിവയൽ | ,, |
| 7 | കൾച്ചറൽ ഫോറം, കൂവേരി | ,, |
| 8 | കരിയർ ഗൈഡനസ് സെൻറർ, കൂവേരി | ,, |
| 9 | മഹാത്മാ ബാലവേദി, കൂവേരി | ,, |
| 10 | ബ്രദേഴ്സ് ക്ലബ്ബ്, കാക്കടവ് | ,, |
| 11 | ശ്രീ നാരായണ സ്പോർട് ക്ലബ്ബ്, തേറണ്ടി | 2 |
| 12 | കുമാരനാശാൻ സ്മാരക വായനശാല, തേറണ്ടി | ,, |
| 13 | ശ്രീ നാരായണ ഗുരു വായനശാല, ആലത്തട്ട്, ചൈതന്യ ഞാറ്റവയൽ, സമസ്യ അലത്തട്ട് | ,, |
| 14 | നെഹ്റു മെമ്മോറിയൽ വായനശാല, ഇടക്കോം | 3 |
| 15 | മഹാത്മാ വായനശാല, ഇടക്കോം | ,, |
| 16 | ചപ്പാരപ്പട് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, ചപ്പാരപ്പടവ് | 4 |
| 17 | ജനവിദ്യാകേന്ദ്രം, ചപ്പാരപ്പടവ് | ,, |
| 18 | ഭാവന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് | 6 |
| 19 | പ്രിയദർശിനി ക്ലബ്ബ് | , |
| 20 | യുവധാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പടപ്പേങ്ങാട് | 5 |
| 21 | പൊതുജനവായനശാല, പടപ്പേങ്ങാട് | ,, |
| 22 | ദേശീയ വായനശാല, വെമ്മാണി | 10 |
| 23 | പ്രോഗ്രസ്സീവ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മംഗര | 10 |
| 24 | സ്പാർക്ക് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മംഗര | ,, |
| 25 | ജനതാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, വെമ്മാണി | ,, |
| 26 | യുവശക്തി ക്ലബ്ബ്, കരിങ്കയം | 7 |
| 27 | കൈരളി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മഞ്ഞക്കാട് | ,, |
| 28 | ജനരംഗ് വായനശാല, കുറ്റിപ്പുഴ | ,, |
| 29 | സോഷ്യൽ റിക്രിയേഷൻ ക്ലബ്ബ്, മഞ്ഞക്കാട് | ,, |
| 30 | എക്കോ ക്ലബ്ബ്, വിമലശ്ശേരി | 8 |
| 31 | പ്രിയദർശിനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, | ,, |

| | | |
|---|---|---|
| 32 | ഭാവനാ ക്ലബ്ബ് | .. |
| 33 | ടോപ്പ്ടെൻ ക്രിക്കറ്റ് ക്ലബ്ബ്, തലവിൽ | 9 |
| 34 | സ്പിരിറ്റഡ് യൂത്ത് ക്ലബ്ബ്, പെരുമ്പടവ് | |
| 35 | നവോദയ വായനശാല, അതിരുകുന്ന് | ,, |
| 36 | യംഗ്മെൻസ് ക്ലബ്ബ്, മണാട്ടി | 11 |
| 37 | ബ്ലൂസ്റ്റാർ, തടിക്കടവ് | |

## ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലകളുടെ വിവരം

| വാർഡ് | പേരും വിലാസവും | സ്ഥാപിച്ച വർഷം | വാർഡ് | ഗ്രേഡ് | കെട്ടിട വിവരം | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | മാസ പുസ്തകവിതരണം | കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം | സർക്കാർ ഗ്രാൻറ് | ടി.വി. റേഡിയോ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ജവഹർസ്മാരക ഗ്രന്ഥശാല, കൂവേരി കൂവേരി. പി.ഒ | 1968 | 1 | ഡി | സ്വന്തം | 262 | 3200 | 500 | വായനശാല സ്പോർട്ക്ലബ്ബ് ബാലവിഭാഗം | ഉണ്ട് | ഉണ്ട് |
| 2 | യുവജന വാനശാല ആൻറ് ഗ്രന്ഥാലയം കൂവേരിവയൽ. | 1973 | ,, | ,, | ,, | 276 | 3205 | 525 | വായനശാല | ,, | ,, |
| 3 | സുഭാഷ് സ്മാരക ഗ്രന്ഥാലയം; കൊട്ടക്കാനം, കൂവേരി. | 1968 | 2 | ,, | ,, | 250 | 3200 | 450 | വായനശാല, സ്പോർട്സ് | ,, | റേഡിയോ |
| 4 | ഗ്രാമദീപം വായനശാല ഗ്രന്ഥാലയം പൂണങ്കോട് 'പി.ഒ കൂവേരി | – | 2 | – | ,, | 85 | 1100 | 210 | വായനശാല | ഇല്ല | ഇല്ല |
| 5 | ജനതാ വയാനശാല ഗ്രന്ഥാലയം എരുവാട്ടി | 1968 | 8 | ഇ | ,, | 351 | 2007 | 400 | ജനവിദ്യാകേന്ദ്രം | ഉണ്ട് | ഇല്ല |
| 6 | ദേശീയ വാനശാല ഗ്രന്ഥാലയം, തലവിൽ | 1967 | 9 | സി | ,, | 627 | 3575 | 400 | കലാസമിതി, സ്പോർട്സ്ക്ലബ്ബ് | ,, | ടി.വി. ഉണ്ട് |
| 7 | ദേശീയ വായനശാല പടപ്പേങ്ങാട് | – | 10 | എഫ് | ,, | 25 | 1673 | 190 | സ്പോർട്ക്ലബ്ബ് | ,, | ഇല്ല |
| 8 | മംഗര പബ്ലിക് ലൈബ്രറി | 1976 | 10 | ഇ | ,, | 260 | 1869 | 4000 | വായനശാല | ,, | – |
| 9 | സീതിസാഹിബ് പബ്ലിക് ലൈബ്രറി റീഡിംഗറൂം, ചപ്പാരപ്പടവ് | – | 4 | – | – | – | – | – | – | ഇല്ല | – |
| 10 | ഗാന്ധി മെമ്മോറിയൽ ഗ്രന്ഥശാല തടിക്കടവ് | 1968 | 9 | സി | സ്വന്തം | 250 | 4000 | 600 | റിക്രിയേഷൻ വായനശാല | ഉണ്ട് | റേഡിയോ |
| 11 | പബ്ലിക് ലൈബ്രറി തടിക്കടവ് | 1980 | 11 | – | – | 130 | 1200 | – | വായനശാല | ഇല്ല | – |
| 12 | മഹാത്മാ ലൈബ്രറി, എടക്കോം | – | 3 | – | – | – | – | – | – | – | – |

പഞ്ചായത്തിൽ 5പൊതു ടി.വി.സെറ്റുണ്ട്. മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, ചന്ദ്രിക, ദീപിക, മാധ്യമം തുടങ്ങിയ പത്രങ്ങളും പ്രധാന ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ആദ്യത്തെ കലാ സാംസ്കാരിക ജാഥ കൂവേരി ബ്രദേഴ്സ് ക്ലബ്ബിൽ നിന്നാണ് ആരംഭിച്ചത്. സ്ഥിരമായിട്ടല്ലെങ്കിലും അമച്വർ നാടകവേദികൾ പഞ്ചായത്തിൽ പലഭാഗത്തും പ്രവർത്തിക്കുന്നുണ്ട്. അവയ്ക്കുവേണ്ട സാമ്പത്തിക സഹായവും പ്രോത്സാഹനവും ലഭിക്കുന്നില്ല. വിളയാർകോട് വർണ്ണിക എന്നപേരിൽ ഒരു പ്രൊഫഷണൽ നാടക ട്രൂപ്പ് ഉണ്ടായിരുന്നു. സാമ്പത്തിക പരാധീനത മൂലം അത് നിർജീവമായി. വാർഷികോഘോഷങ്ങൾ, പള്ളിപ്പെരുന്നാളുകൾ, ക്ഷേത്രമഹോത്സവങ്ങൾ എന്നിവയ്ക്ക് പുറമേനിന്ന് പ്രൊഫഷണൽ സംഘത്തെ വരുത്തി നാടകം അവതരിപ്പിക്കുന്ന പ്രവണത കൂടി വരുന്നു. തന്മൂലം നാട്ടുകാരുടെ കഴിവുകളും കൂട്ടായ്മയും നഷ്ടമാവുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, മാതൃഭൂമി സ്റ്റഡി സർക്കിൾ, മനോരമ ബാലജനസഖ്യം, കെ.സി.വൈ.എം., പുരോഗമന കലാ സാഹിത്യ സംഘം, ബാലവേദി തുടങ്ങിയ സാംസ്കാരിക സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

# കായികരംഗം

ചപ്പാരപ്പടവ് പഞ്ചായത്തിൽ കായികരംഗം സജീവമല്ല. പഞ്ചായത്തുവക പണിതീരാത്ത ഒരു കളിക്കളവും ചപ്പാരപ്പടവ്, പെരുമ്പടവ് ഹൈസ്കൂളുകളുടെ കളിസ്ഥലങ്ങളും ഉണ്ട്. ഒരു കാലത്ത് വളരെ സജീവമായിരുന്ന വോളിബോൾ കളി ഇന്ന് പഞ്ചായത്തിൽ ഒന്നോ രണ്ടോ പ്രദേശത്ത് ഒതുങ്ങി നില്കുന്നു. ഏതാനും വർഷങ്ങൾക്ക് മുമ്പുവരെ സ്പോർട്സ് ക്ലബ്ബുകളും ജില്ലാതല വോളിബോൾ ടൂർണ്ണമെന്റ് നടത്തിയിരുന്നു. പഞ്ചായത്തിൽ ആദ്യമായി ജില്ലാതല വോളിബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചത് കൊട്ടക്കാനം സുഭാഷ് ഗ്രന്ഥശാല ആൻറ് സ്പോർട്സ് ക്ലബ്ബാണ്. വോളീബോൾ എന്നല്ല, നാടൻപന്ത്, കുട്ടിയുംകോലും, കിളിത്തട്ട് തുടങ്ങിയ നാടൻകളികളും ക്രിക്കറ്റിന് വഴിമാറി. വോളിബോൾ കോർട്ടുകളും, ഇടവഴികൾ പോലും ക്രിക്കറ്റ് കോർട്ടുകളായി രൂപാന്തരം പ്രാപിച്ചു പുതിയ തലമുറ കായികരംഗത്ത് വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. കായിക വിദ്യാഭ്യാസം സ്കൂൾ പഠനപദ്ധതിയുടെ ഭാഗമാണെങ്കിലും വിദ്യാർത്ഥികളുടെ പരിശീലനം കാര്യക്ഷമമായി നടക്കാതതാണ് ഇതിനു കാരണം.

## പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത വാർഡുകൾ പഞ്ചായത്തിലുണ്ട്.
2. ഗ്രന്ഥശാലകളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമല്ല
3. പുസ്തക വായനയിൽ സ്ത്രീകൾ പിറകോട്ടാണ്.
4. എൽ.പി.സ്കൂളുകളിൽ ഗ്രന്ഥശാലകളില്ല, യു.പി.സ്കൂളുകളിൽ പേരിനുണ്ടെങ്കിലും പ്രയോജനപ്പെടുന്നില്ല.
5. ടെലിവിഷന്റെ കടന്നുകയറ്റം വായന തടസ്സപ്പെടുത്തുന്നു.
6. പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം ഇല്ല
7. സങ്കുചിത വീക്ഷണം പല പ്രവർത്തനങ്ങൾക്കും വിഘാതമാകുന്നു.

## സാധ്യതകൾ

1. ഗ്രന്ഥശാലകളില്ലാത്ത 5,6,7 വാർഡുകളിൽ ഗ്രന്ഥശാലകൾ പണിയുക
2. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ സ്ഥാപികുക
3. കൂടുതൽ പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സാമ്പത്തിക സഹായവും നല്കി ഗ്രന്ഥശാലാ പ്രവർത്തനം മെച്ചപ്പെടുത്തുക.
4. കലാസാഹിത്യപരിശീലന കളരികൾ സ്ഥാപിച്ച് താല്പര്യമുള്ള വ്യക്തികളെ പ്രോത്സാഹിപ്പിക്കുക.
5. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക
6. സ്കൂൾ ലൈബ്രറികൾ കുട്ടികൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ സാഹചരിയമുണ്ടാക്കുക
7. നാടൻപാട്ടുകളും കലകളും സംരക്ഷിക്കാനുള്ള സംവിധാനമൊരുക്കുക.
8. പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.
9. സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്ത് കായിക സ്ഥാപനങ്ങളെ സജീവമാക്കുക.
10. പഞ്ചായത്ത് കളിസ്ഥലം പണിതീർക്കുകയും അതിനോടനുബന്ധിച്ച് കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് ഒരു പൊതുസ്റ്റേജ് നിർമ്മിക്കുകയും ചെയ്യുക.

# 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നിലവിലുള്ള പട്ടികജാതിക്കാരുടെ ചരിത്രം വ്യത്യസ്ഥ സ്വഭാവമുള്ളതാണ്. പുലയൻ, കരിമ്പാലൻ, വേട്ടുവൻ, മലയൻ, വണ്ണാൻ, മാവിലൻ എന്നി സമുദായങ്ങളിൽപെട്ടവരാണ് ചപ്പാരപ്പടവ് പഞ്ചായത്തിലെ പട്ടികജാതിക്കാർ. മീൻപറി, ചൂണ്ടക്കുന്ന് കോളനികളിൽ കരിമ്പാല സമുദായക്കാരും തലവിൽ കുണ്ട്യം തുടങ്ങിയ പ്രദേശങ്ങളിൽ വേട്ടുവ സമുദായക്കാരും തടിക്കടവ്, മണക്കൽ, തലവ് തുടങ്ങിയ സ്ഥലങ്ങളിൽ മലയൻ, വണ്ണാൻ വിഭാഗക്കാരും താമസിക്കുന്നു. പഞ്ചായത്തിലെ മറ്റു കോളനികളിലും ചിതറിക്കിടക്കുന്ന കുടുംബങ്ങളിലും പുലയ സമുദായത്തിൽപെടുന്നവരാണ് താമസച്ചു വരുന്നത്.

## ചാണോക്കുണ്ട് - വായാട്ടുപറമ്പ് കോളനി

മുയ്യം, തളിപ്പറമ്പ്, കുപ്പം, പരിയാരം ഏഴോം, പഴയങ്ങാടി, ചെറുകുന്ന് തുടങ്ങിയ പ്രദേശങ്ങളിൽനിന്നും ഒരു നൂറ്റാണ്ടിനുമുമ്പ് പഞ്ചായത്തിൽ കുടിയേറിപ്പാർത്ത പട്ടികജാതിക്കാരുടെ പിൻമുറക്കാരാണ് ഈ രണ്ടുകോളനികളിലും ഉള്ളവർ. താമസിച്ചിരുന്ന പ്രദേശത്ത് ഭൂമിയില്ലാത്ത അവസ്ഥ, അടിമപ്പണി, സ്വന്തം കുടുംബങ്ങളിലെ അനാചാരങ്ങൾ, അസ്വാതന്ത്ര്യം എന്നിവയെല്ലാം ഈ കൂട്ടരെ കുടിയേറ്റത്തിന് പ്രേരിപ്പിച്ചു; ഇവരെ മനുഷ്യരായി പരിഗണിക്കാൻപോലും സവർണ്ണർ പണ്ട് കൂട്ടാക്കിയിരുന്നില്ല.

മേൽ പ്രദേശങ്ങളിലേ ജന്മിമാരുടെ അടിയാന്മാരും കുടിയാന്മാരുമായ ഇവർ വർഷങ്ങളായി പൂർവികന്മാർ അനുഭവിച്ചുകൊണ്ടിരുന്ന കഷ്ടപ്പാടുകൾ കണ്ടും, സ്വന്തം അനുഭവങ്ങൾ കണക്കിലെടുത്തും സവർണ്ണമേധാവിത്തത്തിന്റെ ഉച്ചനീചവിവേചന സ്വഭാവത്തിൽനിന്ന് രക്ഷനേടാനായി ക്രിസ്തുമതം സ്വീകരിച്ചു. പരിയാരം, പാപ്പിനിശ്ശേരി തുടങ്ങിയ കേന്ദ്രങ്ങളിൽ വെച്ചാണ് മതമാറ്റകർമ്മം നിർവഹിച്ചിരുന്നത്.

മതം മാറിയ ഇവർക്ക് വീട്ടിൽ തിരിച്ചുകയറാൻ പറ്റാത്ത അവസ്ഥയും ഉണ്ടായിരുന്നു. വസ്ത്രംധരിക്കാൻ, മിശവെച്ചുനടക്കാൻ, തലയിൽകെട്ടി നടക്കാൻ, മറ്റുള്ളവരോടൊപ്പമിരുന്ന് ആഹാരം കഴിക്കാൻ ചെറുപ്പക്കാർ കണ്ടുപിടിച്ച മാർഗ്ഗമാണ് മത പരിവർത്തനം. വാഴനട്ടപറമ്പ്(വായാട്ടുപറമ്പ്)പള്ളിക്ക് ചുറ്റുമാണ് ഇവർ ആദ്യം താമസിച്ചത്. ഫാ:ഡിസൂസ ആയിരുന്നു അന്നത്തെ പള്ളി വികാരി. പള്ളി വികാരിയുടെ ചില തെറ്റായ നടപടികളിൾ പ്രതിഷേധിച്ച് ചില കുടുംബങ്ങൾ പള്ളിയുമായുള്ള സർവബന്ധങ്ങളും വേർപ്പെടുത്തി കമ്പനി സ്വാമി എന്നറിയപ്പെടുന്ന കുമാരവിലാസം മഠത്തിൽ നീലകണഠയ്യരുടെ 1500 ഏക്കർ വനത്തിലെ കുടിയാന്മാരായി. തുടർന്ന് ഇവർ സ്വാമിക്ക് പണിയെടുക്കുന്നതിന് വനത്തിൽ കുടിലുകൾകെട്ടി താമസമുറപ്പിച്ചു.

വന്യജീവികളുടെ വിഹാരകേന്ദ്രമായ വനത്തിൽ ഇവരും താമസക്കാരായി മാറി. വനങ്ങൾ വെട്ടിത്തെളിച്ച് പുനംകൃഷി നടത്തിയും കാലിവളർത്തിയും മൃഗങ്ങളെ വേട്ടയാടിയും ഇവർ കാലം കഴിച്ചു. ജന്മിയുടെ കാര്യസ്ഥന്മാർ വിളവെടുപ്പ് കാലത്ത് വാരവും പിരിച്ചിരുന്നു. ഓരോ വർഷവും ഓരോ സ്ഥലത്ത് കൃഷി ചെയ്യുകയും കൃഷി സ്ഥലം മാറുമ്പോൾ ആ സ്ഥലത്തേക്ക് താമസം മാറ്റുക പതിവായിരുന്നു. ജന്മിയുടെ വരവ് കുതിരപ്പുറത്തായിരുന്നു. ഇവർക്ക് ഒരു സ്ഥലത്തുതന്നെ സ്ഥിരതാമസം അനുവദിച്ചിരുന്നില്ല. കുടിലിന് ചുറ്റും സ്ഥായിയായ ദേഹണ്ഡങ്ങൾ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്താൽ അവ നശിപ്പിക്കപ്പെടും. ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റിപ്പാർപ്പിക്കൽ പല തവണ ആവർത്തിക്കപ്പെട്ടപ്പോൾ ഇവർ ധൈര്യം സംഭരിച്ച് ഒരു സ്ഥലത്ത് കേന്ദ്രീകരിച്ച് താമസിക്കാൻ തുടങ്ങി. താമസിക്കുന്ന ഭൂമിയിൽ ദേഹാണ്ഡങ്ങൾ വെച്ചുപിടിപ്പിക്കാനും ദേഹണ്ഡങ്ങൾ നശിപ്പിച്ചപ്പോഴെല്ലാം ശക്തമായി

പ്രതിഷേധിച്ചതുകൊണ്ട് വാരം വാരം, പാട്ടം, പത്തിനുരണ്ട്, വെച്ചുകാണൽ തുടങ്ങിയ ജന്മി പ്രതിഫലങ്ങൾ ഏർപ്പെടുത്തി. വന്യമൃഗങ്ങളെ വേട്ടയാടിയിയാൽ അതിന്റെ പങ്ക് ജന്മിക്കെന്ന വ്യാജേന കാര്യസ്ഥൻ വാങ്ങിക്കൊണ്ടുപോയിരുന്നു. ചാണോക്കുണ്ട് കേന്ദ്രമാക്കി ആയിരക്കണക്കിന് കാലികളെ ജന്മിവളർത്തിയിരുന്നു. ഇവയ്ക്കെല്ലാം നോട്ടക്കാരും ഉണ്ടായിരുന്നു. ഇന്നത്തെ സ്ഥിതിയിലുള്ള കാലിവളർത്തൽ കേന്ദ്രമല്ല അന്നത്തേത്. ചാണകം ആവശ്യമില്ലാത്തതിനാൽ ചാണകം കുന്നുകൂടി സ്ഥലം "ചാണകക്കുണ്ടാ"യി മാറി. ചാണോക്കുണ്ടിന് തൊട്ടു മേൽഭാഗം മയിൽ വിഹാരപ്രദേശമായിരുന്നു. കൂട്ടംകൂട്ടമായി മയിൽ നൃത്തമാടുന്ന പ്രദേശമായതിനാൽ "മയിലാട്ടി"എന്ന സ്ഥലപ്പേറുണ്ടായി, ജന്മിയുടെ വനപാലക ദൈവങ്ങളെ കെട്ടിയാടിക്കുന്നത് എല്ലാ മലയാള വർഷവും ധനു 15നാണ്. മാണിക്യഭഗവതി മുഖ്യദൈവമാണ്. തെയ്യം തുടങ്ങുന്നതിന് നാളുകൾക്കുമുമ്പ് സ്ഥലം വൃത്തിയാക്കി താല്കാലികപന്തൽ ഒരുക്കും. ജന്മി കുടുംബത്തിന് പ്രത്യേകം പന്തൽ ഉണ്ട്. തെയ്യ ദിവസം ജന്മികുടുംബത്തിലെ അംഗങ്ങൾവന്ന് പന്തലിൽ ഉപവിഷ്ടരാകും. തെയ്യംകെട്ടുന്ന ആൾ ജന്മിമാരുടെ പാദങ്ങൾതൊട്ട് നമസ്കരിക്കും. തുടർന്ന് കോലംകെട്ടി പൂർത്തിയായാൽ ജന്മിമാർ തെയ്യം കെട്ടിയ ആളുടെ കാലിൽതൊട്ട് വന്ദിക്കുന്നു. അന്നേദിവസം പ്രദേശത്താകെ ഉത്സവമാണ്. അടുത്തകാലംവരെ ഈ പരിപാടി ഉണ്ടായിരുന്നു.

മലമ്പ്രദേശത്ത് നാലഞ്ച് മറ്റ് കുടുംബങ്ങളും ഉണ്ടായിരുന്നു. ആ കുടുംബങ്ങളിലും പട്ടികജാതിക്കാർ പണിക്കുപോകാൻ തുടങ്ങി. മതപരിവർത്തനം ചെയ്തവർക്ക് തിണ്ണയിലും അല്ലാത്തവർക്ക് മുറ്റത്തിന് പുറത്ത് വാഴപ്പോളതടയിട്ട് ഇലയിലും പാളയിലും ആണ് ഭക്ഷണം കൊടുത്തിരുന്നത്.

വർഷങ്ങൾക്ക് ശേഷം തിരുവിതാംകൂറിൽനിന്ന് കുടിയേറ്റക്കാരായി വരാൻ തുടങ്ങി. ഒപ്പം സ്കൂളുകളും മറ്റു സൗകര്യങ്ങളും ഉണ്ടായി.

1957ന് ശേഷമാണ് ജന്മിമാർക്കും അവരുടെ കാര്യസ്ഥന്മാർക്കം കർക്കശമായ ഇവരോട് പെരുമാറാൻ ധൈര്യം കുറഞ്ഞത്. കൈവശഭൂമി വിട്ടുകൊടുക്കില്ലെന്നും തങ്ങൾ താമസിക്കുന്ന ഭൂമി തങ്ങളുടേതാണെന്നും പറയാൻ ഇവർ മടിച്ചില്ല. 1970കളിൽ ഭൂമിയില്ലാത്ത പട്ടികജാതിക്കാരെ ഉൾപ്പെടുത്തി കർഷകസംഘത്തിന്റെ ആഭിമുഖ്യത്തിൽ ജന്മിയുടെ ഭൂമി ബലമായി കാടുകൊത്തി കൃഷിയിറക്കി.

വന്യജീവികളോട് മല്ലടിച്ച് കാട്ടരുവികളുടെ മർമ്മരം അറിഞ്ഞ് ജീവിച്ച ഈ കൂട്ടരുടെ ജീവിതത്തിൽ കാലത്തിന്റെ മാറ്റം ഇത്തരത്തിൽ വ്യതിയാനം വരുത്തുമെന്ന് ഇവർ സ്വപ്നത്തിൽപോലും വിചാരിച്ചിരിക്കില്ല. തീണ്ടലും തൊടീലും മറ്റുപല ആചാരങ്ങളും വിദ്യാഭ്യാസ നിഷേധവും പീഢനാനുഭവങ്ങളും പട്ടികജാതിക്കാരുടെ ഇപ്പോഴത്തെ തലമുറയ്ക്ക് കഥകൾ മാത്രം. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ നേതൃത്വനിരയിലേക്ക് ഉയർന്നുവരാൻ പറ്റിയ രീതിയിൽ യുവതലമുറ വളർന്നിരിക്കുന്നു. അതിലഭിമാനിക്കാൻ വകയുണ്ട്. മുൻകാലഅനുഭവങ്ങളുടെ ചെപ്പ് തുറക്കുന്ന കാരണവന്മാരുടെ വാക്കുകൾ കഥകളും കെട്ടു കഥകളുമായി മാറുന്നു.

കലാകായികരംഗങ്ങളിലും മികവുള്ളവർ ഇവർക്കിടയിൽ ഉണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിമപ്പെട്ടവരും അതിൽനിന്ന് മുക്തി നേടിയവരും ഇവരുടെ ഇടയിൽഉണ്ട്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ ഇനിയും കടമ്പകൾ പലതും പിന്നിടണം.

## മീൻപറ്റി ചുണ്ടക്കുന്ന് കോളനി

ചപ്പാരപ്പടവ് പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയോട് ചേർന്ന് കിടക്കുന്ന കോളനിയാണ് മീൻപറ്റി. ഇതിനോട് സാദൃശ്യമുള്ള കോളനിയാണ് ചുണ്ടക്കുന്ന് കോളനി. കരിമ്പാല വിഭാഗക്കാരാണ് ഈ കോളനികളിലെ താമസക്കാരിലധിക പങ്കും. കൊട്ടയാട്, ചുണ്ടക്കുന്ന് എന്നിവിടങ്ങളിൽ പണ്ടുമുതൽക്ക് തന്നെ ഇവർ താമസിച്ചിരുന്നു. നായാട്ടും, മത്സ്യം പിടുത്തവും ഇവരുടെ ആദ്യകാല ആഹാരസമ്പാദന മാർഗ്ഗങ്ങളായിരുന്നു. അമ്പും വില്ലും പ്രധാന ആയുധങ്ങളും. ഇവ പ്രയോഗിക്കാനുള്ള കഴിവ് മികവുറ്റതാണ്. കൃഷിപ്പണിയിലും ക്രമേണ ഇവർ വ്യാപൃതരായി. കുടിയേറ്റക്കാരിൽനിന്നും മാറിമാറി പിന്നെ മാറാനിടമില്ലാതെ കുന്നിൻമുകളിൽ താമസമാക്കി. ഇവരുടെ ആചാരാനുഷ്ഠാനങ്ങളും കുലദൈവങ്ങളും വളരെ പ്രത്യേകതയുള്ളതാണ്. കായ്കനികളും കാട്ടുകിഴങ്ങുകളും മുൻകാലങ്ങളിൽ പ്രധാന ആഹാരങ്ങളായിരുന്നു. കൂട്ടംകൂട്ടമായ ഭക്ഷണ സമ്പാദനത്തിന് വനത്തിൽകൂടി സഞ്ചരിച്ചിരുന്ന ഇവർ കാട്ടരുവികളിൽ നിന്നും പുഴകളിൽനിന്നും മത്സ്യവും പിടിച്ചിരുന്നു. വർഷകാലങ്ങളിൽ മത്സ്യം പുഴയിൽനിന്നും കാട്ടരുവികളിലേക്ക് കയറുകയും വേനൽകാലത്ത് പൊടുന്നനേയുള്ള നീരൊഴുക്ക് നിൽക്കലിൽ മത്സ്യങ്ങൾ അരുവികളിൽ കുടുങ്ങിക്കിടക്കുകയും ചെയ്യുമ്പോൾ വാരിയെടുക്കാൻ പരുവത്തിൽ മത്സ്യം ഉണ്ടായിരുന്നു. ഈ സ്ഥലം മീൻപറ്റി എന്നറിയപ്പെടുന്നു.

അദ്ധ്വാനശീലരും ആരോഗദൃഢഗാത്രരുമായിരുന്ന

ഇവർ താമസിച്ചിരുന്നിടത്ത് പുത്തരിച്ചുണ്ട എന്ന ഔഷധസസ്യം സമൃദ്ധമായി വളർന്നു നിന്നതിനാലാണ് അവിടം ചുണ്ടക്കുന്നായി മാറിയതെന്ന് കേട്ടറിവുണ്ട്.

## തലവിൽ കോളനി

തലവ്, പ്രാപ്പൊയിൽ തുടങ്ങിയ പ്രദേശങ്ങളിൽ ഇവർ കൂട്ടമായി താമസിച്ചിരുന്നെന്ന് പറയുന്നു. കുറ്റൂർ വേങ്ങയിൽ നായനാരുടെ അടിമകളും കാവൽക്കാരുമായിരുന്നു ഇവർ. ആദ്യകാലങ്ങളിൽ മരത്തിൻെറ "തോലാ'ണ്ഉടുത്തിരുന്നത്. (ഇരുൾ മരത്തിൻെറ ഇല) മൂപ്പൻ ഉടുത്തിരുന്നത് പൂവത്തിൻെ തോലായിരുന്നുവത്രെ. നഞ്ചും നായാട്ടുമായിരുന്നു പ്രധാന വിനോദവും ആഹാരസമ്പാദന മാർഗ്ഗവും. ഇവർ കൃഷിയിറക്കിയ സ്ഥലത്തെ "ചേരിക്കല്ല്"എന്നു പറഞ്ഞിരുന്നു. പുന്നമരത്തിലയും ഓടപ്പായുംകൊണ്ടുള്ള കുടിലുകളിൽ താമസിച്ചിരുന്നു. പ്രസവിക്കുന്നതിന് "കുണ്ടടുങ്ങുക" എന്നിവർ പറഞ്ഞിരുന്നു.

കുറ്റൂർ വേങ്ങയിൽ തറവാട്ടിലെ രാഘവൻ നായനാർ തലവിൽ താമസിച്ച് ഇവരെ വസ്ത്രം ഉടുവിക്കാൻ പ്രേരിപ്പിച്ചതായും അതിൻെറ ഫലമായി ഇവരുടെ ദൈവം കോപിച്ച് നാശം വിതച്ചതായും കഥകളുണ്ട്. കുറുവംപൊയിൽ, ഇരട്ടയാട് എന്നിവിടങ്ങളിലാണ് ഇവർ വസിച്ചിരുന്നത്. കുമ്പമ്പാലകിരാൻ നൂറു അടിമകളുടെ മൂപ്പനായിരുന്നെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. മൂപ്പൻ നിശ്ചയിക്കുന്ന രീതിയിലേ ഇവർക്ക് പ്രവർത്തിക്കാനാവൂ. ഇന്ന് അതെല്ലാം മാറി. പുതുതലമുറ വന്നപ്പോൾ കഴിഞ്ഞതെല്ലാം വിശ്വസിക്കാൻ ആവാത്ത ചരിത്രമായി മാറി. ഏറെക്കുറെ അവഗണനയുടേയും പീഡനത്തിൻെറയും ചരിത്രമാണ് മറ്റു പട്ടികജാതി വിഭാഗക്കാർക്കും ഉള്ളത്.

### പട്ടികജാതിവർഗ്ഗങ്ങളുടെ ഇന്നത്തെ സ്ഥിതി:-

പ്രശ്നങ്ങളും സാധ്യതകളും: പഞ്ചായത്തിൽഇന്ന് 1282 പട്ടികജാതിക്കാരുണ്ട്. ഒമ്പത് കോളനികളിലും, നാല് ലക്ഷംവീടുകോളനികളിലും, കോളനിക്കുപുറത്ത് ഒററപ്പെട്ട വീടുകളിലുമാണ് പട്ടികജാതിക്കാർ താമസിക്കുന്നത്. വൈവിധ്യമാർന്ന ഭൂപ്രദേശമാണ് ഈ പഞ്ചായത്തിൻെറ പ്രത്യേകത. രയരോം-കുപ്പംപുഴ, കരുവഞ്ചാൽ-തടിക്കടവ്പുഴ, തിരിക്കൽ-ചാണോകുണ്ട്പുഴ, ഇങ്ങനെ പുഴകളാൽ തലങ്ങും വിലങ്ങും വേർതിരിച്ചതിനാൽ മഴക്കാലമായാൽ കോളനികൾ തമ്മിൽ ബന്ധപ്പെടുക അസാധ്യമാണ്. കാർഷിക മേഖലയെ ആശ്രയിച്ചാണ് കോളനിനിവാസികൾ എല്ലാവരും കഴിഞ്ഞുകൂടുന്നത്. തെങ്ങ്, കവുങ്ങ്, റബ്ബർ, കശുമാവ് എന്നിവയാണ് പ്രധാന കൃഷികൾ. പൊതുവിൽ യുവതീയുവാക്കൾ വിദ്യാസമ്പന്നരാണെങ്കിലും തൊഴിലില്ലായ്മ ഒരു തീരാശാപമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിലില്ല. വൈദ്യുതിയും കുടിവെള്ളവുമാണ് കോളനികളിലെ പ്രധാന പ്രശ്നം, കോളനികളിലെ വീടുകൾക്ക് വേണ്ട സമയം അറ്റകുറ്റപ്പണി നടത്തണം. കക്കൂസ് ഇല്ലാത്തത് കാരണം സാംക്രമിക രോഗങ്ങൾ സാർവത്രികമാണ്.

എസ്.എസ്.എൽ.സി. മുതൽ പി.ജി.വരെ വിദ്യാഭ്യാസയോഗ്യതുള്ള പട്ടികജാതിക്കാർ കൂലിപ്പണിയാണ് സ്വീകരിച്ചിരുന്നത്. പട്ടികവർഗ്ഗ സഹകരണ സ്ഥാപനങ്ങൾ, അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും വിപണനത്തിനുള്ള അസൗകര്യവുംകൊണ്ട് ഏതാണ്ട് സ്തംഭിച്ച നിലയിലാണ്. പട്ടികജാതി കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. വായാട്ടുപറമ്പ, അതിരുകുന്ന് കോളനികൾക്ക് മാത്രമാണ് പൊതുശ്മശാനമുള്ളത്. ശ്മശാന സൗകര്യം എല്ലാ കോളനികൾക്കും ലഭ്യമാക്കണം. ശ്മശാനങ്ങൾ സംരക്ഷിക്കപ്പെടുകയും അങ്ങോട്ടുള്ള നടപ്പുവഴികൾ യാത്രാാഗ്യമാക്കുകയും വേണം. ലക്ഷം വീട് കോളനിയായ ശാന്തിഗിരി, പെരുവണ എന്നിവിടങ്ങളിലെ ശോച്യാവസ്ഥ പരിഹരിക്കണം. ഇരുവീടുകൾ ഒറ്റ വീടാക്കണം, താമസക്കാർക്ക് പട്ടയം കൊടുക്കണം.

കലാകായികരംഗത്ത് മികവുള്ളവർ പട്ടികജാതി വിഭാഗത്തിലുണ്ട്, അവരെ പ്രോത്സാഹിപ്പിക്കണം.

സാദ്ധ്യതകൾ:-

| വാർഡ് | കോളനി | കുടുംബം | ആളുകളുടെ എണ്ണം | വീടുകൾ ആവശ്യമുളളവർ | കക്കൂസ് വേണ്ടവർ | |
|---|---|---|---|---|---|---|
| 1 | ആറാംവയൽ വെള്ളരിക്കുണ്ട് (അംഗീകൃതമല്ല) | 12 | 67 | 6 | 12 | ആറാംവയലിൽ അംഗനവാടി, കുടിവെള്ളക്ഷാമം പരിഹരിക്കുക, ആറാംവയൽ, വെള്ളരിക്കുണ്ട് അടിസ്ഥാനപ്പെടുത്തി കോളനിയായി അംഗീകരിക്കണം. |

| | | | | | | |
|---|---|---|---|---|---|---|
| 2 | ആലത്തട്ട് കോളനി | 30 | 180 | - | - | വൈദ്യുതി ലഭിക്കാത്ത കോളനികൾക്ക് വൈദ്യുതി ലഭ്യമാക്കുക, കോളനികളിലെ തെരുവുവിളക്കുകൾ കത്താൻ ഏർപ്പാട് ചെയ്യുക, ആലത്തട്ടിൽ അംഗൻവാടി. കൊടുക്കാനം തോട്ടിൻകുളംവഴി ശുദ്ധജലം പമ്പ് ചെയ്യുക |
| 3 | ഇല്ല. | 14 | 75 | 4 | - | ഇടക്കോം കുരിശുവേലക്ക് സമീപം താമസിക്കുന്നവർക്ക് കോളനി അംഗീകാരം വേണം, പൊതുകിണർ, അംഗനവാടി പായനെയ്ത്തുവ്യവസായം പ്രോത്സാഹിപ്പിക്കുക. |
| 4 | ഇല്ല | 22 | 48 | - | - | ലക്ഷംവീടുകോളനിയിലെ ഇരുവീടുകൾ ഒറ്റയാക്കുക, കക്കൂസ് സൗകര്യം വർദ്ധിപ്പിക്കുക, നിലവിലുള്ള കിണർ നന്നാക്കുക. |
| 5 | ഇല്ല | 2 | - | - | - | പട്ടികജാതിയിൽനിന്ന് മതപരിവർത്തനം ചെയ്ത 30 കുടുംബങ്ങൾഉണ്ട്. ഇവരുടെ ജീവിതനിലവാരം ഉയർത്താൻവേണ്ട നടപടികൾ എടുക്കുക. |
| 6 | ചാണോകുണ്ട് കോളനി | 30 | 130 | 6 | 10 | 15 വീടുകൾക്ക് വൈദ്യുതി ലഭിക്കണം, കേടായ വീടുകൾനന്നാക്കണം, അയ്യപ്പസേവാസംഘത്തിന്റെ സമീപം വായാട്ടുപറമ്പ കവലയിൽ കുളം കുഴിച്ച് വെള്ളം പമ്പുചെയ്യുക. |
| | വായാട്ടുപറമ്പ് കോളനി | 38 | 148 | 8 | 11 | 15 വീടുകൾക്ക് വൈദ്യതി ലഭിക്കണം, തഴപ്പായ നെയ്ത്ത് സഹകരണസംഘം പ്രവർത്തനം കാര്യക്ഷമമാക്കുക, വായാട്ടുപറമ്പ് കവലക്ക് സമീപം കമ്മ്യൂനിറ്റി ഹാൾ, ടി.വി.സെറ്റ്, പൊതുകിണർ, കോളനി റോഡ് ടാർ ചെയ്യുക. |
| | മീൻപറ്റികോളനി വായാട്ട്പറമ്പ് | 10 | 58 | 1 | 8 | വൈദ്യതിലഭിക്കാത്തവർക്ക് ലഭിക്കണം, പൊതുകിണർ വേണം, കോളനിറോഡ് ടാർചെയ്യണം. |
| 7 | ഇല്ല | 14 | 39 | 6 | 11 | വൈദ്യുതിവേണം, കോളനിയായി അംഗീകരിക്കണം |
| 8 | ഇല്ല | 3 | 14 | 3 | 3 | വിളയാർകൊട് കോളനിക്ക് അടുത്ത് സ്ഥിതിചെയ്യുന്നതിനാൽ വൈദ്യുതിലബ്ദി എളുപ്പമാണ്. |
| 9 | തലവിൽകോളനി | 16 | 63 | | | |
| | വിളയാർകോഡ് കോളനി | 21 | 91 | 24<br>- | | കോളനിറോഡ് മെറ്റൽ ചെയ്യണം, അംഗൻവാടി വേണം, വായനശാല ആവശ്യമാണ്, കുഴൽകിണർ നന്നാക്കണം. കമ്മ്യൂനിറ്റി ഹാൾവേണം, കോളനിറോഡ് ടാർചെയ്യണം, അതിരുകുന്ന്, ചാണോകുണ്ട് കോളിനികൾ ബന്ധിപ്പിച്ച് നടപ്പാലം വേണം, അംഗൻവാടി വേണം, വൈദ്യുതി പ്രശ്നം പരിഹരിക്കണം. |
| | അതിരുകുന്ന് കോളനി | 21 | 103 | - | - | |
| 10 | ചുണ്ടക്കുന്ന് | 21 | 135 | - | - | കക്കൂസ് സൗകര്യംവേണം, വീടുകളുടെ അറ്റകുറ്റപ്പണി, തൊഴിൽ പരിശീലനം അംഗൻവാടി വേണം |
| | പുറത്തൊടി | | | 24 | | |
| | മംഗര | 17 | 68 | | | |
| | കോളനിയിൽ പെടാത്തത് | 19 | 69 | - | - | |
| 11 | കളനികളില്ല | 11 | 44 | 7 | 8 | വൈദ്യതിയില്ല |
| | ആകെ | 182 | | | | |

# 12. വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ നാം തന്നെ ആസൂത്രണം ചെയ്യുകയും നടപ്പിൽ വരുത്താൻ പോവുകയും ചെയ്യുന്ന സാഹചര്യത്തിൽ പഞ്ചായത്തിന് ശക്തമായ ഒരു സാമ്പത്തിക അടിത്തറ ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതിന് ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുകയും അത് ശാസ്ത്രിയമായി ഉപയോഗിക്കുകയും ചെയ്യുമ്പോഴാണ് വികസനമെന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നത്. നിലവിലുളള വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുതാൻ ശ്രമിക്കുന്നതോടൊപ്പം പുതിയ വരുമാന മാർഗ്ഗങ്ങൾകൂടി കണ്ടെക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മനുഷ്യവിഭവം വേണ്ടരീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ ഒരു പുതിയ വികസന സംസ്കാരം തന്നെ രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം വിവിധയിനത്തിലുളള നികുതികളാണ്. നികുതിയിനത്തിൽകിട്ടുന്ന വരുമാനം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കുറവാണ്. വരുമാനത്തിന്റെ ഏറിയ പങ്കും ചെലവഴിക്കപ്പെടുന്നത് മരാമത്ത് പണികൾക്കാണ്. പഞ്ചായത്തിന്റെ തനതുവരുമാനം ഭരണചെലവിനുപോലും അപര്യാപ്തമാണ്.

പഞ്ചായത്തിന്റെ വരവ് ചെലവുകണക്കുകൾ താഴെ കൊടുക്കുന്നു.

**പഞ്ചായത്തിന്റെ വരുമാനം**

**1995–96ലെ വരവ് വകതിരിച്ച്**

| | | | |
|---|---|---|---|
| 1. | കെട്ടിട നികുതി | 1,07653.00 | 89.50(എഴുതി തളളിയത് |
| 2. | തൊഴിൽനികുതി | 1,21,610.00 | 900.00മറ്റു പഞ്ചായത്തിൽ അടച്ചത് |
| 3 | വിനോദ നികുതി | 10230.41 | - |
| 4. | അഡി.വിനോദ നി | 6, 163.59 | - |
| 5 | പ്രദർശന നികുതി | 1,249.00 | - |
| 6 | പ്രദർശനനികുതി യിന്മേലുളള സർചാർജ്ജ് | 339.50 | - |
| 7 | ലൈസൻസ് ഫീസ് | 9,446.00 | |
| 8. | വസ്തുകൈ മാറ്റനികുതി75% | 2,12,918.00 | |
| 9 | വസ്തുകൈ മാറ്റനികുതി75% | 1,00,000.00 | |
| 10 | സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെ യുളള മറ്റ് വരവ് കൾ | 10,73445.45 | |
| 11 | ഡിപ്പോസിറ്റ് | 24,535.50 | |
| 12 | മറ്റുളളവ | 57,167.25 | |
| | ആകെ | 18.05,851.70 | 989.50 |

**പഞ്ചായത്തിന്റെ ചെലവ്**

**1995–96ലെ ചെലവ് വകതിരിച്ച്**

| | | |
|---|---|---|
| 1 | ഭരണം | 4,11,318.50 |
| 2. | പൊതുമരാമത്ത് | 5,47,621.00 |
| 3. | വിദ്യാഭ്യാസം | 37,733.20 |
| 4. | ജലവിതരണം | |
| | മാടകൾ | |
| | പൊതുജനാരോഗ്യം | 4,86,939.00 |
| | തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് | 15,810.00 |
| | മറ്റുളളവ | 1,19,101.75 |
| | ആകെ | 16,17,923.45 |

**പഞ്ചായത്തിന്റെ തനതുവരുമാനം:**

കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, അഡീ:വിനോദനികുതി, പ്രദർശന നികുതി, പ്രദർശന നികുതിയിന്മേലുളള സർചാർജ്ജ്, ലൈസൻസ് ഫീസ്, വസ്തുകൈമാറ്റനികുതി–75%എന്നിവയാണ്.

പഞ്ചായത്തിന്റെ വരവ്ചെലവ് കാണിക്കുന്ന രേഖാ ചിത്രം ചുവടെ ചേർക്കുന്നു.

## പഞ്ചായത്തിൻ്റെ വരുമാനം
### പഞ്ചായത്തിൻ്റെ വരവ് ചെലവ് കണക്ക്

| സാമ്പത്തിക വർഷം | വരവിനം | ചെലവിനം |
|---|---|---|
| 1991–92 | 8,81,935.96 ക | 7,91,525 ക |
| 1992–93 | 10,64,823.03 ക | 10,06,124.75 ക |
| 1993–94 | 10,44,576.91 ക | 12,39,494.90 ക |
| 1994–95 | 16,72,601.77 ക | 14,13,169.55 ക |
| 1995–96 | 18,05,651.70 ക | 16,17,923.45 ക |




## പഞ്ചായത്തിൻ്റെ വരുമാനം
### പഞ്ചായത്തിൻ്റെ വരവ് ചെലവ് കണക്ക്

| സാമ്പത്തിക വർഷം | വരവിനം വർദ്ധനവ് | ചെലവിനം വർദ്ധനവ് |
|---|---|---|
| 1991–92നെ അപേക്ഷിച്ച് 1992–93ൽ കൂടുതൽ | 1,82,887.07രൂ(20.74%) | 2,14,59.80(27.11%) |
| 1993–94 | –20,246.12(–19%) | 2,33,370.15(23.19%) |
| 1994–95 | 6,28,024.86(60.12%) | 1,73,674.65(14.01%) |
| 1995–96 | 1,33,249.93(7.97%) | 2,04,753.90(14.49%) |



പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ:-
നോർത്ത് മലബാർ ഗ്രാമീൺബാങ്ക്, ചപ്പാരപ്പടവ്
കൂവേരി സർവീസ് സഹകരണ ബാങ്ക്, കൂവേരി
" " ബ്രാഞ്ച്, ചപ്പാരപ്പടവ്
തിടിക്കടവ് സർവീസ് സഹകരണ ബാങ്ക്, എരുവാട്ടി
" ബ്രാഞ്ച്, തടിക്കടവ്

## വിഭവസമാഹരണം

### 1. നികുതി

ശാസ്ത്രീയമായി നികുതി ചുമത്തുന്നതിനും അതിനുവേണ്ടി നിലവിലുള്ള മാനദണ്ഡം കൃത്യമായി നടപ്പിലാക്കാനും പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതുണ്ട്. ലൈസൻസ് ഫീസ്, വിനോദനികുതി എന്നിവയുടെ വരവ് കുറ്റമറ്റതാക്കുകയും കാലാകാലങ്ങളിൽ നികുതി പുതിക്കി നിശ്ചയിക്കുകയും വേണം.

### 2. വിദേശ ജോലിക്കാർ

പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലുമായി ഏകദേശം 600പേർ വിദേശത്ത് ജോലിചെയ്യുന്നുണ്ട്. ഇവരുടെ വരുമാനത്തിൻെറ നല്ലൊരുഭാഗം ചെലവഴിക്കപ്പെടുന്നത് വീടുനിർമ്മാണതിനും ആഡംബരവസ്തുക്കൾ വാങ്ങിക്കുന്നതിനുമാണ്. ആ പ്രവണത മാറ്റി ഉല്പാദനപരമായ കാര്യങ്ങൾക്ക് മുതൽമുടക്കാൻ അവരെ ബോധവല്കരിക്കേണ്ടതാണ്. അതുപോലെതന്നെ ഇവരുടെ സമ്പാദ്യം പഞ്ചായത്തിലെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വിദേശത്ത് ജോലിചെയ്യുന്നവരുടെ വ്യക്തമായ കണക്കും വിവരങ്ങളും ശേഖരിക്കാൻ പഞ്ചായത്ത് ഒരു സംവിധാനം ഏറപ്പെടുത്തണം. അതുവഴി ചെറുകിട വ്യസായ മേഖലകളിൽ നൂതനസംരംഭ ങ്ങളിൽ മുതൽ മുടക്കാൻ അവരിൽ പ്രേരണ ചെലുത്തുവാൻ സാധിക്കും. വിദേശത്ത് ജോലിചെയ്യുന്നവരുടെ വാർഡ് തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു:

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| | 60 | 45 | 125 | 175 | 8 | 25 | 5 | 10 | 23 | 70 | 15 |

3. പഞ്ചായത്തിൻെറ റിസർവ് ബാങ്ക് സഹകരണ ബാങ്ക് ആയിരിക്കണം.

4. മറ്റുബാങ്കുകളുടെ പ്രാദേശിക നിക്ഷേപത്തിൻെറ അധികപങ്കും പഞ്ചായത്തിൻെറ വികസനത്തിനായി ഉപയോഗിക്കണം.

## സാധ്യതകൾ

1. 10-ാം വാർഡിലെ ഒടുവള്ളിത്തട്ടിൽ കോഴിവളർത്തൽ കേന്ദ്രത്തിനുവേണ്ടി ഏറ്റെടുത്ത 50സെൻറ് ഭൂമി പഞ്ചായത്തിൻേറതായിട്ടുണ്ട്. ആ സ്ഥലത്ത് ഒരു ബസ്സ്റ്റാൻറും വിദേശ മലയാളികളുടെ സാമ്പത്തിക സഹായത്തോടെ ഒരു ഷോപ്പിംഗ് കോംപ്ലക്സും പഞ്ചായത്ത് കമ്മ്യൂനിറ്റി ഹാളും നിർമ്മിക്കണം. അതുവഴി പഞ്ചായത്തിന് സാമ്പത്തിനേട്ടം ഉണ്ടാക്കാം. അതുപോലെ പെരുമ്പടവിലും ചപ്പാരപ്പടവിലും ബസ്സ്റ്റാണ്ട് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കാ നുളള സാധ്യകൾ കണ്ടത്തുക

2. ഉദ്ധതി ചെലവുകളുടെ അടങ്കൽ തുക പ്രാദേശിക വിഭവലഭ്യതയുടേയും തൊഴിൽ ചെലവിൻെറയും അടിസ്ഥാനത്തിൽ ജനകീയ കമ്മിറ്റികൾ തീരുമാനിക്കുക

3. മനുഷ്യവിഭവം-നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം അദ്ധ്വാനശേഷിയുളള മനുഷ്യരാണ്. ഈ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. സേവനങ്ങളിൽ പങ്കാളികളാകുന്നവർക്ക് പഞ്ചായത്ത് വേണ്ടരീതിയിലുളള പ്രോത്സാഹനവും അംഗീകാരവും നല്കേണ്ടതാണ്.

ഗവൺമെൻറിൻെറ ആനുകൂല്യങ്ങളേ ആശ്രയിക്കാതെ മനുഷ്യശേഷി ഉപയോഗിച്ച് അതാതുപ്രദേശങ്ങളിലെ വികസനപ്രവർത്തനങ്ങൾ നമുക്ക് പരിഹരിക്കാം. നവംബർ ഒന്നിന് പഞ്ചായത്തിൽ നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇതിന് ഉദാഹരണമാണ്. അതുപോലെതന്നെ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുമ്പോളും പുതുതായി റോഡുകൾ നിർമ്മിക്കുമ്പോഴും കളിസ്ഥലങ്ങൾ നിർമ്മിക്കുമ്പോഴും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും മനുഷ്യപ്രയത്നം ഉപയോഗപ്പെടുത്തണം.

4. സഹകരണ ബാങ്കുകളിൽ എൻ.ആർ.ഇ. എക്കൗണ്ടുകൾ ആരംഭിക്കാനുളള നടപടികൾ ആരംഭിക്കുക

5. പഞ്ചായത്തിലുളള പുറംപോക്കുഭൂമി അടിയന്തിരമായി നിർണ്ണയിക്കുകയും പ്രസ്തുത ഭൂമി കൈവശക്കാരനോമറ്റാളുകൾക്കോ വർഷം തോറും പാട്ടത്തിന് നൽകുകയും ചെയ്താൽ പഞ്ചായത്തിന് അധിക വരുമാനം ഉണ്ടാകും.

# ടൂറിസം

## പക്ഷി സങ്കേതം

ചപ്പാരപ്പടവ് പഞ്ചായത്തിലെ 11-ാം വാർഡിൽപെട്ട തടിക്കടവിൽ 7,8,11 എന്നീ വാർഡുകളിൽ സന്ധിക്കുന്ന പന്ത്രണ്ടാംചാൽ ന്ന സ്ഥലം ഒരു പക്ഷിസങ്കേതമാണ്. ഇത് പന്ത്രണ്ടേക്കറോളം വരും. മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഈ സ്ഥലം പ്രകൃതി മനോഹരമാണ്.

വില്യം ലോഗൻ ഇന്നത്തെ പുഴയെ(കുപ്പം പുഴ) തളിപ്പറമ്പ് പുഴയെന്ന് വിശേഷിപ്പിച്ചിരുന്നു. 1800കളിൽ ഈ കടലിനോടടുത്ത് വിദേശപക്ഷികൾ ധാരാളമായി വന്നുചേർന്നതാണ് 'മലബാർ മാനുവൽ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുയുട്ടണ്ട്. 200 കൊല്ലങ്ങൾക്ക് ശേഷം വില്യം ലോഗൻ രേഖപ്പെടുത്തിയ തരത്തിലുള്ള പക്ഷികളെ ചപ്പാരപ്പടവിലെ 110-ാം വിർഡിൽ തടിക്കടവിലുള്ള 'പന്ത്രണ്ടാംചാലിൽ' കാണാം. തളിപ്പറമ്പ് പുഴയുടെ കുറെകൂടി ഉള്ളിലേക്കുള്ള തീരത്താണ് തടിക്കടവെന്ന ഈ റോഡ് സ്ഥതിചെയ്യുന്നത്. മാത്രമല്ല, ആലക്കോട് പുഴ, രയരോം പുഴ എന്നീ പുഴകൾ തടിക്കടവിൽ സന്ധിക്കുന്നു.

പക്ഷിനിരീക്ഷണത്തിന് പറ്റിയ സ്ഥലവും, ചില അവസരത്തിൽ മലമ്പ്രാവുകൾ, പലതരം കിളികൾ ഇവിടെ ധാരാളമായി കാണാം. കൂടാതെ വപ്പാലുകൾ ഇവിടെ സ്ഥിരം പാർക്കുന്നുണ്ട്. പ്രത്യേ്ക തരം കുയിലുകൾ ഇവിടെ ധാരാളമായി കണ്ടുവരുന്നുണ്ട്. കുറെ കാലങ്ങൾക്ക് മുമ്പ് നിരവധി കുരങ്ങന്മാരും, വലിയതരം മലമ്പ്രാവും ഈ സ്ഥലത്ത് കണ്ടിരുന്നു. വിവിധതരം തേനീച്ചകളിപ്പോൾ ഇവിടെ കണ്ടുവരുന്നുണ്ട്. വനനിബിഡമായി നിലനിർത്തിക്കൊണ്ട് കൂടുതൽ പഠനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്.

വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന ഈ പ്രദേശമൊരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാൻ സാധിക്കും. കൂടാതെ ഈ പക്ഷി സങ്കേതത്തിന് ചുറ്റും ബോട്ട് സർവീസ് നടത്താൻ സാധിക്കും. കുപ്പംവഴി കൂവേരിക്കടവ് വരെ അടുത്തകാലത്ത് ബോട്ട് സർവീസ് ഉണ്ടായിരുന്നു. മലയോരം കുടിയേറ്റം മുഴുവൻ നടന്നത് 1953കൾക്ക് മുമ്പ് ഈ വഴിയാൽകൂടിയാണ്. ആ വഴികൂടി വികസിപ്പിച്ചെടുക്കാൻ ബോട്ട് സർവീസ് നടത്തുകയും, ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കുകയും ചെയ്യാം.

ചപ്പാരപ്പടവ്
പഞ്ചായത്തിൽ
സമ്പൂർണ മദ്യനിരോധം

ചപ്പാരപ്പടവ്: ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ സമ്പൂർണ മദ്യനിരോധനം നടപ്പാക്കാൻ പഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനിച്ചു. രണ്ടിനെതിരെ എട്ടു വോട്ടുകൾക്കാണ് ഇതുസംബന്ധിച്ച പ്രമേയം പഞ്ചായത്ത് അംഗീകരിച്ചത്. പ്രസിഡണ്ട് പി.പി. ബാലൻ മാസ്റ്റർ അധ്യക്ഷനായിരുന്നു. ... ത്തിൽ, എം. ലക്ഷ്മി, ടി.സി. സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. ... രൂപം നൽകാനും ... യോഗം തീരുമാനിച്ചു.



നഷ്ടമൊഴിവാക്കാൻ ബദൽ: കൂവേരി ജലപദ്ധതിക്കു റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിയാൻ നിർദേശിക്കപ്പെട്ട തേറണ്ടിക്കടവ്.

# പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതെ കൂവേരി പദ്ധതി

സ്വന്തം ലേഖകൻ

...വരി: തളിപ്പറമ്പ് നഗരസഭയിലെയും സമീപത്തെ അ...പഞ്ചായത്തുകളിലെയും ...ക്ഷാമത്തിനു ശാശ്വത പരിഹാരം കാണാൻ പര്യാപ്തമായ ...തിക്ക് ചപ്പാരപ്പടവ് പഞ്ചാ...ത് അധികൃതർ രൂപം നൽകി. ... നടപ്പായാൽ ചപ്പാരപ്പടവ് ...ചായത്തിലെ നിരവധി പ്രദേശങ്ങളിലെ യാത്രാക്ലേശ...ത്തിനും അറുതിയാകും.

കുപ്പം പുഴയിലെ തേറണ്ടി...ക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിച്ച് ഉപ്പു വെള്ളം കയറുന്നത് തടഞ്ഞു, നിർത്തു...ന്നതാണ് പദ്ധതിയുടെ പ്രഥമ ... റെഗുലേറ്ററിനടുത്ത കു...ന്നുകളിലാണ് ജലശുദ്ധീകരണശാല സ്ഥാപിക്കാനു... ...ന്നത്. കൂവേരി ശുദ്ധ...

വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന തളിപ്പറമ്പ് നഗരസഭയിലേക്കും സമീപ പഞ്ചായത്തുകളിലേക്കും വെള്ളമെത്തിക്കാൻ നാലു പതിറ്റാണ്ടു മുമ്പ് നിർദ്ദേശിക്കപ്പെട്ട ഉറൂട്ടേരി പദ്ധതി കുടിയേറ്റ ജനതയുടെ കനത്ത എതിർപ്പു മൂലം കടലാസിൽ തന്നെ ഒതുങ്ങുകയായിരുന്നു. പദ്ധതി നടപ്പിലാക്കുമ്പോൾ വിസ്തൃതമായ കൃഷിയിടങ്ങൾ മുങ്ങുമെന്നതായിരുന്നു എതിർപ്പിനു കാരണം.

എന്നാൽ പുതിയ പദ്ധതി നടപ്പാക്കിയാൽ ഉറൂട്ടേരി പദ്ധതി കൊണ്ടു ലക്ഷ്യമിട്ട ഗുണങ്ങൾ ലഭിക്കുമെന്നതും അതേ സമയം കൃഷി ഭൂമികൾ മുങ്ങില്ലെന്നതും ...യമാണ്.

...ട്ടുവം, പരിയാരം, കല്യാശ്ശേരി ... ചപ്പാരപ്പടവ്, കുറുമാത്തൂർ ... പഞ്ചായത്തുകൾക്ക് ... പ്ര...യോജനപ്പെടും.

തേറണ്ടി, പൂണംകോട്, തോട്ടിക്കീൽ, അലത്തട്ട്, പറവൂർ, കൊട്ടക്കാനം, ചെറിയൂർ പ്രദേശങ്ങളിലെ യാത്രാക്ലേശത്തിനും പദ്ധതി നടപ്പായാൽ അറുതിവരും.

പരിയാരം മെഡിക്കൽ കോളജ്, ഏഴിമല നാവിക അക്കാദമി എന്നിവ പൂർണ തോതിൽ പ്രവർത്തിച്ചു തുടങ്ങുമ്പോഴുണ്ടാവുന്ന വർധിച്ച ശുദ്ധജല ആവശ്യവും പദ്ധതി നടപ്പാക്കിയാൽ പരിഹരിക്കാമെന്ന് ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡന്റ് പി.പി. ബാലൻ പറഞ്ഞു. ജലസേചന മന്ത്രി ബേബി ജോണിനു സമർപ്പിച്ച പദ്ധതി രൂപരേഖയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച് അന്വേഷണം നടത്താമെന്ന് മന്ത്രി, പഞ്ചായത്ത് പ്രസിഡന്റിന് ഉറപ്പു നൽകിയിരിക്കയാണ്.

## നിർമാണ പ്രവർത്തനങ്ങൾ നടത്തും

തളിപ്പറമ്പ്: ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് നവംബർ 1 മുതൽ വിവിധ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പ്രസിഡന്റ് പി.പി. ബാലൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ചേർന്ന പഞ്ചായത്ത് സമിതി യോഗം തീരുമാനിച്ചു. കൂവേരി പുഴയ്ക്ക് തേറണ്ടികടവിന് നടപ്പാലം, ഗവ. ആസ്പത്രിക്ക് ലഭിച്ച സ്ഥലത്ത് നിർമാണ പ്രവർത്തനം, കൂവേരി ഗവ. എൽ.പി. സ്കൂൾ, കരിങ്കയം എൽ.പി., തടിക്കടവ് യു.പി. എന്നിവ സ്കൂൾ ഗ്രൗണ്ട് നിർമാണം, തലവ്-എരുവാട്ടി, അമ്പലനട-പടപ്പേങ്ങാട്, അമ്മംകുളം-മംഗര, പുറത്തൊട്ടി-തിരിക്കൽ എന്നീ റോഡുകളുടെ പുനരുദ്ധാരണം, വായാട്ടുപറമ്പ് അങ്കണവാടി മതിൽ നിർമാണം തുടങ്ങിയ പ്രവർത്തനങ്ങൾ നാട്ടുകാരുടെ സഹകരണത്തോടെ ഏറ്റെടുത്തു നടത്തുന്നതിന് വിപുലമായ സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്.

## ഫുട്ബോൾ: മത്സരം സമനിലയിൽ

കണ്ണൂർ: സീനിയർ ഡിവിഷൻ ...ബാൾ ടൂർണമെന്റിൽ ... ടൗൺ ക്ലബ്ബും ജിംഖാ...

...ധികം ദൂര... ...കീറുകയോ... ...ൽ ഡ്യൂപ്ലി... ...റ്റ് വിലയുടെ ... 10% മാത്രമേ...

...ക്കു മാത്രം റി...കയും ചിലർ ...ആകുന്നപക്ഷം ...ൻസൽ ചെയ്യു... റീഫണ്ട് ലഭി...റപ്പെടുന്ന സ്റ്റേ...ന്യാൻസൽ ചെയ്യു...ന്നതിനു നാലു ...ട്രെയിൻ വിട്ടു മൂ... ...പ്പും ആയിരിക്ക...

...സ്റ്റേഷനുകളിലെ ...ാർക്ക് ഉപയോഗി... ...തോ ആയ ടിക്കറ്റ് ... കഴിഞ്ഞും പണം ... അധികാരം നൽ...

...ാതകം: ...ം 20 ...ക്ഷൻ